NERVEEDHI
Volume -13, Issue - 03, 10th March 2024, Monthly, Price ₹ 25, Published at Kottayam
വാല്യം-13, ലക്കം-03, മാർച്ച് 2024 - പ്രതിമാസം - വില ₹ 25 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി



## സൂക്ഷിച്ചാൽ ദു:ഖിക്കേണ്ട

പേജ് 13

Editorial

# ചിന്താക്കുഴപ്പത്തെ മറികടക്കുക...

ഏദൻതോട്ടത്തിൽ കടന്ന പിശാച് ദൈവം കല്പിച്ചതിനു നേരെ വിപരീതമായ നിർദ്ദേശങ്ങൾ മനുഷ്യന് നൽകുകയും തൽഫലമായി അവൻ ചിന്താക്കുഴപ്പത്തിലാവുകയും ചെയ്തു. വിലക്കപ്പെട്ട കനി 'തിന്നുന്ന നാളിൽ നീ മരിക്കും' എന്ന് ദൈവം കല്പിച്ചപ്പോൾ 'നീ മരിക്കുകയില്ല നിശ്ചയം' എന്ന് പിശാച് പറഞ്ഞു ആദം ഹവ്വമാരെ ആശയക്കുഴപ്പത്തിലാക്കി. ദൈവം പറഞ്ഞത് വിശ്വസിച്ചു മുറുകെപ്പിടിച്ചിരുന്നു എങ്കിൽ ആശയക്കുഴപ്പമോ അനുസരണക്കേടോ സംഭവിക്കുക ഇല്ലായിരുന്നു. പരസ്പരവിരുദ്ധമായ ചിന്തകൾ അന്നെന്ന പോലെ ഇന്നും മനുഷ്യമനസുകളിൽ തുടരുകയാണ്. ഏദനിൽ ഉണ്ടായ ആശയക്കുഴപ്പത്തെത്തുടർന്നു പിശാചിനെ അനുസരിച്ചപ്പോൾ ദൈവത്തോടുള്ള അനുസരണക്കേടായി മാറി എന്നതാണ് ആദ്യപാപം. അതായത് പിശാചിന്റെ വാക്കു ശ്രദ്ധിച്ചതിനാൽ ദൈവത്തിന്റെ വാക്കു അനുസരിക്കുവാൻ കഴിയാതെ പോയി. ഈ പാപത്തെ തിരുത്തുവാൻ നാം മന:പ്പൂർവ്വമായി ദൈവത്തിന്റെ വചനം കേട്ടു, വിശ്വസിച്ചു, അനുസരിക്കുക മാത്രമാണ് ഏകവഴി. അതോടെ പിശാചിനെ ഉപേക്ഷിക്കുക എന്നതിന്റെ തുടക്കമായി.

ഇത് വ്യക്തമായി ജനത്തെ പഠിപ്പിക്കുവാനും നാശപാതയിൽ നിന്നും വീണ്ടെടുക്കുവാനുമാണ് യേശുകർത്താവ് മനുഷ്യജന്മമെടുത്തു ഭൂമിയിലേക്ക് വന്നത്. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുക എന്നതായിരുന്നു തന്റെ ആദ്യസന്ദേശം. കേൾക്കുന്ന ദൈവവചനം വിശ്വസിച്ചു ആത്മാവിലുണ്ടാകുന്ന രൂപാന്തരത്തിന്റെ തുടക്കമായാണ് വചനത്താലും ആത്മാവിനാലും വീണ്ടും ജനിക്കേണ്ടതു. മാനസാന്തരത്തിനു ഒരു തുടക്കവും തുടർച്ചയും ഒടുക്കവും ഉണ്ട്. ജനിക്കുന്ന ഒരു ശിശു പൂർണ്ണവളർച്ചയിലെത്തുന്നതുപോലെ മാനസാന്തരപ്പെടുന്ന ഓരോ വ്യക്തിയും 'ക്രിസ്തുവിന്റെ തലയോളം വളരേണ്ടതുണ്ട്'. ഇതാണ് ക്രിസ്തീയതയുടെ അന്ത:സത്ത.

ദൈവരാജ്യത്തിൽ എത്തിക്കുവാൻ കഴിയുമെന്ന് താൻ വിശ്വസിച്ച യഹൂദ മതത്തിലായിരുന്നു നിക്കോദേമോസ് ജനിച്ചതും വളർന്നതും പഠിച്ചതുമെല്ലാം. അക്കാലത്തുണ്ടായിരുന്ന എല്ലാ മതങ്ങളെക്കാളും ഏകസത്യദൈവ വിശ്വാസവും ഉയർന്ന ധാർമ്മികമൂല്യങ്ങളും അവർ പഠിപ്പിച്ചിരുന്നു. സന്മാർഗിക ജീവിതത്തിന്റെയും സൽപ്രവർത്തികളുടെയും അടിസ്ഥാനത്തിൽ ദൈവരാജ്യപ്രവേശനം സാധ്യമാണെന്ന തന്റെ ചിന്തകളാണ് 'പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണുവാൻ കഴിയുകയില്ല' എന്നുള്ള യേശുവിന്റെ വാക്കുകൾക്കു മുമ്പിൽ നിലംപൊത്തിയത്.

യേശുവിന്റെ വാക്കുകൾ ഉൾക്കൊള്ളുവാൻ വിഷമതയേറിയതായിരുന്നിട്ടും ആ വിഷയത്തിൽ തർക്കിക്കുവാൻ അദ്ദേഹം തയ്യാറായില്ല. എന്തുകൊണ്ട് എന്ന് ചോദിക്കാതെ എങ്ങനെ എന്ന് ചോദിക്കുവാൻ താൻ മനസ്സ് വച്ചു. ഒരു മനുഷ്യൻ വൃദ്ധനായ ശേഷം വീണ്ടും ജനിക്കുന്നതെങ്ങനെ എന്ന ചിന്താക്കുഴപ്പമാണ് അപ്പോഴദ്ദേഹം നേരിട്ടത്. ഈ ചിന്താക്കുഴപ്പം ഇന്നും അനേകരെ വലയ്ക്കുന്നു. ഇക്കാര്യത്തിൽ യേശുകർത്താവിന്റെ വ്യക്തമായ ഒരു വിശദീകരണമാണ് ഈ ലക്കത്തിലെ സന്ദേശത്തിന്റെ പ്രതിപാദ്യം.

തുടർന്നുള്ള എല്ലാ ലേഖനങ്ങളും ആത്മപ്രേരിതവും ചിന്തോദ്ദീപകവുമാണ്. കർത്താവിന്റെ രണ്ടാം വരവ് വളരെ ആസന്നമായിരിക്കുന്നു. നശിച്ചു പോകുന്ന ലൗകികസംവിധാനങ്ങളുടെ പിറകെ പായാതെ, നിലനിൽക്കുന്ന അനന്തനിത്യതയെ ലാക്കാക്കി പരമവിളിയുടെ വിരുതിലേക്കു ഓടുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

പുസ്തകം 13 ലക്കം 3
മാർച്ച് 2024

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**അത്യത്യാവശ്യമായ ആത്മീയാനുഭവം...** 4
ജോയ് എം. തോമസ്

**അഭ്യസനവും അനിവാര്യം......** 7
സാജു മാത്യു

**ക്രിസ്തു മോശെയെക്കാൾ വലിയവൻ** 9
ചെയ്സ് ജോസഫ്

**മോശെയുടെ പഞ്ചഗ്രന്ഥങ്ങൾ** 12

**സൂക്ഷിച്ചാൽ ദു:ഖിക്കേണ്ട** 13
ജോർജ് മാത്യു, പുതുപ്പള്ളി

**ഗാനപശ്ചാത്തലം** 15

**കൗൺസലിംഗ് വീഥി** 16
ഡോ. സുജിത്ത് സൈമൺ

**നുറുക്കമുള്ള ഒരു ഹൃദയം** 18
വാച്ച്മാൻ നീ

**മൂത്തപുത്ര മന:സ്ഥിതി...** 21
സുജ വിനു

**വനിതാ വീഥി** 23

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വാർത്താ വീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി

സന്ദേശം



# അത്യത്യാവശ്യമായ ആത്മീയാനുഭവം

ആത്മീയ കാര്യങ്ങളിലും മിഥ്യാധാരണകൾ ഹൃദയത്തിൽ സൂക്ഷിക്കുന്നവരാണ് അനേകർ. സ്വർഗ്ഗത്തിൽ പോകുവാനാണ് എല്ലാവരും ആഗ്രഹിക്കുന്നത്. നരകം എല്ലാവരും ഭയപ്പെടുന്ന യാഥാർത്ഥ്യമാണ്. ദൈവത്തെ നിഷേധിക്കുകയും സ്വർഗ്ഗനരകങ്ങൾ ഇല്ല എന്നു വാദിക്കുകയും ചെയ്യുന്നവർ മാത്രമാണ് ഈ യാഥാർത്ഥ്യത്തിനെതിരെ കണ്ണടയ്ക്കുന്നത്. നരകത്തെ ഭയപ്പെട്ടതുകൊണ്ട് ആർക്കും അതിൽ നിന്ന് വിടുതൽ ഉണ്ടാകുന്നില്ല, സ്വർഗ്ഗം ഇഷ്ടപ്പെട്ടതു കൊണ്ടുമാത്രം അവിടെ പോകുവാനും ആരും യോഗ്യരാകുന്നില്ല. സ്വർഗ്ഗം ഇഷ്ടപ്പെടുന്നു എങ്കിൽ അവിടേക്ക് പോകുന്ന വഴി തെരഞ്ഞെടുത്ത് യാത്ര ചെയ്യണം.

പിശാച് തന്ത്രപൂർവ്വം ആണല്ലോ മനുഷ്യനെ വഴിതെറ്റിക്കുന്നത്. സ്വർഗ്ഗം പ്രാപിക്കുവാനുള്ള യഥാർത്ഥ വഴിയെ മറയ്ക്കുന്നതിനു, തെറ്റായ വഴികളും ധാരണകളും മനുഷ്യന്റെ ചിന്തയിലും വിശ്വാസത്തിലും ഉറപ്പിക്കുക എന്നതാണ് പിശാചിന്റെ തന്ത്രം. സത്യം അറിയുന്നതിനു ആഗ്രഹിക്കുന്നവരും സത്യം അന്വേഷിക്കുന്നവരും തുലോം കുറവായിക്കൊണ്ടിരിക്കുന്നു. ബൈബിൾ വിശ്വസിക്കുന്നു എന്നവകാശപ്പെടുന്ന ക്രിസ്ത്യാനികളിൽ പലരും യേശുക്രിസ്തു അരുളിച്ചെയ്തിരിക്കുന്ന അവിടുത്തെ വചനങ്ങൾ ശ്രദ്ധിക്കുന്നില്ല. സത്യം അറിയുവാനുള്ള തുറന്നതും സ്വതന്ത്രമായതുമായ മനസ്സോടെ തിരുവചനം വായിക്കുകയും ധ്യാനിക്കുകയും ചെയ്യണം. എങ്കിൽ മാത്രമേ മിഥ്യാധാരണകൾ മാറി സത്യവിശ്വാസത്തിൽ വളരുവാൻ കഴിയുകയുള്ളൂ.

യേശുകർത്താവ് നിക്കോദേമോസിനോട് സംസാരിക്കുന്ന ഭാഗങ്ങൾ വളരെ പ്രസക്തമായതാണ്. 'വീണ്ടുംജനനം' എന്ന അത്യാവശ്യമായ ആത്മീയ അനുഭവത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. 'വീണ്ടുംജനനം' കൂടാതെ ആർക്കും ദൈവരാജ്യത്തിൽ കടക്കുവാനോ, കാണുവാനോ കഴിയുകയില്ല എന്ന് സർവ്വാധികാരിയായ കർത്താവ് തീർത്തുപറഞ്ഞു(യോഹന്നാൻ3:3,5). അതുകൊണ്ട് വീണ്ടുംജനനം ഒഴിവാക്കി ഒരു ക്രിസ്ത്യാനിയായി ജീവിക്കാം എന്നു ആരും ചിന്തിക്കേണ്ടതില്ല.

വീണ്ടുംജനനം എന്നത് ഒരു തർക്കവിഷയം അല്ല. എന്നാൽ വീണ്ടുംജനനം എങ്ങനെ സംഭവിക്കുന്നു എന്നതിൽ ആണ് വ്യത്യസ്ത അഭിപ്രായങ്ങളും വിശ്വാസങ്ങളും നിലനിൽക്കുന്നത്. നിക്കോദേമോസിനു ഗ്രഹിക്കുവാൻ ബുദ്ധിമുട്ടുള്ള ഒന്നായിരുന്നു വീണ്ടുംജനനം. നിക്കോദേമോസ് തന്റെ സംശയങ്ങൾ തുറന്നു ചോദിച്ചതുകൊണ്ട് കർത്താവ് വ്യക്തമായ വിശദീകരണം നൽകി.

'രണ്ടാമതും അമ്മയുടെ ഉദരത്തിൽ കടന്ന് ജനിക്കാമോ' (യോഹന്നാൻ 3:4) എന്നതാണ് നിക്കോദേമോസിന്റെ ചോദ്യം. അമ്മയുടെ ഉദരത്തിൽ നിന്നുള്ള മനുഷ്യന്റെ സ്വാഭാവികമായ ജനനത്തെക്കുറിച്ച് മാത്രമാണ് നിക്കോദേമോസ് ചിന്തിക്കുന്നത്. എന്നാൽ കർത്താവ് പറഞ്ഞത് ഒരു ആത്മീകജനനത്തെക്കുറിച്ച് ആയിരുന്നു. കർത്താവിന്റെ വാക്കുകൾ ശ്രദ്ധിക്കുക: 'ജഡത്താൽ ജനിച്ചത് ജഡം ആകുന്നു, ആത്മാവിനാൽ ജനിച്ചത് ആത്മാവ് ആകുന്നു' (യോഹന്നാൻ3:6). അമ്മയുടെ ഉദരത്തിൽ ഉരുവായി, അമ്മ പ്രസവിച്ചിട്ട് ഭൂമിയിൽ പിറന്നത് ജഡത്താലുള്ള ജനനമാണ്. ജനിച്ച മനുഷ്യൻ നിർജീവമായ ഒരു ആത്മാവിന് ഉടമയായ ജഡം മാത്രമാണ്. അതുകൊണ്ടാണ് ദാവീദ് പറയുന്നത്:'ഇതാ, ഞാൻ അകൃത്യത്തിൽ ഉരുവായി, പാപത്തിൽ

എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു' (സങ്കീർത്തനം 51:5). ഈ മനുഷ്യൻ പാപിയാണ്, ജഡമയൻ! അവൻ ദൈവരാജ്യത്തിൽ പ്രവേശിക്കുവാൻ അയോഗ്യനാണ്. പൗലോസിൽ കൂടി പരിശുദ്ധാത്മാവ് ഇപ്രകാരം കുറിപ്പിച്ചിരിക്കുന്നു. 'സഹോദരന്മാരേ, മാംസരക്തങ്ങൾക്കു ദൈവരാജ്യത്തെ അവകാശമാക്കുവാൻ കഴികയില്ല, ദ്രവത്വം അദ്രവത്വത്തെ അവകാശമാക്കുകയുമില്ല എന്നു ഞാൻ പറയുന്നു'(1 കൊരിന്ത്യർ 15:50). അതുകൊണ്ട് ആത്മാവിനാലുള്ള ജനനം, അതായത് വീണ്ടുംജനനം ഓരോരുത്തർക്കും അത്യാവശ്യമാണ്.

വീണ്ടുംജനിക്കുക എന്നത് ഓരോരുത്തരുടെയും അവകാശവും തെരഞ്ഞെടുപ്പുമാണ് എന്നു യോഹന്നാന്റെ ഒന്നാം അധ്യായത്തിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. 'അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു. അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലല്ല, പുരുഷന്റെ ഇഷ്ടത്താലുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്'(1 യോഹന്നാൻ 1:12,13). അത് ക്രിസ്തുവിനെ വിശ്വസിച്ച് കൈക്കൊള്ളുന്നതിനാൽ നമ്മിൽ സംഭവിക്കുന്ന ആത്മീയ അനുഭവമാണ്. അമ്മയുടെ ഉദരത്തിൽ ഉരുവായതു നമ്മുടെ തെരഞ്ഞെടുപ്പ് ആയിരുന്നില്ല. എന്നാൽ വീണ്ടും ജനിക്കുക എന്നത് ഓരോരുത്തരുടെയും തെരഞ്ഞെടുപ്പാണ്. അതുകൊണ്ട് നിക്കോദേമോസിനെ നോക്കി കർത്താവ് തീർത്തു പറഞ്ഞു:'യേശു അവനോട്: ആമേൻ, ആമേൻ, ഞാൻ നിന്നോടുപറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാൺമാൻ ആർക്കും കഴികയില്ല' (യോഹന്നാൻ3:3).

വീണ്ടുംജനനത്തെക്കുറിച്ച് കർത്താവ് വിശദീകരിക്കുമ്പോൾ 'വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ' (യോഹന്നാൻ3:5) എന്ന് എടുത്തു പറയുന്നു. ഇതിനെക്കുറിച്ച് വ്യത്യസ്ത ചിന്തകൾ വിശ്വാസികൾക്കിടയിൽ ഉണ്ട്. മാമോദീസ അഥവാ ജ്ഞാനസ്നാനത്താൽ വീണ്ടുംജനനം സംഭവിക്കുന്നു എന്ന് വളരെ പേർ വിശ്വസിക്കുന്നു. യഥാർത്ഥത്തിൽ സ്നാനവും (മാമോദിസ) വീണ്ടുംജനനവും തമ്മിൽ ബന്ധിക്കപ്പെട്ടിരിക്കുന്നുവോ?

വീണ്ടുംജനനം എന്നത് വിശദീകരിക്കുവാൻ കഴിയാത്ത ആത്മീയ അനുഭവം എന്നാണ് കർത്താവ് നിക്കോദേമോസിനോട് വ്യക്തമാക്കിയത്. അതിനെക്കുറിച്ച് കർത്താവ് പറഞ്ഞത് ഇപ്രകാരം ആയിരുന്നു. 'കാറ്റ് ഇഷ്ടമുള്ളേടത്ത് ഊതുന്നു; അതിന്റെ ശബ്ദം നീ കേൾക്കുന്നു; എങ്കിലും അത് എവിടെനിന്നു വരുന്നു എന്നും എവിടേക്കു പോകുന്നു എന്നും അറിയുന്നില്ല; ആത്മാവിനാൽ ജനിച്ചവൻ എല്ലാം അതുപോലെ ആകുന്നു' (യോഹന്നാൻ 3:8) ഈ വാക്യത്തിന്റെ ഒരു ഇംഗ്ലീഷ് പരിഭാഷ ഇപ്രകാരമാണ്. ***The wind blows wherever it wants. Just as you can hear the wind but can't tell where it comes from or where it is going, so you can't explain how people are born of the spirit (NLT).*** ഇതിന്റെ മലയാളം പരിഭാഷ 'കാറ്റ് അതിന് ഇഷ്ടമുള്ള ഇടത്തേക്ക് എല്ലാം ഊതുന്നു. അതിന്റെ ശബ്ദം കേൾക്കുവാൻ കഴിയുമെങ്കിലും കാറ്റ് എവിടെ നിന്ന് വന്നു എവിടേക്ക് പോകുന്നു എന്ന് പറയുവാൻ കഴിയാത്തത് പോലെ, എങ്ങനെയാണ് ആളുകൾ ആത്മാവിനാൽ ജനിച്ചിരിക്കുന്നതെന്ന് നിനക്ക് വിശദീകരിക്കുവാൻ കഴിയുകയില്ല'. കർത്താവ് അരുളിച്ചെയ്ത ഈ വചനത്തിൽ നിന്നും നാം ഗ്രഹിക്കേണ്ടത് എങ്ങനെ ആണ്? വസ്തുനിഷ്ഠമായി വീണ്ടുംജനനത്തെയോ, വീണ്ടും ജനനാനുഭവം പ്രാപിച്ചവരെയോ നമുക്ക് വിശദീകരിക്കുവാൻ കഴിയുകയില്ല എന്നല്ലേ? ഇതൊരു ആത്മിക അനുഭവമാണ്. ദൈവവുമായുള്ള ബന്ധം പുന:സ്ഥാപിക്കപ്പെടുന്നതിനാൽ നിർജീവമായിരുന്ന ആത്മാവ് പരിശുദ്ധാത്മാവിനാൽ ജീവൻ പ്രാപിക്കുന്ന ഒരു അനുഭവം! പൗലോസ് അപ്പോസ്തലൻ ഇങ്ങനെ കുറിക്കുന്നു: 'കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടുകൂടെ ജീവിപ്പിക്കയും,കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു.ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ടതിന് ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേല്പിച്ചു സ്വർഗത്തിൽ ഇരുത്തുകയും ചെയ്തു' (എഫെസ്യർ 2: 4-7). ആത്മാവിൽ നടക്കുന്ന ഒരു പുനരുത്ഥാന അനുഭവം!

വീണ്ടുംജനനം എന്താണ് എന്ന് നിക്കോദേമോസ് ഏറെക്കുറെ മനസ്സിലാക്കി എന്ന് കരുതാം. അദ്ദേഹത്തിന്റെ അടുത്ത ചോദ്യം 'ഇത് എങ്ങനെ സംഭവിക്കും' എന്നാണ്. കർത്താവ് അത് വിശദമാക്കുവാൻ ഇസ്രായേലിന് മരുഭൂയാത്രയിൽ നടന്ന ഒരു സംഭവത്തിലേക്ക് വിരൽ ചൂണ്ടി

യാണ് സംസാരിക്കുന്നത്. അഗ്നിസർപ്പത്തിന്റെ കടിയേറ്റ് ഇസ്രായേൽമക്കൾ മരിച്ചു വീഴുമ്പോൾ അവർ നിലവിളിച്ചു. ദൈവം മോശെയ്ക്ക് ഒരു പരിഹാരം നിർദ്ദേശിച്ചു. ഒരു താമ്രസർപ്പത്തെ കൊടിമരത്തിലുയർത്തുക. ദൈവം പറഞ്ഞത് വിശ്വസിച്ച് താമ്രസർപ്പത്തെ നോക്കിയവർ, മരിക്കാതെ രക്ഷ പ്രാപിച്ചു. കർത്താവ് തുടർന്നു: ഇതുപോലെ മനുഷ്യപുത്രൻ ക്രൂശിലുയർത്തപ്പെടും. അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ പ്രാപിക്കും.

ജീവന്റെ വ്യാപാരമാണ് ജനനം. അമ്മയുടെ ഉദരത്തിൽ ഉരുവാകുമ്പോൾ ജീവൻ ഉണ്ടാകുന്നു. 9 മാസത്തെ വളർച്ചയാൽ ഒരു ശിശുവായി രൂപം പ്രാപിച്ച് ഭൂമിയിലേക്ക് പിറക്കുന്നു. ജീവനുള്ള ഒരു കുഞ്ഞിന് മാത്രമേ ഭൂമിയിൽ വളരുവാനും പാർക്കുവാനും കഴിയുകയുള്ളൂ. എന്നാൽ ഇത് വെറും മാംസത്തിൽ (ജഡത്തിൽ) ഉള്ള ജീവനാണ്. അത് പരിമിതമായ സമയത്തേക്ക് മാത്രം നിലനിൽക്കുന്നു. ഈ ഭൂമിയിൽ പിറക്കുന്നവരെല്ലാം ഒരിക്കൽ ***മരിക്കുവാൻ ജനിക്കുന്നവരാണ്.*** എന്നാൽ വീണ്ടുംജനനത്താൽ പ്രാപിക്കുന്നത് നിത്യജീവനാണ്. അവർ നിത്യമായി ***ജീവിക്കുവാൻ ജനിച്ചവരാണ്.*** അത് ആത്മാവിൽ പ്രാപിക്കുന്നതാണ്. ദൈവത്തോടു കൂടി എന്നും ജീവിക്കുവാനുള്ളതാണ് നിത്യജീവൻ! ഇത് പരിശുദ്ധാത്മാവിനാൽ മാത്രം സംഭവിക്കുന്നതാണ്. മരത്തിന്മേൽ ഉയർത്തപ്പെട്ട ക്രിസ്തുവിങ്കലേക്ക് നോക്കി, അഥവാ നമ്മുടെ പകരക്കാരനായി നമ്മുടെ പാപത്തിന് പ്രായശ്ചിത്തമായി മരിച്ച ക്രിസ്തുവിങ്കലേക്ക് നോക്കി, തന്നിൽ വിശ്വസിച്ച് തന്റെ മരണത്താൽ നമുക്ക് സൗജന്യമായി നൽകുന്ന പാപമോചനം വിശ്വാസത്താൽ സ്വീകരിക്കുമ്പോൾ ആ വ്യക്തിയിൽ പരിശുദ്ധാത്മാവ് ചെയ്യുന്ന മഹൽപ്രവർത്തിയാണ് വീണ്ടുംജനനം.

ക്രിസ്തുവിനെ കുറിച്ച് കേൾക്കുന്നതും അറിയുന്നതും ആണ് ഒരാൾ ക്രിസ്തുവിൽ വിശ്വസിക്കുന്നതിന് കാരണമാകുന്നത്. അത് സുവിശേഷം കേൾക്കുന്നതിനാലാണ്. അതുകൊണ്ടാണ് പൗലോസ് കൊരിന്തിലെ വിശ്വാസികളോട്: 'ഞാനല്ലോ നിങ്ങളെ സുവിശേഷത്താൽ ജനിപ്പിച്ചത്' എന്ന് പറയുന്നത്. അപ്പോസ്തലനായ പത്രോസും, 'കെടുന്ന ബീജത്താൽ അല്ല കെടാത്തതിനാൽ ജീവൻ ഉള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ തന്നെ നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു'(1 പത്രോസ് 1:23) എന്ന് പറഞ്ഞിരിക്കുന്നു.

സുവിശേഷം അഥവാ ക്രിസ്തുവിന്റെ വചനം ഒരുവൻ കൈക്കൊള്ളുമ്പോൾ ക്രിസ്തുവിനെയാണ് കൈക്കൊള്ളുന്നത്. ക്രിസ്തു ഏകരക്ഷകനും കർത്താവും എന്ന് വിശ്വസിച്ച് ഇനിയുള്ള നാളുകൾ കർത്താവിനായി ജീവിക്കുവാൻ ഒരുവൻ തീരുമാനിക്കുമ്പോൾ ആ വ്യക്തിയിൽ ഒരു ശുദ്ധീകരണം (കഴുകൽ) നടക്കുകയാണ്. തന്റെ ഉള്ളിൽ നിന്നും സാത്താനെ ഒഴിപ്പിക്കുന്നു, ലോകത്തെയും ജഡമോഹങ്ങളെയും ഒഴിപ്പിക്കുന്നു. അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഉപേക്ഷിക്കുന്നു. പാപപ്രവർത്തികളെക്കുറിച്ച് പശ്ചാത്തപിച്ച് മാനസാന്തരപ്പെടുന്നു. ഇപ്രകാരം വചനത്താൽ ഒരു കഴുകൽ പ്രാപിക്കുന്നു. ഇങ്ങനെ വെള്ളത്താലും, (വചനത്താൽ ഉള്ള കഴുകൽ അഥവാ ശുദ്ധീകരണം) പരിശുദ്ധാത്മാവിനാലും ഒരു വ്യക്തിയുടെ ഉള്ളിൽ ആത്മാവിനാൽ വീണ്ടുംജനനം നടക്കുന്നു.

ദൈവവചനം ശുദ്ധി ചെയ്യുന്നതാണ് എന്ന് കർത്താവിന്റെ വാക്കുകൾ തന്നെ വ്യക്തമാക്കുന്നു. ഞാൻ നിങ്ങളോടു സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു (യോഹന്നാൻ 15:3). 'സത്യത്താൽ അവരെ വിശുദ്ധീകരിക്കേണമേ; നിന്റെ വചനം സത്യം ആകുന്നു'.(യോഹന്നാൻ 17:17). നമ്മുടെ ചിന്താമണ്ഡലവും വികാരവിചാരങ്ങളും മനസ്സാക്ഷിയും എല്ലാം ശുദ്ധീകരിക്കപ്പെടണം. ദൈവവചനം വിശ്വസിച്ച് കൈക്കൊണ്ടു അനുസരിക്കുമ്പോഴാണ് ഈ ശുദ്ധീകരണം നടക്കുന്നത്.

വീണ്ടുംജനനം പ്രാപിച്ച ഓരോരുത്തർക്കും ഉള്ളിൽ നന്നായി അറിയുവാൻ കഴിയുന്ന, അനുഭവിക്കുവാൻ കഴിയുന്ന യാഥാർത്ഥ്യമാണ് ഇത്. യേശു ദൈവപുത്രനാണ് എന്ന വിശ്വാസം അവരിൽ രൂഢമൂലം ആണ് (1 യോഹന്നാൻ5:1). ദൈവസ്നേഹം അവർക്ക് അനുഭവിക്കുവാൻ കഴിയുന്നു. തൽഫലമായി സഹോദരസ്നേഹം അവരിലുടലെടുക്കുന്നു. ദൈവത്തെ സ്നേഹിക്കുകയും ദൈവത്തിൽ നിന്ന് ജനിച്ചിരിക്കുന്ന തങ്ങളുടെ സഹോദരങ്ങളെ സ്നേഹിക്കുകയും ചെയ്യുന്നു (1 യോഹന്നാൻ 5:1).

ദൈവത്തെയും മറ്റുള്ളവരെയും സ്നേഹിക്കുവാൻ കഴിയുന്ന ഒരു വ്യക്തിയുടെ ജീവിതരൂപാന്തരത്തിന്റെ കഥയാണ് വീണ്ടുംജനിച്ചതിന്റെ ഏറ്റവും വ്യക്തവും തിട്ടവും ആയ തെളിവ്. •



സാജു മാത്യു

# അഭ്യസനവും അനിവാര്യം...!

***'എന്നാൽ യെഹൂദന് എന്തു വിശേഷത?...ദൈവത്തിന്റെ അരുളപ്പാടുകൾ അവരുടെ പക്കൽ സമർപ്പിച്ചിരിക്കുന്നതു തന്നെ!' (റോമർ: 3:1,2)***

"ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ചുവളർത്തപ്പെടാൻ കർത്താവു കൃപചെയ്തു..." എന്നൊക്കെ ചിലർ സാക്ഷിപറയുമ്പോൾ ഞാൻ ഓർക്കാറുണ്ട്: എന്താണ് ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു വളർത്തപ്പെടുന്നതിൽ ഇത്ര വലിയ ഭാഗ്യം? ക്രിസ്ത്യാനിയായോ ഹിന്ദുവായോ മുസ്ലീമായോ സിക്കുകാരനായോ... ഏതു മതക്കാരനായി ജനിച്ചാലും ലോകത്തിലേക്കു പിറന്നുവീഴുന്ന കുഞ്ഞുങ്ങളെല്ലാം വീണുപോയ മനുഷ്യന്റെ - ആദാമിന്റെ- പാപപ്രകൃതിയോടെ ജനിക്കുന്നു; പാപത്തിൽ ജീവിക്കുന്നു; യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെടുന്നില്ലെങ്കിൽ പാപത്തിൽ മരിക്കുന്നു! ക്രിസ്തീയ കുടുംബത്തിൽ ജനിക്കുന്ന കുട്ടികൾക്കു പാപത്തിൽ നിന്ന്-പ്രലോഭനങ്ങളിൽ നിന്നുപോലുമോ-പ്രത്യേക പ്രൊട്ടക്ഷൻ ഒന്നും ലഭിക്കുന്നില്ലല്ലോ! ആത്മികമായി വീക്ഷിച്ചാൽ ലോകത്തിലെവിടെ ഏതു കുടുംബപശ്ചാത്തലത്തിൽ ജനിച്ചാലും കുഞ്ഞുങ്ങളെല്ലാം ഒരുപോലെയേയുള്ളൂ...

ഉദാഹരണത്തിന് അപ്പനും അമ്മയും അവരുടെ മാതാപിതാക്കളും ഒരുപക്ഷെ ഡോക്ടർമാർ ആയിരിക്കാം. അത്തരം ഒരു കുടുംബത്തിൽ ജനിക്കുന്ന കുട്ടി ജനനം കൊണ്ട് ഡോക്ടർ ആകുമോ? തീർച്ചയായും ഇല്ല. ആ കുട്ടി വളർന്നു വരുമ്പോൾ അവൻ താല്പര്യപ്പെട്ടു തീരുമാനിച്ചു മെഡിക്കൽ കോളേജിൽ പഠിച്ചു എങ്കിൽ മാത്രമേ അവനൊരു ഡോക്ടർ ആവുകയുള്ളൂ. പാപത്തിൽ നിന്നുള്ള മോചനം ഒരു യാഥാർഥ്യമാകണമെങ്കിൽ ക്രിസ്തീയകുടുംബത്തിൽ ജനിച്ചവരുൾപ്പെടെ ഏതു വ്യക്തിയും യേശുക്രിസ്തുവിന്റെ രക്തത്താൽ കഴുകൽ പ്രാപിച്ച് യേശുവുമായുള്ള കൂട്ടായ്മയിൽ ജീവിച്ചാലേ പറ്റൂ...പിന്നെ "ക്രിസ്തീയ കുടുംബത്തിൽ ജനിച്ചുവളർത്തപ്പെടുന്നതിൽ" എന്താണ് പ്രത്യേകത?

**പാപത്തിൽ നിന്നുള്ള മോചനം ഒരു യാഥാർഥ്യമാകണ മെങ്കിൽ ക്രിസ്തീയ കുടുംബത്തിൽ ജനിച്ച വരുൾപ്പെടെ ഏതു വ്യക്തിയും യേശുക്രിസ്തുവിന്റെ രക്തത്താൽ കഴുകൽ പ്രാപിച്ച് യേശുവുമായുള്ള കൂട്ടായ്മയിൽ ജീവിച്ചാലേ പറ്റൂ...**

ഇവിടെയാണു പൗലൊസിന്റെ ചോദ്യത്തിന്റെയും ഉത്തരത്തിന്റെയും പ്രസക്തി..."എന്നാൽ യെഹൂദന് എന്തുവിശേഷത? അല്ല, പരിച്ഛേദനയാൽ എന്തുപ്രയോജനം?"(റോമർ: 3:1). ഉത്തരവും പൗലൊസ്

പറയുന്നു: "സകലവി ധത്തിലും വളരെയുണ്ട്. ഒന്നാമത്, ദൈവത്തിന്റെ അരുളപ്പാടുകൾ അവരുടെ പക്കൽ സമർ പ്പിച്ചിരിക്കുന്നതു തന്നെ''(റോമർ: 3:2). യെഹൂദൻ അവന്റെ പ്രത്യേകതയായി കരുതിയിരുന്നത് അവനു ദൈവാലയമുണ്ട്, ആരാധനയുണ്ട്, പൗരോഹിത്യമുണ്ട്... എന്നതൊക്കെയായിരുന്നു എന്നാൽ പൗലൊസ് പറയുന്നു: അതൊന്നുമല്ല യെഹൂദന്റെ വിശേഷത; അവന് ദൈവത്തിന്റെ അരുളപ്പാടുകൾ ഉണ്ടെന്നതാണ്.

ഒരു ക്രിസ്തീയകുടുംബത്തിൽ ജനിക്കുന്നത് അത്ര വലിയ പദവിയൊന്നുമല്ല. എന്നാൽ ഒരു ക്രിസ്തീയകുടുംബത്തിൽ ജനിക്കുന്നതുകൊണ്ട് ചില പ്രയോജനങ്ങളുണ്ട്. അതിലേറ്റവും വലിയത് ദൈവത്തിന്റെ വചനം അവർക്കു കൂടുതൽ സമീപസ്ഥമാണെന്നതാണ്.

അതത്ര വലിയ കാര്യമാണോ എന്നു ചോദിച്ചേക്കാം! വീട്ടിൽ ഒരു ബൈബിളുണ്ടെന്നത് അത്ര വലിയ കാര്യമൊന്നുമല്ല. അത് വായിക്കുന്നുണ്ടെന്നതുപോലും അത്ര വലിയ കാര്യമൊന്നുമല്ല. തിരുവചനം അനുസരിക്കാത്ത ക്രിസ്ത്യാനിയും ബൈബിൾ കണ്ടിട്ടില്ലാത്ത ഒരു അക്രൈസ്തവനും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. ഇക്കാര്യം പൗലൊസ് റോമർ രണ്ടാം അധ്യായത്തിൽ പറയുന്നുണ്ട്: ''നീ ന്യായപ്രമാണം ആചരിച്ചാൽ പരിച്ഛേദന പ്രയോജനമുള്ളത്, സത്യം; ന്യായപ്രമാണ ലംഘിയായാലോ, നിന്റെ പരിച്ഛേദന അഗ്രചർമമായിത്തീർന്നു..." (റോമർ 2: 25). അപ്പോൾ പിന്നെ ക്രിസ്ത്യാനിയായി ജനിച്ചതുകൊണ്ടുമാത്രം എന്തു ഗുണം?

നമ്മുടെ വേദഭാഗത്ത് യെഹൂദന്റെ പ്രത്യേകതയായി പൗലൊസ് പറയുന്നത്: "ന്യായപ്രമാണ പുസ്തകം" അവന്റെ കയ്യിലുണ്ടെന്നതല്ല "ദൈവത്തിന്റെ അരുളപ്പാടുകൾ'' അവരുടെ പക്കൽ സമർപ്പിച്ചിരിക്കുന്നു എന്നതാണ്. ''അരുളപ്പാടുകൾ'' എന്നതിന് ഒരു 'പുസ്തകം' എന്നു മാത്രമല്ല അർഥം. അത് 'സംസാര'മാണ്; സംസർഗമാണ്. ദൈവം യഹൂദന്മാരോടു സംസാരിച്ചു കൊണ്ടിരുന്നു-പുസ്തകത്തിലൂടെയും പ്രവാചകന്മാരിലൂടെയും.

ന്യായപ്രമാണ 'പുസ്തകം' ഒരാളെയും വിശുദ്ധനാക്കുന്നില്ല. എന്നാൽ, ന്യായപ്രമാണമാണ് എന്നെ വിശുദ്ധിയെന്തെന്നും അശുദ്ധിയെന്തെന്നും വേർതിരിക്കാൻ പഠിപ്പിച്ചത്. ''ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രേ വരുന്നത്" (റോമർ 3:20).

മുറി തൂത്തുവാരിക്കൊണ്ടിരുന്ന ഒരു പെൺകുട്ടി വളരെ സംതൃപ്തിയോടെ അതു ചെയ്തുകൊണ്ടിരുന്നു. എന്നാൽ അരണ്ട വെളിച്ചത്തിലാണ് അവളതു ചെയ്തുകൊണ്ടിരുന്നത്. വിടർത്തിയിട്ടിരുന്ന കർട്ടനുകൾ അവൾ ഒരു വശത്തേക്ക് നീക്കിയപ്പോൾ പെട്ടെന്ന് സൂര്യപ്രകാശം മുറിക്കുള്ളിൽ നിറഞ്ഞു. അപ്പോഴാണ് അവൾ 'വൃത്തിയുള്ളത്' എന്നു ചിന്തിച്ചിരുന്ന മുറി മുഴുവൻ പൊടിനിറഞ്ഞു കിടക്കുകയാണെന്ന് അറിഞ്ഞത്! അവളുടെ സ്വസ്ഥത നഷ്ടപ്പെട്ടു...

''ഈ സൂര്യപ്രകാശമാണു മുറിയിലേക്ക് പൊടിയെല്ലാം കൊണ്ടുവന്നത്'' എന്ന് അവൾ വിലപിക്കുമോ? സൂര്യപ്രകാശം ഒരു മുറിയിലേക്കും പൊടികൊണ്ടുവരുന്നില്ല. എന്നാൽ പ്രകാശമാണ് മുറിയിലെ പൊടിയെക്കുറിച്ചുള്ള 'പരിജ്ഞാനം' കൊണ്ടുവന്നത്.

ന്യായപ്രമാണനീതിയുടെ തേജസ്സാണ് എന്നിൽ അടിഞ്ഞുകിടക്കുന്ന പാപധൂളിപടലങ്ങളെ വെളിപ്പെടുത്തുന്നത്. തികഞ്ഞ വിനയത്തോടെ എന്നിലെ മാലിന്യത്തിന്റെ യാഥാർഥ്യത്തെ അംഗീകരിച്ച്, എനിക്കത് തൂത്തുവാരിക്കളഞ്ഞ് എന്നെത്തന്നെ ശുദ്ധീകരിക്കാം. അതല്ലെങ്കിൽ അജ്ഞതയുടെ കർട്ടൻ വീണ്ടും വലിച്ചിട്ട് ഒരു വ്യാജസംതൃപ്തിയിൽ എന്റെ ജീവിതം പാഴാക്കിക്കളയാം... തീരുമാനം എന്റേതാണ്.

ന്യായപ്രമാണം പാപത്തിന്റെ പരിജ്ഞാനം വരുത്തുന്നു എന്നു പറയുന്നത് ചില്ലറക്കാര്യമല്ല. ഒരു മേശയിൽ രണ്ടു കുപ്പികളിൽ ഒരേ നിറത്തിലുള്ള ദ്രാവകം നിറഞ്ഞിരിക്കുന്നു എന്നു ചിന്തിക്കുക. അതിൽ ഒന്നിൽ പഴച്ചാറ്, മറ്റൊന്നിൽ വിഷവുമാണ്. ദാഹിച്ചുവലഞ്ഞുവന്ന ഒരാൾ അതിൽ ഒരു കുപ്പിയിലെ ദ്രാവകം ആർത്തിയോടെ എടുത്തു കുടിച്ചു. ചില മിനിറ്റുകൾക്കുള്ളിൽ അയാൾ മരിച്ചുവീണു. കാരണം, പഴച്ചാറെന്നു കരുതി അയാൾ എടുത്തു കുടിച്ചത് വിഷമായിരുന്നു.

എന്നാൽ ആ കുപ്പികളിന്മേൽ ഉള്ളിലുള്ളത് തിരിച്ചറിയാൻ കഴിയുംവിധം 'പഴച്ചാറ്', 'വിഷം' എന്നീ ലേബലുകൾ ശരിയായ നിലയിൽ പതിപ്പിച്ചിരുന്നെങ്കിലോ? ലേബലുകൾ വായിച്ചറിഞ്ഞ് ശരിയായ പഴച്ചാറുതന്നെ കുടിച്ച് ആ മനുഷ്യനു ജീവൻ രക്ഷിക്കാമായിരുന്നു.

**ശേഷം പേജ് 28 ▶**



ചെയ്സ് ജോസഫ്

# ക്രിസ്തു മോശെയേക്കാൾ വലിയവൻ

എബ്രായലേഖനം മൂന്നാം അധ്യായം തുടങ്ങുന്നത് വിശുദ്ധ സഹോദരന്മാരെ എന്ന് വിളിച്ചു കൊണ്ടാണ്. ഈ ലേഖനം എഴുതപ്പെട്ടിരിക്കുന്നത് വിശുദ്ധന്മാർക്കും ക്രിസ്തീയ വിശുദ്ധീകരണത്തെ ഗൗരവത്തോടെ കാണുന്നവർക്കുംവേണ്ടി ആണ്. റോമാലേഖനം എഴുതിയിരിക്കുന്നത് വിശ്വാസത്തിന്റെ ആദ്യപടിയിൽ എത്തിയവർക്ക് മനസ്സിലാവുന്ന രീതിയിൽ ആണ്. എന്നാൽ എബ്രായലേഖനം വിശ്വാസത്തിലും പ്രത്യാശയിലും വളർന്നു വിശുദ്ധീകരണത്തിന്റെ യാത്രയിൽ ഗൗരവമായി മുന്നേറിയവർക്കാണ്.

വിശുദ്ധസഹോദരന്മാരെ എന്ന് അഭിസംബോധന ചെയ്യുന്നത് നമ്മുടെ സ്ഥാനീയ വിശുദ്ധീകരണത്തെ കുറിക്കുന്നു. വിശുദ്ധരായാണ് നാം പരസ്പരം കരുതേണ്ടത്, എന്നിരിക്കലും നാം ആരും പൂർണ്ണവിശുദ്ധിയിൽ എത്തിച്ചേർന്നിട്ടില്ല. പ്രത്യുത അതിലേക്കുള്ള വളർച്ചയിലാണ്. എങ്കിലും ക്രിസ്തുവിൽ പൂർണ്ണരായി ഒന്നിനും കുറവില്ലാത്തവരായി നമ്മെ ദൈവം പരിഗണിക്കുന്നു. അങ്ങനെ ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവരും കൃപാസനത്തിലേക്കു ഏതുസമയവും പ്രവേശനം ഉള്ള വിശുദ്ധരാണ്. നാം എല്ലാവരും അതേസമയം തന്നെ സ്വർഗീയവിളിക്കു ഓഹരിക്കാരും ആണ്. ഓഹരി എന്നത് ഒരു പങ്കാളിത്തത്തെ ആണ് കാണിക്കുന്നത്. അനേകം പേര് വിശ്വാസത്തിൽ യേശുവിനെ അനുഗമിച്ചു ഈ വിളിയുടെ സൗഭാഗ്യങ്ങളിലേക്കു പ്രവേശിക്കും. സ്വർഗീയവിളി, ഉന്നതവിളി. വിശുദ്ധവിളി എന്നിങ്ങനെ ദൈവം നമ്മെ വിളിക്കുന്നതിനെ വേദപുസ്തകം വിവരിക്കുന്നുണ്ട്. ദൈവം നമ്മെ വിളിച്ച വിളി സ്വർഗീയവും വിശുദ്ധവും ഉന്നതവും ആണ്.

**ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവരും കൃപാസനത്തിലേക്കു ഏതുസമയവും പ്രവേശനം ഉള്ള വിശുദ്ധരാണ്. നാം എല്ലാവരും അതേസമയം തന്നെ സ്വർഗീയവിളിക്കു ഓഹരിക്കാരും ആണ്. ഓഹരി എന്നത് ഒരു പങ്കാളിത്തത്തെ ആണ് കാണിക്കുന്നത്.**

ഈ വിളി നമ്മെ ഉന്നതമായ, വിശുദ്ധമായ, സ്വർഗീയമായ ഒരു കാഴ്ചപ്പാടിലേക്കു ക്ഷണിക്കുകയും തന്റെ സ്നേഹത്താൽ നിർബന്ധിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടാണ് ഈ അവകാശങ്ങൾ നമുക്ക് ലഭിച്ചത്? അത് നാം സ്വീകരിച്ചു പറയുന്ന അപ്പോസ്തലനും മഹാപുരോഹിതനുമായ യേശു നിമിത്തമാണ്. യേശുക്രിസ്തു ആണ് ആദ്യ അപ്പോസ്തലൻ എന്ന് വേണമെങ്കിൽ നമുക്ക് പറയാം. കാരണം അപ്പോസ്റ്റോലോസ് എന്ന ഗ്രീക്ക് വാക്കിന്റെ അർഥം അയയ്ക്കപ്പെട്ടവനെന്നാണ്. യേശുക്രിസ്തു പിതാവിനാൽ സ്വർഗത്തിൽ നിന്ന് നമുക്കായി അയയ്ക്കപ്പെട്ടു. യേശുക്രിസ്തുവിന്റെ ശിഷ്യന്മാരും പൗലോസും യേശുക്രിസ്തുവിനാൽ അയയ്ക്കപ്പെട്ടു.

അയയ്ക്കപ്പെടുക എന്ന അർത്ഥത്തിൽ ശുശ്രൂഷകർ എല്ലാവരും ദൈവത്താൽ അയയ്ക്കപ്പെട്ടവർ തന്നെ ആണ്.

എന്നാൽ അന്നത്തെ അപ്പോസ്തലരും ഇന്ന് ദൈവത്താൽ അയയ്ക്കപ്പെടുന്നവരും തമ്മിൽ എന്താണ് വ്യത്യാസം? അത് അവർ നൽകുന്ന സന്ദേശത്തിൽ നിന്നാണ്. യേശു ഉപദേശിച്ചത് മുഴുവൻ പിതാവ് നേരിട്ട് പറഞ്ഞു കൊടുത്ത കാര്യങ്ങൾ ആയിരുന്നു. അപ്പോസ്തലന്മാർ നമ്മെ ഉപദേശിച്ചതും ആത്മാവിലവർ പ്രാപിച്ച വെളിപ്പാടുകൾ ആയിരുന്നു, ഇന്ന് അയയ്ക്കപ്പെടുന്നവർ യേശുവും അപ്പോസ്തലന്മാരും ഉപദേശിച്ച കാര്യങ്ങൾ മാത്രമേ ഉപദേശിക്കുന്നുള്ളു. പുതിയ ഒരു സന്ദേശവുമായി നാം ആരും അയയ്ക്കപ്പെടുന്നില്ല. അതുകൊണ്ട് അപ്പോസ്തലൻ എന്ന പദവി നമുക്ക് അവകാശപ്പെടാൻ സാധ്യമല്ല.

എന്നാൽ ഒരു ദേശത്തു ആദ്യമായി ചെന്ന് അധ്വാനിച്ചു സഭകൾ സ്ഥാപിക്കുന്നവരെ ആ ദേശത്തിന്റെ അപ്പോസ്തലർ എന്നൊക്കെ പറയാറുണ്ട്. അത് ഓണററി ഡോക്ടറേറ്റ് കിട്ടുന്നത് പോലെ ആണ്. അതുകൊണ്ട് പ്രത്യേകിച്ച് ആർക്കും ഒരു പ്രയോജനവും ഇല്ല. നാം സ്വീകരിച്ചു പറയുന്ന അപ്പോസ്തലൻ മാത്രമല്ല, നമുക്ക് വേണ്ടി മരിച്ച മഹാപുരോഹിതൻ കൂടെ ആണ് കർത്താവായ യേശുക്രിസ്തു. അതാണ് നമ്മുടെ ധൈര്യവും പ്രാഗല്ഭ്യവും.

ഇവിടെ ലേഖനകർത്താവ് പറയുന്ന ഒരു പ്രധാനപ്പെട്ട കാര്യം മോശെയും കർത്താവായയേശുക്രിസ്തുവും തമ്മിലുള്ള വ്യത്യാസം ആണ്. ഈ ലേഖനം മുഴുവൻ ശ്രദ്ധിച്ചാൽ അത് ഒരു പ്രധാന പ്രമേയം ആണ്. പഴയതും പുതിയതും ആയ നിയമങ്ങൾ തമ്മിലുള്ള വ്യത്യാസം എബ്രായ ക്രിസ്ത്യാനികളെ ബോധ്യപ്പെടുത്താൻ വേണ്ടി ആണ് ഈ ലേഖനം എഴുതിയിട്ടുള്ളത് തന്നെ.

ഭവനത്തേക്കാൾ ഭവനം ചമച്ചവന് കൂടുതൽ മാനം ഉണ്ട് എന്ന് പറയുമ്പോൾ അത് മോശെയും കർത്താവും തമ്മിലുള്ള ഒരു താരതമ്യം ആയിട്ടാണ് കാണുന്നത്. ഇവിടെ ഭവനത്തിനുള്ള മാനം മോശെയ്ക്കുള്ള മാനം ആയും ഭവനം ചമച്ചവന് ഉള്ള മാനം യേശുവിനുള്ള മാനം ആയും കാണിക്കുന്നു. അപ്പോഴും യേശുവിനെ നിയമിച്ചാക്കിയവന് യേശു വിശ്വസ്തയോടെ കീഴടങ്ങി ഇരുന്നു എന്ന് കാണിക്കുന്നു. നമ്മുടെ മഹാപുരോഹിതൻ നമുക്ക് വേണ്ടി അനുസരണത്തിൽ തികഞ്ഞവനാകാൻ കഷ്ടം അനുഭവിക്കുമ്പോൾ ത്തന്നെ അവൻ ഭവനം ചമച്ച ദൈവം ആണെന്ന താണ് ഇതിലെ മനോഹരമായ വെളിപ്പാട്.

ഒരേസമയത്തു ദാസനും യജമാനനും ആയ ക്രിസ്തുവിനെ ആണ് നാം ഈ വാക്യങ്ങളിൽ കാണുന്നത്. ഏതു ഭവനവും ചമയ്ക്കാൻ ഒരാൾ വേണം എന്ന് പറഞ്ഞിട്ട് തുടർന്നു പറയുന്നത് സർവ്വവും ചമച്ചവൻ ദൈവം തന്നെ. ഇത് ലോജിക് അനുസരിച്ചു നോക്കിയാൽ യേശുവിന്റെ ദൈവത്വം തെളിയിക്കുന്ന ഒരു വാക്യം ആണ്. ഈ രണ്ടു മൂന്നു വാക്യങ്ങളിൽ നിന്നും നമുക്ക് ലഭിക്കുന്ന അറിവ് ഒന്ന് ക്രമീകൃതമായി പഠിക്കാം. മോശെയെ ഭവനത്തോട് ആണ് ഉപമിച്ചിരിക്കുന്നതെങ്കിൽ യേശുവിനെ ഉപമിച്ചിരിക്കുന്നത് ഭവനം നിർമിച്ചവനോട് ആണ്. അടുത്ത വാക്യം പറയുന്നു: ഏതു ഭവനവും നിർമ്മിക്കാൻ ഒരാൾ വേണം. അത് നിർമിച്ചവൻ ദൈവമല്ലാതെ പിന്നെ ആരാണ്?

**മോശെയുടെ വിശ്വസ്തത ക്രിസ്തുവിനോടായിരുന്നു:**

എബ്രായർ 3: 5 ൽ അവന്റെ ഭവനത്തിൽ ഒക്കെയും മോശെ വിശ്വസ്തനായിരുന്നതു അരുളിച്ചെയ്‌വാനിരുന്നതിനു സാക്ഷ്യം പറയുന്ന ഭൃത്യനായിട്ടത്രേ. മോശെ സാക്ഷ്യം പറയുന്ന ഒരു ദാസൻ എന്ന രീതിയിൽ ആണ് വിശ്വസ്തനായിരുന്നത്. എന്നാൽ യേശുവിന്റെ വിശ്വസ്തത ഒരു ഉടയവന്റെ വിശ്വസ്തത ആണ്. ദാസന്റെ വിശ്വസ്തതയും ഉടയവന്റെ വിശ്വസ്തതയും തമ്മിൽ വ്യത്യാസം ഉണ്ട്. ഈ വ്യത്യാസം രണ്ടു ഉടമ്പടികൾ കൂടുതൽ ശ്രദ്ധിക്കുമ്പോൾ നമുക്ക് മനസ്സിലാവും. ദാസനായ മോശെയിലൂടെ വന്ന ഉടമ്പടി പ്രത്യാശയുടെ ധൈര്യം പകർന്നിരുന്നില്ല. ഒരു ദാസന്റെ കാഴ്ചപ്പാട് മാത്രമേ നല്കിയുള്ളൂ. അവിടെ എപ്പോഴും നമ്മുടെ പ്രകടനം എങ്ങനെ എന്ന വെപ്രാളത്തിൽ ആണ് നമ്മൾ.

എബ്രായർ 3: 6 ൽ ക്രിസ്തുവോ, അവന്റെ ഭവനത്തിനു അധികാരിയായ പുത്രനായിട്ടു തന്നേ; പ്രത്യാശയുടെ ധൈര്യവും പ്രശംസയും നാം അവസാനത്തോളം മുറുകെപ്പിടിച്ചുകൊണ്ടാൽ നാം തന്നേ അവന്റെ ഭവനം ആകുന്നു. പ്രത്യാശയുടെ ധൈര്യവും പ്രശംസയും മുറുകെ പിടിക്കാനാണ് ഈ വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നത്. എബ്രായ ലേഖനത്തിലെ പ്രധാന കല്പനക്കളല്ലാം പ്രത്യാശയെ സംബന്ധിക്കുന്നതാണ്. ഈ പ്രത്യാശയും പ്രശംസയും പുതിയ ഉടമ്പടിയിൽ മാത്രമേ ഉള്ളു. അത് നാം സ്വീകരിച്ചു

ഏറ്റുപറയുന്ന മഹാപുരോഹിതൻ നമുക്ക് തന്ന അഴിയാത്ത വാഗ്ദത്തങ്ങളുടെ അടിസ്ഥാനത്തിലാണ്. ദാസനിലൂടെ ലഭിച്ച കല്പന ഇപ്പോഴും ഭയം ഉണ്ടാക്കുന്നതും മരണഭയത്താൽ ബലഹീനമാക്കപ്പെട്ടതും ആയിരുന്നു. നമ്മെ സ്വതന്ത്രരാക്കുന്ന പ്രമാണം ആണ് പുത്രൻ തന്നത്.

ഇനി നാം വായിക്കുന്നത് പഴയനിയമ കാലത്തു എന്ത് സംഭവിച്ചു എന്നും, എങ്ങനെ ആളുകൾ അനുസരണക്കേടിലേക്ക് വീണുപോയി എന്നുമാണ്. അവരുടെ ഹൃദയം കല്ല് പോലെ ആയിരുന്നു. പരീക്ഷാദിവസത്തിൽ കല്ല് പോലുള്ള അവരുടെ ഹൃദയം വെളിപ്പെട്ടു. അതുപോലെ നാമും അക്ഷരങ്ങളുടെ പ്രമാണത്തിന്റെ പുറകെ പോയി കല്ല് പോലെ insensitive ആയ, ദൈവത്തോട് പോലും പ്രതികരിക്കാത്ത ഹൃദയം ഉള്ളവരായി മാററുത് എന്ന് ഇവിടെ മുന്നറിയിപ്പ് നൽകുന്നു.

ദൈവം നമ്മെ പരീക്ഷയിലൂടെ കടത്തിവിടുന്നത് നമുക്ക് അവന്റെ വിശുദ്ധിയിൽ പങ്കാളിത്തം ലഭിക്കാനാണ്. എന്നാൽ പഴയനിയമത്തിൽ നാം കാണുന്നത് ദൈവം മനുഷ്യരെ പരീക്ഷിച്ചു നോക്കുന്നതല്ല, പിന്നെയോ മനുഷ്യൻ ദൈവത്തെ പരീക്ഷിക്കുന്നതാണ്. വിശ്വാസമില്ലാത്ത ആളുകൾ ദൈവത്തെ പരീക്ഷിച്ചു കൊണ്ടിരിക്കും. ദൈവത്തെ പരീക്ഷിച്ചു നോക്കുന്നവർ പരാജയപ്പെടും എന്നത് ഉറപ്പാണ്. അതാണ് മരുഭൂമിയിൽ ഇസ്രായേൽമക്കൾ ചെയ്തത്. അവർ ദൈവത്തെ പരീക്ഷിച്ചു പരീക്ഷിച്ചു മരിച്ചു വീണുകൊണ്ടിരുന്നു.

പലപ്പോഴും ഇന്നും മനുഷ്യർ ദൈവത്തെ പരീക്ഷിക്കുന്നുണ്ട്. അത് അവിശ്വാസം നിമിത്തമാണ്. വിശ്വാസം നമ്മുടെ ഉള്ളിൽ വരുമ്പോൾ പരീക്ഷിച്ചു നോക്കുന്ന സ്വഭാവം അപ്രത്യക്ഷമാകും. അടയാളങ്ങൾ അന്വേഷിച്ചു വന്ന പരീശരും ശാസ്ത്രിമാരും എല്ലാം അങ്ങനെ പരീക്ഷിക്കുന്നവരായിരുന്നു. അവരുടെ ഇടയിൽ എത്ര അത്ഭുതങ്ങളെ ചെയ്താലും അവർക്കു മനസ്സിലാവില്ല. വീണ്ടും പരീക്ഷിച്ചു കൊണ്ടിരിക്കും. അത് വലിയ ശിക്ഷാവിധിക്കു കാരണം ആവും എന്ന് വേദപുസ്തകത്തിലെ ഉദാഹരണം നമുക്ക് തെളിയിച്ചു തരുന്നു. •

“പ്രാർഥനയ്ക്കു സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ”

# എല്ലാറ്റിനും അവസാനമുണ്ട്

**പ**ലതും കാണുകയും അറിയുകയും ചിലതൊക്കെ അനുഭവിക്കുകയും ചെയ്യേണ്ടിവരുമ്പോൾ മനസ്സിനു കഠിനമായി മുറിവേൽക്കാറുണ്ട്. അനീതിയും അരുതാത്തതും പ്രവർത്തിക്കയും ഒരു മന:സ്ഥാപവുമില്ലാതെ ദുഷ്പ്രവൃത്തികൾ തുടരുകയും ചെയ്യുന്നവരെക്കുറിച്ച് അറിയുമ്പോൾ ഇത് എത്രത്തോളം എന്നു നാം ചിന്തിച്ചുപോകും. അതുപോലെ തന്നെ ഒരുദോഷവും ചെയ്യാതെ തിന്മ അനുഭവിക്കേണ്ടിവരുന്ന സന്ദർഭങ്ങളുമുണ്ടാകും മനുഷ്യജീവിതത്തിൽ. ചിലരെ ദുരന്തങ്ങളും ദുരനുഭവങ്ങളും നിരന്തരം പിന്തുടരുകയല്ലേ എന്നു തോന്നിപ്പോകാറുണ്ട്. അനീതി അരങ്ങുവാഴുന്ന ഈ ലോകത്തിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകൂ, ഇതിനൊരു അറുതിയുണ്ട്. “എന്നാൽ, എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു; ആകയാൽ പ്രാർഥനയ്ക്കു സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ” (1 പത്രൊസ് 4:7) എന്നു പത്രൊസും, “അനീതിചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാകട്ടെ; നീതിമാൻ ഇനിയും നീതിചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ; ഇതാ ഞാൻ വേഗം വരുന്നു” എന്നു വെളിപ്പാടു പുസ്തകത്തിൽ യോഹന്നാനിലൂടെ പറയുന്നതു ശ്രദ്ധിക്കുക. അനീതിയും അശുദ്ധിയും തുടരാനുള്ള അനുവാദമല്ല സഭയുടെ നാഥൻ ഇവിടെ നൽകുന്നത്, ഒരു ന്യായാധിപതി വിധികർത്താവായി വരുന്നുണ്ട്. അവൻ എത്താറായി എന്ന മുന്നറിയിപ്പാണ് വെളിപ്പാടുപുസ്തകത്തിലുള്ളത്. നന്മ അനുഭവിക്കുന്ന ദുഷ്ടനും, തിന്മ അനുഭവിക്കുന്ന നീതിമാനും അറിയണം ഈ വ്യവസ്ഥിതിയുടെ അവസാനം സമീപിച്ചിരിക്കുന്നു. ഈ ദുഷ്ടലോകത്തിൽ നീതി പ്രസംഗിക്കയും പ്രചരിപ്പിക്കയും ചെയ്യാൻ നമുക്കു കഴിയും. എന്നാൽ, ആരെയും നീതികരിക്കാനോ വിശുദ്ധീകരിക്കാനോ വ്യവസ്ഥിതി അപ്പാടെ മാറ്റിയെടുക്കാനോ നമുക്കു കഴിയില്ലല്ലോ. നമ്മെത്തന്നെ നീതിയിലും വിശുദ്ധിയിലും നിലനിർത്താനും വളർത്താനും നമുക്കു കഴിയും. അതിലാണു ശ്രദ്ധചെലുത്തേണ്ടത്. അതിനാണ് വെളിപ്പാടുപുസ്തകത്തിലെ ഊന്നൽ.

“പ്രാർഥനയ്ക്കു സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ” എന്നാണ് പത്രൊസ് കൂട്ടിച്ചേർക്കുന്നത്. നമ്മുടെ പ്രാർഥനയും ജാഗ്രതയുമെല്ലാം കർത്താവിന്റെ മടങ്ങിവരവ് എന്ന ഭാവിപ്രത്യാശയിൽ കേന്ദ്രീകൃതമായിരിക്കണം എന്നു സാരാംശം. •

# മോശെയുടെ പഞ്ചഗ്രന്ഥങ്ങൾ

**മോ**ശെ ജനിക്കുന്നതിനു മുൻപുള്ള ചരിത്രം, അതു മാത്രമോ, ചരിത്രാതീതകാലം മുതലുള്ള സംഭവങ്ങൾ എഴുതുവാൻ മോശെയ്ക്ക് എങ്ങനെ സാധിച്ചു? സകലത്തെയും സൃഷ്ടിച്ചതിന്റെ വിവരങ്ങൾ മോശെയ്ക്ക് എങ്ങനെ എഴുതുവാൻ കഴിഞ്ഞു? ദൈവനിയോഗപ്രകാരം പ്രത്യേകമായി ഒരുങ്ങി സീനായ് മലയിലേക്ക് കയറിച്ചെന്ന മോശെയും ദൈവവും തമ്മിൽ 40 ദിവസം നീണ്ടു നിന്ന വളരെ സുദീർഘമായ രണ്ടു കൂടിക്കാഴ്ചകളെക്കുറിച്ച് പുറപ്പാട് 24:18 ലും 34: 28 ലും രേഖപ്പെടുത്തിയിരിക്കുന്നു. മേല്പറഞ്ഞ വിവരങ്ങൾ അങ്ങനെ ദൈവത്തിൽ നിന്നു നേരിട്ട് പ്രാപിച്ചതാകാനാണ് സാധ്യത.

**ഗ്രന്ഥകാരൻ മോശെ എന്നതിന്റെ തെളിവുകൾ**

- ദൈവം മോശെയോട്, 'നീ ഇത് ഓർമയ്ക്കായിട്ട് ഒരു പുസ്തകത്തിലെഴുതി യോശുവയെ കേൾപ്പിക്കുക' (പുറപ്പാട് 17:14). "ഈ വചനങ്ങളെ എഴുതിക്കൊൾക..." (പുറപ്പാട് 34: 27). എന്നു കല്പിച്ചതിൽ നിന്ന് എഴുത്തുകാരൻ മോശെയാണെന്നും അരുളിച്ചെയ്തത് ദൈവമാണെന്നും വ്യക്തമാകുന്നു.
- 'അനന്തരം മോശെ ഈ ന്യായപ്രമാണം എഴുതി... പുരോഹിതന്മാരെയും ......ഏല്പിച്ചു', (ആവർത്തനം 31:9). എന്നതിൽ നിന്ന് ദൈവത്തിന്റെ കല്പനപ്രകാരം മോശെ എഴുതി എന്നു വ്യക്തം.
- "എന്റെ ദാസനായ മോശെ നിന്നോടു കല്പിച്ചിട്ടുള്ള ന്യായപ്രമാണമൊക്കെയും അനുസരിച്ചു നടക്കേണ്ടതിനു നല്ല ഉറപ്പും ധൈര്യവുമുള്ളവനായി മാത്രം ഇരിക്ക"എന്ന് ദൈവം യോശുവയോട് അരുളിച്ചെയ്തു (യോശുവ 1: 7). ഇവിടെ ഗ്രന്ഥകാരൻ മോശെയെന്നു ദൈവം തന്നെ പറയുന്നു.
- യോശുവ 8: 13 ലും 23: 6 ലും 'മോശെയുടെ ന്യായപ്രമാണപുസ്തകത്തിൽ' എന്ന് യോശുവ ജനത്തോടു പറയുമ്പോൾ എഴുത്തുകാരൻ ആരെന്ന് വെളിപ്പെടുന്നു.
- 'മോശെയുടെ ന്യായപ്രമാണത്തിൽ' എഴുതിയിരിക്കുന്ന കല്പനകൾ പരിപൂർണമായി അനുസരിക്കണമെന്ന് ദാവീദ് ശലോമോനോട് കല്പിക്കുന്നു (1 രാജാക്കന്മാർ 2:4). 'ദൈവത്തിന്റെ ദാസനായ മോശെയുടെ ന്യായപ്രമാണത്തിൽ' എന്ന് ദാനീയേൽ പ്രവാചകനും സൂചിപ്പിച്ചിരിക്കുന്നു (ദാനീയേൽ 9:11). ഈ വാക്യങ്ങൾ രണ്ടും മോശെയാണു രചയിതാവെന്ന് സ്പഷ്ടമാക്കുന്നു.
- ലൂക്കൊസ് 24: 44 ൽ നമ്മുടെ കർത്താവ് എമ്മവുസിലേക്കു പോയ ശിഷ്യന്മാരോട് തന്നെക്കുറിച്ചുതന്നെ സംസാരിക്കാൻ 'മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചകപുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു' എന്നും, യോഹന്നാൻ 7:23 ൽ 'മോശെയുടെ ന്യായപ്രമാണത്തിന് നീക്കംവരാതിരിക്കേണ്ടതിന്'എന്നു പറയുമ്പോൾ ഗ്രന്ഥകാരൻ മോശെയെന്ന് സംശയലേശമെന്യേ വ്യക്തമാക്കുന്നു.
- അപ്പൊസ്തലപ്രവൃത്തി 13: 29 ലും 28: 23 ലും 'ന്യായപ്രമാണപുസ്തകം മോശെയുടേതാണെ'ന്ന് പൗലോസ് അപ്പൊസ്തലനും പ്രസ്താവിക്കുന്നു.

**പഞ്ചഗ്രന്ഥങ്ങൾ:**

ബിസി 285 മുതൽ 247 വരെ ഈജിപ്ത് ഭരിച്ചിരുന്ന ടോളമിയുടെ താൽപര്യപ്രകാരം മഹാപുരോഹിതനായ എലെയാസർ 70 എബ്രായ-ഗ്രീക്കു പണ്ഡിതരെ ചുമതലപ്പെടുത്തി ന്യായപ്രമാണം എബ്രായഭാഷയിൽ നിന്ന് ഗ്രീക്കുഭാഷയിലേക്ക് ബിസി 280 ൽ പരിഭാഷപ്പെടുത്തി. അന്ന് ഒറ്റപുസ്തകമായിരുന്ന ന്യായപ്രമാണത്തെ ഇന്നത്തെ നിലയിൽ അഞ്ചാക്കി (ഉൽപത്തി മുതൽ ആവർത്തനം വരെ) തിരിക്കുകയും ചെയ്തു. അങ്ങനെ ഏകഗ്രന്ഥം പഞ്ചഗ്രന്ഥമായിത്തീർന്നു.



ജോർജ് മാത്യു, പുതുപ്പള്ളി

# സൂക്ഷിച്ചാൽ ദു:ഖിക്കേണ്ട

തിരുവെഴുത്തിന്റെ അളവുകോൽ വച്ച് മനുഷ്യജീവിതത്തിലെ എല്ലാ പാപങ്ങളെയും അളക്കുവാൻ കഴിയുമെങ്കിലും കൃത്യമായി അളക്കുവാൻ കഴിയാത്ത ഒരു പാപമാണ് ദ്രവ്യാഗ്രഹം. ഒരാൾ ദ്രവ്യാഗ്രഹിയാണോ എന്നു തീരുമാനിക്കുവാൻ ആ വ്യക്തിയുടെ മന:സാക്ഷിക്കു മാത്രമേ കഴിയുകയുള്ളൂ. ദ്രവ്യാഗ്രഹം ആത്മശക്തിയെ കെടുത്തിക്കളയുന്ന ഭീകരപാപമാണ്. ആവശ്യങ്ങൾക്കു വേണ്ടത്ര പണം ആഗ്രഹിക്കുന്നതും സമ്പാദിക്കുന്നതും ന്യായമാണ്. അത് ദ്രവ്യാഗ്രഹം അല്ല. എന്നാൽ പണത്തോടുള്ള ആർത്തിയും ദൈവത്തെക്കാൾ ഉപരി അതിനോടുള്ള സ്നേഹവും ദ്രവ്യാഗ്രഹമാണ്. ഇതായിരുന്നു അപ്പൊസ്തലന്മാരിൽ ഒരുവനായിരുന്ന യൂദയെ നശിപ്പിച്ചത്.

പണം ശേഖരിക്കുവാനും സൂക്ഷിക്കുവാനുമുള്ള സാധാരണ ആഗ്രഹം അവനുണ്ടായി. അതു മനുഷ്യസഹജമാണ്. അതിൽ പാപമില്ലായിരുന്നു. എന്നാൽ അവൻ പോലുമറിയാതെ ആ ആഗ്രഹം വളർന്ന് അവനെ നശിപ്പിച്ചു. 'ദ്രവ്യാഗ്രഹം സകല വിധ ദോഷത്തിനും മൂലമല്ലോ' എന്നാണ് ദൈവവചനം ഓർമിപ്പിക്കുന്നത്.' (1 തിമൊഥെയൊസ് 6 : 10) ദ്രവ്യാഗ്രഹം വർദ്ധിക്കുന്തോറും ആത്മശക്തി കുറഞ്ഞുകൊണ്ടിരിക്കും.

ആത്മശക്തി ധാരാളമായി അനുഭവിച്ചുകൊണ്ടിരുന്ന ഒരു ശുശ്രൂഷകന് പണം വർദ്ധിച്ചു. അതിന്റെ പരീക്ഷ അദ്ദേഹത്തെ ബാധിക്കാൻ തുടങ്ങി. അതു ദ്രവ്യാഗ്രഹമായി. ന്യായമായി സമ്പാദിച്ചതാണല്ലോ എന്നോർത്ത് അദ്ദേഹം സ്വയം നീതികരിച്ചു. എന്നാൽ ദൈവത്തിന്റെ ആത്മാവിന് അദ്ദേഹത്തിന്റെ ജീവിതത്തിൽ സ്ഥാനമില്ലാതെയായി.

ദ്രവ്യാഗ്രഹം അതിജാഗ്രതയോടുകൂടി തിരിച്ചറിയേണ്ടതാണ്. മറ്റു പാപങ്ങൾ ഒന്നും തന്നെ ചെയ്യാത്ത വിശുദ്ധന്മാരായിരിക്കും സാത്താന്റെ കുടിലതന്ത്രങ്ങളിൽപ്പെട്ട് ഏറ്റവും വലിയ ദ്രവ്യാഗ്രഹികളായി വിരാജിക്കുന്നത്. മാനദണ്ഡം വച്ച് അളന്ന് ഒരാൾ ദ്രവ്യാഗ്രഹിയാണോ എന്ന് കണ്ടുപിടിക്കുവാനും പ്രയാസമാണ്. മറ്റ് ഏതു പാപങ്ങളും മാനദണ്ഡം വച്ച് കണ്ടുപിടിക്കാം. ദ്രവ്യാഗ്രഹം അവനവൻ തന്നെ കണ്ടുപിടിക്കേണ്ടതാണ്. മനസാണ് അതിന്റെ അടിത്തറ. അവിടെ അങ്കുരിക്കുന്ന ആഗ്രഹങ്ങൾ ദൈവവും ആ വ്യക്തിയും മാത്രമറിയുന്നു.

മറ്റുള്ളവർ ദ്രവ്യാഗ്രഹിയാണെന്നു തെളിയിക്കാനും അവരെ ശിക്ഷിക്കാനുമുള്ള അളവുകോൽ ആരുടെയും കൈവശമില്ല. അവനവൻ ദൈവത്തോടും സ്വന്തം മന:സാക്ഷിയോടും ചോദിച്ച് അക്കാര്യം കണ്ടുപിടിക്കുകയും തിരുത്തുകയും വേണ്ടതാണ്. 'പാപത്തെ പ്രാണത്യാഗത്തോളം എതിർക്കുക' എന്ന വചനത്തിന്റെ അടിസ്ഥാനത്തിൽ ദ്രവ്യാഗ്രഹവും ഉന്മൂലനാശം ചെയ്യപ്പെടേണ്ടതാണ്. ദ്രവ്യാഗ്രഹം ധനികരിൽ മാത്രമല്ല ദരിദ്രരിലും ഉണ്ടാകുന്നതാണ്. പണത്തോട് ആർത്തിയുള്ള ദരിദ്രരും പണത്തോട്

ഒട്ടും ആർത്തിയില്ലാത്ത ധനികരും ഉണ്ട്. ആകയാൽ ദരിദ്രനും ധനികനും ഈ വിഷയത്തിൽ അതീവജാഗ്രത പുലർത്തേണ്ടതാണ്.

ദ്രവ്യാഗ്രഹം പോലെ തന്നെ ദൈവശക്തിയെ ഹനിച്ചുകളയുന്ന മറ്റൊരു പാപസ്വഭാവമാണ് ആത്മീയനിഗളം. ദൈവശക്തിയുടെ ശത്രുക്കളിൽ ഏറ്റവും അപകടകരമായ ഒന്നായി ഇതിനെ വിശുദ്ധബൈബിൾ വിശേഷിപ്പിക്കുന്നു. ആകയാൽ വിശ്വാസികളും ശുശ്രൂഷകരും ഇതിനെ ഏറ്റവും ഭയപ്പെടേണ്ടതാണ്. സമർപ്പണത്തിൽ തെറ്റാത്തവരും പാപങ്ങളിൽ വീഴാത്തവരുമായ ആത്മീയരെയാണ് സാത്താൻ കൂടുതലായും ഈ പാപത്തിന് അടിമകളാക്കുന്നത്. ദൈവം തനിക്കു ശക്തി നൽകിയിട്ടുണ്ട് എന്ന ചിന്തയിൽ അഹങ്കരിച്ചു പോയ ലൂസിഫറും, ശൗൽരാജാവും ഗേഹസിയും അനന്യാസും സഫീറയും അതുപോലെയുള്ളവരും ഇതിന് മികച്ച ഉദാഹരണങ്ങൾ.

ദൈവികകരങ്ങളിൽ താണിരിക്കാതെ പോകുന്നത് ആത്മശക്തി മാറ്റപ്പെടുന്നതിനു കാരണമാകും. ദൈവത്തിനു ഗർവികളെ ഉപയോഗിക്കുവാൻ കഴിയുകയില്ല. 'ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു' (1 പത്രൊസ് 5:5) അങ്ങനെയുള്ളവരെ ദൈവത്തിനു തന്റെ ആത്മാവിനാൽ നിറയ്ക്കുവാൻ സാദ്ധ്യമല്ല. 'ഞാൻ നിഗളിച്ചുപോകാതിരിക്കുവാൻ ജഡത്തിൽ എനിക്കൊരു ശൂലം തന്നിരിക്കുന്നു' എന്ന് അപ്പൊസ്തലനായ പൗലൊസ് രേഖപ്പെടുത്തിയിരിക്കുന്നതും അതുകൊണ്ടാണ്.

പരിഹാസവും പൊട്ടച്ചൊല്ലും ഉത്ഭവിക്കുന്നത് ആത്മീയനിഗളത്തിൽ നിന്നാണ്. അതുകൊണ്ടാണ് 'പരിഹസികളുടെ ഇരിപ്പിടത്തിൽ ഇരിക്കരുതെന്ന്' (സങ്കീർത്തനം 1: 1) ദൈവവചനം അനുശാസിക്കുന്നത്'. ചീത്തത്തരം, പൊട്ടച്ചൊൽ, കളിവാക്ക് ഇങ്ങനെയുള്ളതൊന്നും ആത്മീയർക്ക് പാടില്ലെന്ന്' (എഫെസ്യർ 5:4) പൗലൊസ് മുന്നറിയിപ്പ് നൽകുന്നു. ക്ഷമയുടെയും സ്നേഹത്തിന്റെയും വിനയത്തിന്റെയും സഹിഷ്ണുതയുടെയും ബദ്ധശത്രുവാണ് ആത്മീയനിഗളം മറ്റേതു പാപത്തെക്കാളും അധികമായി ദൈവജനം ആത്മീയനിഗളത്തെ ഭയപ്പെട്ടിരിക്കണം. സഹശുശ്രൂഷകരെ പുച്ഛിക്കുവാനും തരംതാഴ്ത്തുവാനും അവഗണിക്കുവാനും ആത്മീയനിഗളം ഇടയാക്കും. സഹവിശ്വാസിയെ പ്രസംഗത്തിൽ കുത്തിപ്പറയുവാൻ പ്രേരിപ്പിക്കുന്നതും ആത്മീയനിഗളമായിരിക്കും. ഞാൻ എന്ന ഭാവത്തെ വളർത്തി നമ്മിലുള്ള അഹന്തയെ ചീർപ്പിച്ച് പാതാളത്തോളം കൊണ്ടെത്തിക്കുവാൻ കഴിവുള്ള ഒരു ഭീകരപാപമത്രേ ആത്മീയനിഗളം.

ദൈവത്തിന്റെ ആത്മാവ് പഴയനിയമത്തിലെ ശൗലിന്റെ മേൽ വന്നപ്പോൾ അവൻ വലിയ യുദ്ധങ്ങളിൽ ജയിച്ചു. ശത്രുക്കളുടെ മേൽ ജയം ആഘോഷിച്ചു. ദൈവജനത്തെ ഉന്നതസ്ഥാനത്ത് എത്തിച്ചു. എന്നാൽ ശൗലിൽ ആത്മീയ നിഗളം കയറി അവൻ ദൈവത്തെ അനുസരിക്കാതെയായി. ദൈവം തന്റെ ശക്തിയെ പിൻവലിച്ചു. ശൗൽ കുന്തത്തിന്മേൽ വീണുമരിച്ചു. ഇത് പലരുടെയും അനുഭവമായിട്ടുണ്ട്.

സമൃദ്ധിയിൽ ജീവിക്കുന്നതിനാലും ആത്മീയനിഗളം പ്രബലപ്പെടുവാനും വേരുറയ്ക്കുവാനും സാദ്ധ്യതയുണ്ട്. ദൈവഭക്തിയും സമൃദ്ധിയും തമ്മിൽ പൊരുത്തപ്പെടാറില്ല. അഭിവൃദ്ധി പ്രാപിച്ച ദൈവദാസന്മാർ അല്പകാലത്തേക്ക് ശോഭിക്കും. എന്നാൽ അഭിവൃദ്ധിയോടു കൂടിയ സമൃദ്ധിയായ ജീവിതാനുഭവങ്ങളാൽ അഹംഭാവപൂർവം ജീവിച്ചു തുടങ്ങുമ്പോൾ തങ്ങളറിയാതെ ദൈവശക്തി അവരെ വിട്ടുപോകും. അഭിവൃദ്ധിയുടെ സുവിശേഷത്തിനു പിന്നാലെ പരക്കം പാഞ്ഞ് ആത്മീയനിഗളികളായി ദൈവശക്തി നഷ്ടമാക്കിയ അനേകർ ഇന്ന് ആത്മീയഗോളത്തിലുണ്ട്.

'യേശുക്രിസ്തുവിന്റെ നല്ല ഭടനായി കഷ്ടമനുഭവിക്കുക' എന്നാണ് ദൈവവചനം. (2 തിമൊഥെയൊസ് 2:3) 'സമൃദ്ധിയുടെ സുവിശേഷം' (Prosperity Gospel) ദൈവശക്തിക്കെതിരായി അദൃശ്യമായി പ്രവർത്തിക്കുന്ന ഒന്നാകയാൽ പാപത്തെ ഭയപ്പെടുന്നതുപോലെ തന്നെ അഭിവൃദ്ധിയെയും ദൈവജനവും ശുശ്രൂഷകവൃന്ദവും ഭയപ്പെടുന്നതാണ് അഭികാമ്യം. പൗലോസ് അപ്പോസ്തലന്റെ പ്രബോധനവും ശ്രദ്ധിക്കുക: ദൈവം നിങ്ങളെക്കുറിച്ച് അത്യന്തം ജാഗരൂകനായിരിക്കുന്നതുപോലെതന്നെ, ഞാനും നിങ്ങളെക്കുറിച്ച് ജാഗരൂകനായിരിക്കുന്നു. കാരണം, നിങ്ങളെ നിർമലകന്യകയായി ക്രിസ്തു എന്ന ഏകപുരുഷനു ഏൽപ്പിച്ചുകൊടുക്കാൻ ഞാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. എന്നാൽ, പിശാച് ഹവ്വായെ തന്ത്രപൂർവം കബളിപ്പിച്ചതുപോലെ നിങ്ങളുടെയും ഹൃദയത്തെ ക്രിസ്തുവിനോടുള്ള പാതിവ്രത്യത്തിൽനിന്നും നിർമലതയിൽനിന്നും തെറ്റിച്ചുകളയുമോ എന്നു ഞാൻ ഭയപ്പെടുന്നു. ആകയാൽ സൂക്ഷിച്ചാൽ നാമും ദു:ഖിക്കേണ്ടി വരികയില്ല. ●

## ഗാനപശ്ചാത്തലം

# ദൈവകൃപയിൽ ഞാനാശ്രയിച്ചു...

**ജീ**വിതത്തിന്റെ ഏതവസ്ഥയിലും പാടി ആശ്വസിക്കാനുതകുന്ന നിരവധി ഗാനങ്ങളെ ക്രൈസ്തവ കൈരളിക്കു സമ്മാനിച്ച സഹോദരൻ ചാൾസ് ജോണിന്റെ സുവർണ്ണ തൂലികാത്തുമ്പിൽ നിന്നും ഹൃദയവേദനയിൽ ഉതിർന്ന വരികളാണ് ദൈവകൃപയിൽ ഞാനാശ്രയിച്ചു എന്ന് തുടങ്ങുന്ന ഗാനം. 1980-ൽ ആശുപത്രിയിൽ വച്ച് എഴുതിയ അതീവസുന്ദരമായ ഒരു ഗാനമാണ് ദൈവകൃപയിൽ ഞാനാശ്രയിച്ച്, അവൻ വഴികളെ ഞാനറിഞ്ഞു, അനുഗമിച്ചിടും അവനുടെ ചുവടുകളെ എന്നാരംഭിക്കുന്ന ആശ്വാസഗാനം.

ആത്മീയജീവിതം ഒരു പ്രത്യേക അവസ്ഥയിലൂടെ കടന്നുപോകുന്ന കാലം. ദൈവാശ്രയം വർധിക്കാനുള്ള ആഗ്രഹത്തിൽ ഏറെ പ്രാർത്ഥിച്ചു. അപ്പോൾ തന്റെ ആദ്യമകന് ഒന്നരവർഷം മാത്രമായിരുന്നു പ്രായം. കുഞ്ഞിന് ആ നാളുകളിൽ അസുഖം പിടിപെട്ടു. പരിഭ്രാന്തരായ മാതാപിതാക്കൾ കുഞ്ഞിനെയും കൊണ്ട് ആശുപത്രിയിലേക്ക് ഓടി. കുഞ്ഞിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു ചികിത്സിക്കാൻ ഡോക്ടർ നിർദ്ദേശിച്ചു. ചികിത്സ ആരംഭിച്ചു. ദിവസങ്ങൾ കഴിയുന്തോറും അസുഖത്തിന്റെ കാഠിന്യം വർദ്ധിച്ചു. മനോവേദനയും പല ശോധനയും മാറാതെ ഏറിടുന്ന അനുഭവം അദ്ദേഹത്തിന് ഉണ്ടായി. വൈദ്യശാസ്ത്രം കൈവിടുന്നു എന്ന നിലയിലേക്ക് കാര്യങ്ങൾ എത്തി. സകല പ്രതീക്ഷകളും അണഞ്ഞു എന്ന് തന്നെ പറയാം.

എങ്കിലും ആദ്യംമുതൽ ആശ്രയിച്ചു പോരുന്ന ദൈവകൃപയിൽ കൂടുതൽ ആശ്രയം താൻ കണ്ടെത്തി. ദൈവവഴി എന്ത് തന്നെയായാലും അതറിഞ്ഞ് അനുഗമിക്കുമെന്ന് താൻ മനസ്സിലുറച്ചു. ആ പ്രതിസന്ധിയുടെ നടുവിലും യോഗത്തിന് പോകുവാനൊരുങ്ങിയ തനിക്ക് കുഞ്ഞിന്റെ രോഗം വർദ്ധിച്ചതിനാൽ ആശുപത്രിയിലേക്ക് തിരിച്ചു വരേണ്ടതായി വന്നു. ഐസിയുവിൽ പ്രവേശിപ്പിച്ചു ചികിത്സിച്ചു എങ്കിലും കുഞ്ഞിനെ തിരികെ ലഭിക്കില്ല, കുട്ടി മരിച്ചു പോവുകയേ ഉള്ളൂ എന്നുപോലും താൻ ചിന്തിച്ചു. കുഞ്ഞിന്റെ രോഗാവസ്ഥയിൽ തകർന്ന മനസ്സുമായി ആശുപത്രിയിൽ താനും ഭാര്യയും വളരെ ഹൃദയവേദനയോടെ കഴിഞ്ഞു. അന്ന് രാത്രിയിൽ ആശുപത്രി വരാന്തയിൽ ഇരുന്നുകൊണ്ട് ഹൃദയത്തിൽ നിന്ന് താൻ ഇപ്രകാരം പാടി :-

***മനോവേദന പലശോധന***
***മമ ജീവിതപാതയതിൽ***
***മാറാതേറിടുമ്പോൾ ആത്മനാഥനവൻ***
***മാറിൽ ചാരി ഞാൻ ആശ്വസിക്കും.***


ആ വരികൾ പാടി അല്പം ആശ്വസിച്ച താൻ പ്രാർത്ഥനയോടെ ഉറങ്ങാൻ പോയി. ഉണർന്നും ഉറങ്ങിയും രാത്രി കഴിച്ചുകൂട്ടി. പ്രഭാതമായപ്പോൾ നേഴ്സ് വന്നുപറഞ്ഞു: കുഞ്ഞിന് അല്പം ആശ്വാസമുണ്ട്. ഗുരുതരാവസ്ഥ പിന്നിട്ടു എന്ന്. ആ വാർത്ത കേട്ടപ്പോൾത്തന്നെ പിതൃഹൃദയം വീണ്ടും സന്തോഷിച്ചുകൊണ്ട് ഇപ്രകാരം പാടി :-

***എത്ര നല്ലവൻ മതിയായവൻ***
***എന്നെ കരുതുന്ന കർത്തനവൻ***
***എന്റെ ആവശ്യങ്ങൾ എല്ലാം അറിഞ്ഞിടുന്ന***
***ഏറ്റം അടുത്ത സഹായകൻ താൻ.***

അതിനുശേഷം ദൈവകൃപയിൽ ഞാൻ ആശ്രയിച്ച് എന്ന വരികൾ കുറിച്ചിടുമ്പോൾ ഹൃദയത്തിലാശ്വാസത്തിന്റെ മാരി പെയ്തിറങ്ങുകയായിരുന്നു. തന്റെ കുഞ്ഞിന്റെ കഠിനമായ രോഗാവസ്ഥയിൽ ആശുപത്രിയിൽ വച്ച് രണ്ട് ദിവസങ്ങളിലായി രചിച്ച ഈ ഗാനം ഇന്ന് മലയാളലോകം മാത്രമല്ല അനേകർ നെഞ്ചോട് ചേർത്ത് പാടി ആശ്വസിക്കുന്ന സുന്ദരഗാനമായി ഭുവനപ്രസിദ്ധമാവുകയും ചെയ്തു.

***കടപ്പാട്***





ഡോ. സുജിത്ത് സൈമൺ

# കൗമാരക്കാർ നേരിടുന്ന പ്രശ്നങ്ങൾ

**കൗ**മാരപ്രായത്തിൽ ആശയക്കുഴപ്പം, ടെൻഷൻ, സങ്കടം, അരക്ഷിതബോധം, ആത്മവിശ്വാസക്കുറവ്, നിരാശ, ജിജ്ഞാസ എന്നിവയെല്ലാം സാധാരണയായി കാണുന്ന പ്രശ്നങ്ങൾ ആണ്. ശൈശവത്തിനും യൗവനത്തിനും ഇടയ്ക്കുള്ള കാലമാണല്ലോ കൗമാരം. 13 വയസ്സിനും 19 വയസ്സിനും ഇടയ്ക്കുള്ള ഈ പ്രായം, മാതാപിതാക്കളുടെ തണലിൽ നിന്നും നിയന്ത്രണങ്ങളില്ലാതെ ലോകത്തിലേക്കും, കുടുംബത്തിൽ നിന്ന് കൂട്ടുകാരിലേക്കും ഉള്ള ഒരു പ്രയാണമാണ്. മുതിർന്നവരുടെ ഉപദേശങ്ങൾ സ്വീകരിക്കാൻ മടിയും സ്വതന്ത്രരായി നടക്കാനുള്ള താല്പര്യവും കാണിക്കുന്ന ഈ പ്രായത്തിൽ ശാരീരികമായും, മാനസികമായും, സാമൂഹ്യമായും, ആത്മീയമായുമുള്ള പൊരുത്തക്കേടുകളുടെ നേരെ പ്രതികരിക്കുവാൻ, ഉത്സാഹം ഉള്ളവർ ആയിത്തീരുന്നു. ശരീരവളർച്ചയ്ക്കും, ചിന്തകൾക്കും വരുന്ന വ്യതിയാനം, മറ്റുള്ളവരുമായി താരതമ്യം ചെയ്യുമ്പോൾ സ്വന്തം കഴിവുകളും സൗന്ദര്യവും കുറവാണെന്നുള്ള അപകർഷതാബോധം, അധ്യാപകരിൽ നിന്നും ലഭിക്കുന്ന ശകാരം, കുറ്റപ്പെടുത്തൽ , സഹോദരങ്ങളുമായുള്ള കലഹം, പഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ, പരീക്ഷാപേടി, അശാന്തി നിറഞ്ഞ ഗൃഹാന്തരീക്ഷം, പലതരത്തിലുള്ള അഡിക്ഷൻസ് (Addictions), ഒറ്റപ്പെടൽ, പ്രണയ പരാജയം മുതലായവയാണ് കൗമാരക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. എന്നാൽ ഈ വെല്ലുവിളികളെ വിജയകരമായി നേരിടുന്നവർ നല്ല ആത്മവിശ്വാസവും വ്യക്തിത്വ വികസനവും ഉള്ളവരായി മാറുന്നു.

**കൗമാരക്കാർ പ്രശ്നങ്ങളെ പ്രധാനമായും നേരിടുന്നത് അഞ്ച് മേഖലകളിലാണ്.**

**1. ശാരീരിക തലം:** ശരീരത്തെ കുറിച്ചുള്ള അമിതമായ ഉത്കണ്ഠ കാരണം സ്വന്തരൂപം, തൂക്കം, വലിപ്പം, വളർച്ച, ചർമ്മത്തിന്റെ നിറം, മുതലായ കാര്യങ്ങളിൽ അമിതമായി ശ്രദ്ധ ചെലുത്തുന്നു. ശരീരം എത്രയും ആകർഷകം ആക്കുവാൻ ഈ പ്രായത്തിലുള്ള ആൺകുട്ടികളും പെൺകുട്ടികളും ഒരുപോലെ ശ്രദ്ധിക്കും. പൂർണ്ണമായും സ്വന്തം ആകാരത്തിൽ തൃപ്തരല്ലാത്ത ഇവർ ശാരീരിക മാറ്റത്തോട് പൊരുത്തപ്പെടാനുള്ള ശ്രമത്തിന്റെ ഭാഗമായി വസ്ത്രധാരണം, ഹെയർ സ്റ്റൈൽ, ഇവയിൽ ഒക്കെ കൂടുതൽ സമയം ചെലവഴിക്കും. സഭാപ്രസംഗി 12:1 പറയുന്നു: നിന്റെ യൗവനകാലത്തു നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊൾക. കൗമാരവും യൗവനവും, വഴിതെറ്റി പോകുവാൻ സാധ്യതയുള്ള കാലമായതിനാൽ ശ്രദ്ധിക്കണം. ശരീരം ആരോഗ്യമുള്ളതാക്കാനും ഉത്സാഹവും, ഉന്മേഷവും എപ്പോഴും നിലനിർത്താനും ഭക്ഷണരീതിയിൽ വളരെ ശ്രദ്ധിക്കണം. തെറ്റായ ഭക്ഷണരീതിയുടെ കാരണമായി പൊണ്ണത്തടി, പോഷകാഹാരക്കുറവ്, എന്നി

വയും അവയുമായി ബന്ധപ്പെട്ട രോഗങ്ങളും ഉണ്ടാകുന്നു. എന്നാൽ എല്ലാ പോഷകാംശങ്ങളും അടങ്ങിയ സന്തുലിത ആഹാരത്തോടൊപ്പം ശരീരത്തിന്റെ ആരോഗ്യം നിലനിർത്താൻ ഏകദേശം 60 മിനിറ്റ് വ്യായാമം ചെയ്യുന്നതും വളരെ ആവശ്യമാണെന്ന് മനസ്സിലാക്കേണ്ടതാണ്.

**2. ഭൗതികതലം:** ശാരീരിക വ്യതിയാനങ്ങളോടൊപ്പം ഭൗതികതലത്തിലും മാറ്റങ്ങൾ ഉണ്ടാകുന്നു. എല്ലാ കാര്യത്തെയും യുക്തിയോടെ ക്രിയാത്മകവും വിമർശനാത്മകവും ആയ രീതിയിൽ ചിന്തിച്ച് അതിന്റെ യാഥാർത്ഥ്യങ്ങളും ആദർശങ്ങളും തമ്മിൽ വേർതിരിച്ചറിയാൻ ശ്രമിക്കുന്നു. ജീവിതത്തെക്കുറിച്ച് ഒരുപാട് കഥകളും സങ്കൽപ്പങ്ങളും ഈ പ്രായക്കാർ മെനഞ്ഞുണ്ടാക്കുന്നു.സ്കൂളുകളിൽ നിന്നും പുസ്തകങ്ങളിൽ നിന്നും ലഭിച്ച അറിവുകൾ പരീക്ഷിച്ചറിയുവാൻ ശ്രമിക്കുന്നു. കൂട്ടുകാരുടെ കൂടെ കൂടുതൽ സമയം ചെലവഴിക്കാൻ താല്പര്യപ്പെടുന്ന കൗമാരക്കാർ വ്യക്തി സ്വാതന്ത്ര്യം ആഗ്രഹിക്കുന്നു. സമൂഹത്തിന്റെയും സമപ്രായക്കാരുടെയും മാധ്യമങ്ങളുടെയും സ്വാധീനം കാരണം മാതാപിതാക്കളുടെ താൽപര്യങ്ങളെ പൂർണമായി അനുസരിക്കാൻ കഴിയാതെ അവരിൽ നിന്ന് അകലുന്നു. എന്നാൽ വാസ്തവത്തിൽ ഈ സമയത്താണ് മാതാപിതാക്കൾ കൗമാരക്കാർക്ക് പ്രത്യേക കരുതലും, ശ്രദ്ധയും, സ്നേഹവും കൊടുക്കേണ്ടത്. കൗമാരക്കാരുടെ സ്വഭാവത്തിലും പെരുമാറ്റത്തിലും വന്നിരിക്കുന്ന മാറ്റങ്ങളെ കേവലം വിമർശിക്കാതെ ശരിയായി ഉൾക്കൊണ്ട് അവർക്ക് വേണ്ട മാർഗനിർദ്ദേശവും മൂല്യങ്ങളും പകർന്നു കൊടുക്കുകയാണ് വേണ്ടത്. മാതാപിതാക്കൾ മക്കളുടെ ശത്രുക്കൾ അല്ല. മാതാപിതാക്കളുടെ അമിത താല്പര്യമാണ് മക്കളുടെ സ്വാതന്ത്ര്യനിഷേധമായി ചിത്രീകരിക്കുന്നതെന്ന് കൗമാരക്കാരും മാതാപിതാക്കളും മനസ്സിലാക്കണം.

**3. മാനസികതലം:** ഒരു ശിശു മാതാപിതാക്കൾക്ക് കീഴ്പ്പെട്ടു നിൽക്കുന്നു. എന്നാൽ ഒരു കൗമാരക്കാരൻ അവരിൽനിന്ന് അകന്നു സ്വന്തം വ്യക്തിത്വം കണ്ടെത്തുവാൻ ശ്രമിക്കുന്നു. അതോടൊപ്പം ശാരീരികവും, ഭൗതികവും, മാനസികവുമായ, പൊരുത്തക്കേടുകളുടെ ഭാഗമായി മാനസികസംഘർഷങ്ങളും, ചിന്താകുലങ്ങളും, വൈകാരികമായ അസ്വസ്ഥതകളും വർദ്ധിക്കുന്നു. ഇതുകൊണ്ടാണ് ചെറിയ പ്രകോപനം ഉണ്ടാകുമ്പോൾ ക്ഷമയും, സഹനവും നഷ്ടപ്പെട്ടു തങ്ങളെ തന്നെ നിയന്ത്രിക്കാൻ കഴിയാതെ ദേഷ്യം, ദു:ഖം, അമർഷം, ലജ്ജ, നിരാശ തുടങ്ങിയ വികാരങ്ങൾ വർധിതനിലയിൽ പ്രകടിപ്പിക്കുന്നത്. മറ്റുള്ളവരുടെ ദൃഷ്ടിയിൽ നിസ്സാരമെന്നു തോന്നുന്ന കാര്യങ്ങൾക്ക് കൗമാരക്കാർ അങ്ങേയറ്റം പ്രാധാന്യം കൊടുത്തു എന്ന് വരാം.

**4. സാമൂഹികതലം:** സ്വയം ആരാണെന്നുള്ള കണ്ടെത്തലിന് ഒപ്പംതന്നെ സമൂഹത്തിൽ തങ്ങളുടെ സ്ഥാനം എന്താണെന്ന് ഉറപ്പിക്കുവാനും, അത് തെളിയിക്കുവാനും കൗമാരക്കാർ ശ്രമിക്കുന്നു. മാതാപിതാക്കളും, കുടുംബാംഗങ്ങളും, സുഹൃത്തുക്കളും അധ്യാപകരും, സഹപാഠികളും. ഇതാണ് ബന്ധങ്ങളുടെ വ്യത്യസ്ത തലങ്ങൾ. സമൂഹം, മാതാപിതാക്കൾ, കൂട്ടുകാർ തുടങ്ങിയവർക്കെല്ലാം കൗമാരക്കാരെ കുറിച്ച് വ്യത്യസ്തമായ പ്രതീക്ഷകളാണുള്ളത്. ഈ പ്രതീക്ഷകളോടുള്ള പ്രതികരണം ഒരു പരിധിവരെ കൗമാരക്കാരെ ആശയക്കുഴപ്പത്തിലാക്കുന്നു. കൂടെയുള്ളവരുടെ എല്ലാം പ്രതീക്ഷകൾ ഒരുപോലെ നിറവേറ്റാൻ സാധിക്കാതെ വരുമ്പോൾ പല കൗമാരക്കാരും സമൂഹത്തിൽ ഒറ്റപ്പെടൽ അനുഭവിക്കാറുണ്ട്. ഇതിനുള്ള പരിഹാരം അച്ഛനമ്മമാർ, ബന്ധുക്കൾ, സഹോദരങ്ങൾ, പക്വമതികളായ കൂട്ടുകാർ എന്നിവരോട് ആരോഗ്യകരമായ ബന്ധങ്ങൾ സ്ഥാപിക്കുക എന്നുള്ളതാണ്.

**5. ആശയവിനിമയതലം:** നിങ്ങൾ നിങ്ങളെക്കുറിച്ചും നിങ്ങളുടെ തോന്നലുകൾ, സംശയങ്ങൾ, ആശങ്കകൾ, ഇവ അവരോട് തുറന്നുപറയുകയും, അവർ പറയുന്നത് ശ്രദ്ധിച്ചു കേൾക്കുകയും ചെയ്യണം. വിഷമഘട്ടത്തിൽ നിങ്ങൾക്ക് വേണ്ട പിന്തുണ നൽകാനും നിങ്ങളുടെ പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്ത് ശരിയായ പരിഹാരം നിർദ്ദേശിക്കാനും അവർക്ക് കഴിയുമെന്ന് ഉറപ്പുവരുത്തുക. ഇതിന് കഴിയാത്ത അനാരോഗ്യകരമായ ബന്ധങ്ങളിൽ ആശ്രയിക്കുന്നതും വിശ്വസിക്കുന്നതും വളരെ ആപൽക്കരമാണ്.

ശരിയായ ആത്മീയ പ്രവർത്തനങ്ങളിൽ കുഞ്ഞുങ്ങളെ പരിശീലിപ്പിക്കുകയും പങ്കാളികളാക്കുകയും ചെയ്യുന്നതുവഴി യേശുകർത്താവുമായി നല്ല കൂട്ടായ്മയിലേക്ക് അവരെ നയിക്കുവാൻ സാധിക്കും. ഒരു വലിയ പരിധിവരെദോഷകരമായ ചിന്തകളിൽ നിന്നും പ്രവർത്തികളിൽ നിന്നും കൂട്ടുകെട്ടുകളിൽ നിന്നും ഒഴിഞ്ഞു പോകുന്നതിനു കൗമാരക്കാർക്ക് വളരെ സഹായകമാണ്. ●



വാച്ച്മാൻ നീ

# നുറുക്കമുള്ള ഒരു ഹൃദയം

യാക്കോബിന്റെ ചരിത്രം നമ്മുടെ ജീവിതത്തിന് സമാനമാണ്. യാക്കോബിനെ ഉപായിയും കൗശലക്കാരനും ആയി പലരും വിലയിരുത്തുന്നു. എന്നാൽ നമ്മിലെ ജഡസ്വഭാവവും ബലഹീനതയും പാപവും സ്വയേച്ഛയും സ്വയം തിരിച്ചറിയുമ്പോൾ, നമ്മിൽത്തന്നെ നാം യാക്കോബിനെ കാണുന്നു. തന്റെ ജീവിതത്തിന്റെ അവസാന വർഷങ്ങളിൽ അവന്റെ വാക്കുകളും പെരുമാറ്റവും കാണുമ്പോൾ, അവനിൽ വ്യാപാരിച്ച ദൈവകൃപയെ നാം വാഴ്ത്തേണ്ടതുണ്ട്. പഴയനിയമത്തിൽ തന്റേതു പോലുള്ള ഒരു അന്ത്യം കണ്ടെത്തുക പ്രയാസമാണ്. ദൈവം അവനിൽ അത്ഭുതകരമായി പ്രവർത്തിച്ചതും ദൈവകൃപ അവനെ നയിച്ചതും മനസ്സിലാക്കുമ്പോൾ നിറകണ്ണുകളോടെ നാമും ദൈവത്തിനു മഹത്വം അർപ്പിക്കും. പ്രത്യാശയില്ലാത്ത ഒരു മനുഷ്യനെ ദൈവോദ്ദേശ്യത്തിന് ഏറ്റവും ഉപകാരപ്രദമായ ഒരു പാത്രമാക്കി മാറ്റിയിരിക്കുന്നു എന്നത് തികച്ചും അത്യത്ഭുതമല്ലേ?

യാക്കോബിലെ ഈ ഫലപ്രാപ്തി മുഴുവനും ദൈവം അവനെ ഉടച്ച് പണിതതിന്റെ ഫലമായിരുന്നു. ദൈവം അവന്റെ ജഡസ്വഭാവങ്ങളെ തകർത്തു കളഞ്ഞു. അതിന്റെ ഫലമായി അവൻ യഥാസമയം മാനപാത്രമായി. പരിശുദ്ധാത്മാവ് ബാലശിക്ഷയിലൂടെ ശിക്ഷിക്കുന്നതുകൊണ്ടാണ് ശിഷ്യന്റെ ജീവിതം ക്രിസ്തുസ്വഭാവത്തിലേക്ക് വളരുന്നത്. അതുകൊണ്ട് യാക്കോബിൽ നിന്ന് നമുക്ക് ഒരുപാട് പഠിക്കാനുണ്ട്.

ജനനം മുതൽ ഒരു പോരാളിയായിരുന്നു യാക്കോബ് (ഉൽപത്തി 25:22-26). തുടക്കം മുതൽ ഒരു തന്ത്രശാലിയും മിടുക്കനും, കൗശലക്കാരനും, തനിക്ക് എന്തും ചെയ്യാൻ കഴിയുമെന്ന ആത്മവിശ്വാസവും ഉള്ളവനായിരുന്നു. അങ്ങനെയുള്ള ഒരു മനുഷ്യനെ ദൈവം തന്റെ ഉദ്ദേശ്യത്തിനായി മാനപാത്രമാക്കി ഉപയോഗിച്ചത് നമുക്ക് പ്രതീക്ഷ നൽകുന്ന ഒന്നാണ്. സ്വഭാവത്താൽ യാക്കോബ് ദൈവത്തിന് പ്രയോജനമില്ലാത്ത ഒരു മനുഷ്യനായിരുന്നു. മുൻനിർണ്ണയപ്രകാരം ദൈവം ആ മനുഷ്യനെ തിരഞ്ഞെടുക്കാൻ ആഗ്രഹിച്ചു. ദൈവത്തിന്റെ തിരഞ്ഞെടുപ്പിൽ നാം വിശ്വസിക്കണം. അവിടുന്ന് നമ്മിൽ ഒരു നല്ല പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെങ്കിൽ, അത് പാതിവഴിയിലുപേക്ഷിക്കുകയില്ല. ദൈവം നമ്മിലാരംഭിച്ച പ്രവർത്തി പൂർത്തിയാക്കും. നാം ദൈവത്തിന്റെ തിരഞ്ഞെടുപ്പിൽ വിശ്വസിക്കുകയാണെങ്കിൽ, നമുക്ക് അവനിൽ വിശ്രമിക്കാം.

എന്നെ ഉപയോഗിക്കുവാൻ ഞാൻ ഒട്ടും യോഗ്യനല്ല എന്ന് നാം പറയുന്നുവെങ്കിൽ യാക്കോബിന്റെ ദൈവത്തിൽ ആശ്രയിക്കുക. യാക്കോബ് ദൈവത്തെ തിരഞ്ഞെടുത്തില്ല; ദൈവം യാക്കോബിനെ അവന്റെ ജനനത്തിനു മുമ്പ് തിരഞ്ഞെടുത്തു. നമ്മുടെ കാര്യത്തിലും അങ്ങനെതന്നെ. ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട കൃപ തിരിച്ചറിയുക, അങ്ങനെ ഉത്കണ്ഠയിൽ നിന്ന് നാം മോചിതരാകും.

യാക്കോബ് ഏശാവിനെ ഭരിക്കണമെന്നത് ദൈവഹിതമായിരുന്നു. യാക്കോബ് അത് തിരിച്ചറിഞ്ഞു. തന്നെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയെക്കുറിച്ച് പഠിക്കുകയും അതിന്റെ പ്രാധാന്യം തിരിച്ചറിയുകയും ചെയ്തു, ദൈവത്തിന്റെ തിരഞ്ഞെടുപ്പും ദൈവോദ്ദേശ്യവും അവൻ കണ്ടു, പക്ഷേ അത് സ്വയം പ്രവർത്തിപഥത്തിൽ കൊണ്ടുവരുവാൻ അവൻ ആഗ്രഹിച്ചു. അങ്ങനെ അവരുടെ യൗവനത്തിൽ, ഒരു ദിവസം വേട്ടയാടി ഏശാവ് തിരിച്ചെത്തിയപ്പോൾ, യാക്കോബ് അവന്റെ ജ്യേഷ്ഠാവകാശത്തിനായി അവനോട് വിലപേശി. അവന്റെ ഉദ്ദേശ്യം ശരിയായിരുന്നു, എന്നാൽ ദൈവം തനിക്കു നൽകാൻ ഉദ്ദേശിച്ചത് നേടാൻ തിരഞ്ഞെടുത്ത മാർഗ്ഗം തെറ്റായിരുന്നു. അതിനായി അവൻ സ്വന്തം ബുദ്ധി ഉപയോഗിച്ചു.

27-ാം അധ്യായത്തിൽ, പിതാവിന്റെ അനുഗ്രഹം ലഭിക്കാൻ യാക്കോബ് പിതാവിനെയും വഞ്ചിച്ചു. തീർച്ചയായും നമുക്ക് യാക്കോബിന്റെ കൗശലം കാണാൻ കഴിയും. ഇസഹാക്ക് ഏശാവിനെ വേട്ടയാടാൻ അയച്ചു, അവനെ അനുഗ്രഹിക്കുവാൻ തീരുമാനിച്ചു. അങ്ങനെ സംഭവിക്കുകയും ഏശാവിനു ആദ്യജാതന്റെ അനുഗ്രഹം

ലഭിക്കുകയും ചെയ്താൽ, ദൈവവാഗ്ദാനത്തിന്റെ കാര്യമോ? ആ വാഗ്ദാനത്തിനു പിന്നിലെ പദ്ധതി യാക്കോബ് കണ്ടിരുന്നു. ഏശാവിനെ ഇസഹാക്ക് അനുഗ്രഹിക്കുന്നതിലെ അപകടവും അവൻ കണ്ടു. ദൈവഹിതം നിറവേറ്റാൻ എങ്ങനെയെങ്കിലും തന്ത്രം മെനയണം എന്ന ജഡത്തിന്റെ ചിന്ത അവനിൽ അങ്കുരിച്ചു.. അവന്റെ വീക്ഷണത്തിൽ തികച്ചും ശരിയാണ്, പക്ഷേ അത് തന്നിലെ ജഡമനുഷ്യന്റെ ന്യായവാദം ആയിരുന്നു. യാക്കോബ് ചെയ്ത ഓരോ കാര്യവും ദൈവഇഷ്ടം നിറവേറ്റാൻ ഉദ്ദേശിച്ചായിരുന്നു. ദൈവത്തിന്റെ സമയത്തിനായി കാത്തിരിക്കാനും ദൈവത്തിലേക്ക് നോക്കാനും അവൻ മനസ് വച്ചില്ല.

ജഡമനുഷ്യൻ ദൈവഹിതത്തെ മറികടക്കാൻ മനുഷ്യശക്തിയും ചാതുര്യവും ഉപയോഗിക്കുന്നു. ദൈവത്തിന്റെ സിംഹാസനം വീഴാൻ സാധ്യതയുള്ളതായി തോന്നുകയാണെങ്കിൽ, അതിനെ ഉറപ്പിച്ചു നിർത്തുവാൻ നാം നമ്മുടെ കൈകൾ ഉയർത്തുന്ന മൗഢ്യത. കഴിവുള്ള, തന്ത്രവും മിടുക്കുമുള്ള ജഡികമനുഷ്യൻ. എന്നാൽ അവന്റെ പരിശ്രമത്തിന്റെ ഫലം എന്തായിരുന്നു? താൻ വഞ്ചിക്കപ്പെട്ടതായി ഏശാവിനു തോന്നി, അവനെ കൊല്ലാൻ തീരുമാനിച്ചു, യാക്കോബിന് വീട് വിടേണ്ടിവന്നു.

മനുഷ്യന്റെ അശുദ്ധി അവനെ അയോഗ്യനാക്കുന്നു എന്നുമാത്രമല്ല, ദൈവഹിതം നിറവേറുന്നതിൽ വിപരീത മനോഭാവം ഉള്ളവനായും മാറുന്നു. ഉദ്ദേശ്യങ്ങൾ എത്ര പരിപൂർണ്ണമാണെങ്കിലും, അത് ചെയ്യാൻ മനുഷ്യൻ തന്റെ സ്വാഭാവിക ശക്തി ഉപയോഗിച്ചാൽ, പരാജയമാണ് ഫലം. അവൻ ദൈവത്തിന്റെ തിരഞ്ഞെടുപ്പായിരുന്നു, എന്നാൽ അവൻ ദൈവത്തെ അറിഞ്ഞില്ല. വഞ്ചനയിലൂടെ അവൻ നേടിയ അനുഗ്രഹം അത് ശരിക്കും തിരിച്ചറിയുന്നതിൽ പരാജയപ്പെട്ടു. അവനു ലഭിച്ചത് ദൈവത്തിന്റെ ശിക്ഷണമായിരുന്നു. യാക്കോബിനെപ്പോലുള്ളവർക്കു ഇത് ധാരാളം ലഭിക്കും!

അവൻ നേടിയെടുക്കാൻ ആഗ്രഹിച്ച അനുഗ്രഹം ശിക്ഷണത്തിലൂടെ ദൈവം അവനു നൽകി. ബെഥേലിൽ, അവൻ ദേശം വിട്ടുപോകുന്നതിനു മുമ്പ്, അവന്റെ ശിക്ഷണജീവിതം ആരംഭിച്ചു (ഉല്പത്തി 28. 10 - 22). ദൈവം സ്വപ്നത്തിൽ അവനോട് സംസാരിച്ചു. സ്വന്തം പദ്ധതികളിൽ വിശ്വാസമർപ്പിച്ചപ്പോൾ ഒരിക്കൽപ്പോലും ദൈവത്തിനു യാക്കോബിനോട് സംസാരിക്കാൻ കഴിഞ്ഞില്ല. എന്നാൽ ഇപ്പോൾ ദൈവം യാക്കോബിനോട് പറയുന്നത് നോക്കൂ! ഞാൻ നിന്റെ പിതാവായ അബ്രഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും ആകുന്നു; നീ കിടക്കുന്ന ദേശം ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും; നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ ആകും; നീ പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും വ്യാപിക്കും; നിന്നിലും നിന്റെ സന്തതിയിലും ഭൂമിയിലെ സകല കുടുംബങ്ങളും അനുഗ്രഹിക്കപ്പെടും. യാക്കോബിന്റെ ജീവിതാവസാനത്തിൽ ദൈവം ഈ വാക്കുകൾ പറഞ്ഞിരുന്നെങ്കിൽ അത് നമ്മെ അത്ഭുതപ്പെടുത്തില്ല,

അവൻ സ്വാഭാവികമായി തന്ത്രശാലിയും കൗശലക്കാരനും ആയിരിക്കുമ്പോൾ പോലും, മുഴുവൻ അനുഗ്രഹവും അവനു വാഗ്ദത്തം ചെയ്യുന്നു. ഇത് എങ്ങനെ സാധിക്കും? ദൈവം അവനെ അറിഞ്ഞതുകൊണ്ടുമാത്രം. തന്നോട് വളരെ പ്രതിബദ്ധതയുള്ള യാക്കോബിന് തന്റെ കൈകളിൽ നിന്ന് രക്ഷപ്പെടാൻ കഴിയില്ലെന്നും താമസിയാതെ മാനപാത്രമായി മാറുമെന്നും ദൈവത്തിനറിയാമായിരുന്നു. നമ്മിൽ അത്തരം ആത്മവിശ്വാസമുള്ള ദൈവമാണ് നമ്മുടെ ദൈവം എന്നത് എത്ര അത്ഭുതകരമാണ്! യാക്കോബിനെപ്പോലെയുള്ള ഒരു മനുഷ്യനുമായി ദൈവം ഇടപഴകുമ്പോൾ അത്തരം പ്രസ്താവന അപകടകരമാണെന്ന് നമുക്ക് തോന്നിയേക്കാം. പക്ഷേ, കാര്യങ്ങളുടെ അവസാനം ദൈവത്തിനു ഉറപ്പായിരുന്നു; ദൈവത്തിന്റെ പദ്ധതികൾ എപ്പോഴും അവസാനിക്കുന്നത് ഫലപ്രാപ്തിയിലാണ്. ഇപ്പോൾ ദൈവത്തിന്റെ പ്രതീക്ഷ അവനിലാണ്. കാരണം നമ്മുടെ ദൈവം അസാധ്യമൊന്നുമില്ലാത്ത ദൈവമാണ്.

യാക്കോബിന്റെ ആത്മീയ അവസ്ഥ മനസ്സിലാക്കിയിട്ടും ദൈവം അവനെ ബെഥേലിൽ വച്ച് ശാസിക്കുന്നില്ലെന്നുള്ളത് നാം ശ്രദ്ധിക്കേണ്ടതാണ്. യാക്കോബിനെയും അവന്റെ വഞ്ചനയും കുതന്ത്രവും എല്ലാം ദൈവത്തിനറിയാമായിരുന്നു. അവൻ അവിടെ എത്തിയത് എങ്ങനെയായിരുന്നാലും, ആ കാരണത്താൽ തന്നെ ദൈവം അവനെ ശാസിച്ചില്ല. അവൻ എങ്ങനെയായിരുന്നു എന്ന് ദൈവം അവനോട് പറഞ്ഞതുമില്ല. യാക്കോബ് തന്റെ കൈകളിലാണെന്ന് ദൈവത്തിന് അറിയാമായിരുന്നു.

വർഷങ്ങൾക്ക് ശേഷം യാക്കോബ് ബെഥേലിൽ തിരിച്ചെത്തിയപ്പോൾ, അവൻ മറ്റൊരു മനുഷ്യനായിരുന്നു, അത് അങ്ങനെയായിരിക്കുമെന്ന് ദൈവത്തിന് മുന്നമേ അറിയാമായിരുന്നു. യാക്കോബിന്റെ തെറ്റായ നടപടിയെ ദൈവം ഒരിക്കലും അംഗീകരിച്ചിട്ടില്ല. ബെഥേൽ മുതൽ യാക്കോബ് ദൈവത്തിന്റെ കൈയിലായിരുന്നു, ഇരുപതു വർഷത്തെ ശിക്ഷണം അവനിൽ മാറ്റം വരുത്തി. എന്നാൽ ഇവിടെ, തന്റെ യാത്രയുടെ തുടക്കത്തിൽ ലഭിച്ച വാഗ്ദാനത്തിന്റെ അർത്ഥം അദ്ദേഹത്തിന് ഇതുവരെ അറിയില്ലായിരുന്നു. സ്വപ്നത്തിൽ യാക്കോബിന് ലഭിച്ച ഈ വെളിപ്പെടുത്തൽ അവനിൽ ഒരു മാറ്റവും വരുത്തിയില്ല.

യാക്കോബ് ദൈവത്തോട് സംസാരിച്ചു. ദൈവം എന്നോടുകൂടെ ഉണ്ടായിരിക്കുകയും ഞാൻ പോകുന്ന വഴിയിൽ എന്നെ കാത്തുസൂക്ഷിക്കുകയും ഞാൻ വീണ്ടും എന്റെ പിതാവിന്റെ വീട്ടിലേക്ക് വരേണ്ടതിന് എനിക്ക് ഭക്ഷിക്കാൻ അപ്പവും ഉടുക്കാൻ വസ്ത്രവും തരുകയും

ചെയ്താൽ ദൈവത്തെ സേവിക്കാമെന്നു ഉടമ്പടി ചെയ്തു. എങ്കിൽ കർത്താവ് എന്റെ ദൈവമായിരിക്കും, ഞാൻ തൂണായി സ്ഥാപിച്ചിരിക്കുന്ന ഈ കല്ല് ദൈവത്തിന്റെ ഭവനമായിരിക്കും. ദൈവം അവനോട് പറഞ്ഞ വാക്കുകളിൽ നിന്ന് ഇത് എത്ര വ്യത്യസ്തമാണ്. യാക്കോബ് പറയുന്നു, എങ്കിൽ ..എങ്കിൽ... എങ്കിൽ..യാക്കോബിന്റെ ആഗ്രഹങ്ങൾ എന്തെല്ലാമായിരുന്നു? അതായത് ഭക്ഷണവും വസ്ത്രവും.... ദൈവത്തിന്റെ ഉദ്ദേശ്യം അയാൾ ഓർത്തതേയില്ല.

തീർച്ചയായും ഇവിടെ നമുക്ക് ദൈവത്തിന്റെ ശിക്ഷണം കണ്ടുപിടിക്കാൻ കഴിയും. അവൻ ചെറുപ്പമായിരുന്നു, അമ്മയുടെ പ്രിയനായിരുന്നു; ഇപ്പോൾ അവൻ തന്റെ ഭാവിയെക്കുറിച്ച് ഒന്നും അറിയാതെ തനിച്ചായിരിക്കുന്നു. ഈ സാഹചര്യത്തിലും അവന്റെ ശിക്ഷണം ആരംഭിച്ചിരുന്നു. അയാൾക്ക് ഭക്ഷണവും വസ്ത്രവും വേണം, വീട്ടിലേക്ക് മടങ്ങണം . നീ എനിക്ക് തരുന്ന എല്ലാറ്റിന്റെയും പത്തിലൊന്ന് ഞാൻ തീർച്ചയായും നിനക്ക് തരും.അതാണ് യാക്കോബ്! ഇതൊക്കെ തന്നാൽ പത്തിലൊന്ന് ഞാൻ തരാം! ദൈവത്തോട് പോലും ഒരു കച്ചവട മ:നസ്ഥിതി.

ഇപ്പോൾ യാക്കോബ് ഹാരാനിലേക്ക് വരുന്നു. ഉല്പത്തി 29: 9 - 11-ൽ റാഹേൽ അവനെ കണ്ടുമുട്ടിയതെങ്ങനെയായിരുന്നുവെന്ന് നാം വായിക്കുന്നു. ദൈവത്തിന്റെ ശിക്ഷണം വീണ്ടും നാം കാണുന്നു, വീടുവിട്ടിറങ്ങുന്നതിനുമുമ്പ് അവൻ കഠിനനായിരുന്നു; യാക്കോബിന്റെ മനോഭാവം അവനെ ദാരിദ്ര്യത്തിലേക്ക് നയിച്ചു. വീണ്ടും ദൈവം അവനെ സ്പർശിക്കുകയും ശിക്ഷിക്കുകയും ചെയ്തു. ഒരു മാസം മുഴുവൻ യാക്കോബ് തന്റെ ബന്ധുവീട്ടിൽ അതിഥിയായിരുന്നു (29:14). അതിന്റെ ശേഷം ലാബാൻ അവനോടു: നീ എന്റെ സഹോദരൻ ആകയാൽ വെറുതെ എന്നെ സേവിക്കണോ? പറയൂ... നിന്റെ കൂലി എന്തായിരിക്കും? ലാബാനിലെ ആതിഥേയൻ, സ്റ്റാറ്റസ് മാറ്റം പ്രഖ്യാപിക്കുകയായിരുന്നു. ലാബാനും യാക്കോബിനും കച്ചവട ചിന്തകൾ ഉണ്ടായിരുന്നു എന്നതാണ് വസ്തുത. യാക്കോബിന്റെ ജീവിതത്തിലെ പരുപരുത്ത പല സ്വഭാവങ്ങളും ഉരച്ചുകളയാൻ ഉണ്ടായിരുന്നു. ലാബാനോടൊത്തുള്ള വാസത്തിൽ ദൈവം അത് നിവർത്തിച്ചു.

ഒരേ തരത്തിലുള്ള രണ്ട് പേർ കണ്ടുമുട്ടുകയും ഒരുമിച്ച് ജീവിക്കുകയും ചെയ്യുമ്പോൾ ധാരാളം സംഘർഷങ്ങളുണ്ട്! ലാബാന് ആദ്യം യാക്കോബ് എന്റെ 'അസ്ഥിയും മാംസവും' ആയിരുന്നു. ഇപ്പോൾ, 'നിങ്ങൾ ജോലിചെയ്യുക, ഞാൻ നിങ്ങൾക്ക് പണം തരാം. വെറുതെ ഇവിടെ ജീവിക്കാൻ പറ്റില്ലല്ലോ'എന്ന മാന്യമായ അവതരണം. സ്വന്തം വീട്ടിൽ യാക്കോബ് ഒരു മകനായിരുന്നു; എല്ലാം അവന്റേതായിരുന്നു. ഇപ്പോൾ യാക്കോബ് ഒരു വേലക്കാരനും ഇടയനുമായി.. അവന്റെ അമ്മാവൻ കഠിനമായി ജോലിചെയ്യിക്കുന്നവനായിരുന്നു.. ഒരിക്കൽ കൂടി ദൈവത്തിന്റെ ശാസനയുടെ കരം പ്രവർത്തിച്ചു.

ബാലശിക്ഷകൾ ഇനിയും വരാനുണ്ടായിരുന്നു. തന്റെ ആദ്യ പ്രണയിനിയായ റാഹേലിനു വേണ്ടി യാക്കോബ് ലാബാനെ ഏഴുവർഷം സേവിച്ചു. തുടർന്ന് ലാബാൻ അവനെ ചതിച്ചു! പകരം അവന് ലേയയെ കൊടുത്തു. യാക്കോബ് ലാബാന്റെ രണ്ട് പെൺമക്കൾക്കുവേണ്ടി പതിനാലു വർഷം സേവിച്ചു. അവൻ ആടുകളെ മേയ്ക്കാൻ പുറപ്പെട്ടു, ലാബാൻ തന്റെ കൂലി പത്തു പ്രാവശ്യം മാറ്റി. അങ്ങനെ യാക്കോബ് അച്ചടക്കത്തിന്റെ തീയിൽ അകപ്പെട്ടു, പരീക്ഷിക്കപ്പെട്ടു, എന്നാൽ ദൈവത്തിന്റെ കൈ എപ്പോഴും അവനോടു കൂടെ ഉണ്ടായിരുന്നു. യാക്കോബിനെ വീട്ടിലേക്ക് തിരികെ കൊണ്ടുവരുമെന്ന് ദൈവം വാഗ്ദാനം ചെയ്തിരുന്നു.

ലാബാന് യാക്കോബിനെപ്പോലെ പദ്ധതിയും ആസൂത്രണവും ചെയ്യാനാകും; യാക്കോബിനുപോലും സമ്പത്തുണ്ടാക്കുവാൻ വേണ്ടി താൻ ആസൂത്രണം ചെയ്ത പദ്ധതികൾ നടപ്പിലാക്കുവാൻ ബുദ്ധിമുട്ടായിരുന്നു. എന്നിട്ടും എങ്ങനെയൊക്കെയോ അവൻ അത് കൈകാര്യം ചെയ്തു. സ്വന്തം ആട്ടിൻകൂട്ടത്തെ വർധിപ്പിക്കാനും അമ്മാവന്റെ ചെലവിൽ തന്റെ സമ്പത്ത് വർധിപ്പിക്കാനും അദ്ദേഹം ദീർഘവും ശ്രദ്ധാപൂർവവും പദ്ധതികൾ ആസൂത്രണം ചെയ്തു. ഒടുവിൽ യാക്കോബ് ദൈവത്തിന്റെ കരം തിരിച്ചറിഞ്ഞു. വർഷങ്ങളുടനീളം അവൻ ദൈവത്തിന്റെ നാമം പരാമർശിച്ചില്ലെങ്കിലും, യോസഫിന്റെ ജനനത്തോടെ, അവൻ സ്വദേശത്തെക്കുറിച്ച് ചിന്തിച്ച് മടങ്ങിവരാൻ ശ്രമിച്ചു. എന്നാൽ ഇപ്പോൾ അയാൾക്ക് രക്ഷപ്പെടാൻ കഴിയുന്നില്ല. വാസ്തവത്തിൽ ലാബാനെപ്പോലെയുള്ള ഒരു മനുഷ്യനോടൊപ്പം നീണ്ട ഇരുപതു വർഷക്കാലം തുടരാൻ അവൻ നിർബന്ധിതനായിരുന്നു.

ദൈവത്തിന്റെ കൈ ചെയ്യുന്നത് എല്ലാം ശരിയാണ്. **പ്രതികൂലസാഹചര്യങ്ങൾ നമ്മുടെ നന്മയ്ക്കുള്ള ദൈവത്തിന്റെ നിയമനമാണ്, നമ്മിൽ ശക്തമായി വേരുറച്ച ജഡസ്വഭാവങ്ങളെ ദുർബലപ്പെടുത്താൻ!** യാക്കോബിന്റെ ജീവിതാവസാനത്തിൽ നാം ഇത് വ്യക്തമായി കാണുന്നു.

ഇപ്പോൾ നാം കുറച്ചുകാലത്തേക്ക് പലതരത്തിലുള്ള പ്രലോഭനങ്ങളിൽ ദു:ഖിതരായേക്കാം. വിശ്വാസത്തിന്റെ പരിശോധനയിൽ നാം വിജയിക്കുമ്പോൾ അത് നശിക്കുന്ന സ്വർണ്ണത്തേക്കാൾ വിലയേറിയതെന്നു ഗ്രഹിക്കും. വിശ്വാസിയുടെ ജീവിതത്തിൽ യാദൃശ്ചികമായി ഒന്നുമില്ല. അതെല്ലാം മുന്നമേ അളന്നു തിട്ടപ്പെടുത്തിയതാണ്.ദൈവികശിക്ഷണത്തെ നാം സ്വാഗതം ചെയ്യുന്നില്ലായിരിക്കാം. എന്നാൽ അത് നമ്മെ അവന്റെ വിശുദ്ധിയിൽ പങ്കാളികളാക്കാനുള്ള പദ്ധതി പ്രകാരമാണ്. •



സുജ വിനു

# മൂത്തപുത്ര മനഃസ്ഥിതി...

**മു**റ്റത്തൊരു പൂ വിരിഞ്ഞാൽ പറന്നെത്തുന്ന ചിത്രശലഭങ്ങളെ ശ്രദ്ധിച്ചിട്ടുണ്ടോ? ഈ പൂമ്പാറ്റകളുടെ വീട് എവിടെയെന്ന്, പൂക്കൾ വിടർന്ന വിവരം എങ്ങനെയാണ് അവ അറിയുന്നതെന്ന് ചിന്തിച്ചിട്ടുണ്ടോ? ശിശിരവും ഗ്രീഷ്മവും കൃത്യമായി ഗണിച്ച് രാജ്യാന്തര സഞ്ചാരം നടത്തുന്ന ദേശാടനക്കിളികളുടെ അതിജീവന ക്ഷമതയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ? സമയമാപിനികളും വഴികാട്ടി യന്ത്രങ്ങളും ഇല്ലാതെ അവ താണ്ടുന്ന ദൂരങ്ങളുടെ കൃത്യത.... അതിശയകരമായ ജൈവിക പ്രതിഭാസങ്ങൾ ...

കാഴ്ചയുടെ അതിസാധാരണത്വം കൊണ്ട് അസാധാരണത്വം നഷ്ടപ്പെട്ടുപോയ ഇത്തരം അനേകം അത്ഭുതങ്ങൾ ചിതറിക്കിടപ്പുണ്ട്. നമ്മുടെ ജീവിതത്തിൽ കേൾവിയുടെ അതിപരിചയം കൊണ്ട് അർത്ഥതലങ്ങൾ നഷ്ടപ്പെട്ടുപോയ ഒരുപാട് ഉപദേശങ്ങൾ. ദൈവവചനത്തിൽ ലോക സൃഷ്ടി മുതൽ ബുദ്ധിക്ക് തെളിവായി വെളിപ്പെട്ടു വരുന്ന പ്രപഞ്ചസത്യങ്ങളെ നിരീക്ഷിക്കാനോ ദൈവിക ജ്ഞാനത്തെ മഹത്വപ്പെടുത്താനോ തുനിയാറില്ല മനുഷ്യൻ പലപ്പോഴും. മറ്റുള്ളതെല്ലാം വിറ്റ്, ഒറ്റയൊന്നിനുവേണ്ടി വില കൊടുക്കാൻ തയ്യാറാകുമ്പോൾ മാത്രം ലഭിക്കുന്ന വചനത്തിലെ മറഞ്ഞിരിക്കുന്ന ഗുപ്തനിധികൾക്ക് വേണ്ടി തിരയാനോ ദൈവിക രഹസ്യങ്ങളെ അറിയാനോ വ്യഗ്രതയുമില്ല മനുഷ്യന് പലപ്പോഴും.

പറഞ്ഞുപറഞ്ഞ്, കേട്ട് കേട്ട് പഴകിയ പ്രമാണങ്ങൾ. മനുഷ്യമനസ്സിനെ മാനസാന്തരമെന്ന മേൽത്തരം രുചിയനുഭവത്തിലേക്ക് നയിക്കാൻ കഴിയുന്ന പുതിയ ആശയതലങ്ങളെ ഉൾക്കൊള്ളാൻ കഴിയാത്ത തോൽക്കുടങ്ങളായി മാറ്റുന്നു. മറ്റൊരു വായനയെ അസാധ്യമാക്കുമാറ്, ഒരേ വ്യാഖ്യാനരൂപത്തിൽ പിന്നെയും പിന്നെയും പറയപ്പെടുന്ന ബൈബിൾ ഭാഗങ്ങളിൽ ഒന്നാം സ്ഥാനം ഒരുപക്ഷേ ധൂർത്ത പുത്രന്റെ ഉപമയ്ക്കായിരിക്കും. ചെറിയ ക്ലാസുകളിൽ പഠിച്ച പെരുക്കപ്പട്ടിക പോലെ കാണാപ്പാഠം ആയിട്ടുള്ള ഈ ഉപമയെ പറ്റി ഇനിയും എന്ത് പറയാൻ എന്ന് ചുളിയുണ്ടാകും, ധിഷണയുടെ ചില നെറ്റിത്തടങ്ങൾ!

ബൈബിളിൽ അധ്യായങ്ങളും തലക്കെട്ടുകളുമെല്ലാം പിന്നീടാണല്ലോ ചേർക്കപ്പെടുന്നത്. ഒറ്റയൊന്നായി ചേർത്തുവയ്ക്കേണ്ട ചിലതെല്ലാം ചിതറിക്കപ്പെട്ടുപോയി ഈ വിഭാഗീകരണത്തിൽ. ആരോട്, എന്തിനെപ്പറ്റി, ഏതു സന്ദർഭത്തിൽ എന്നീ വസ്തുതകളെ ചേർത്തുവച്ചുകൊണ്ട്, ധൂർത്ത പുത്രന്റെ ഉപമ ആ പേര് മുതൽ മറ്റൊരു സമീപനം ആവശ്യപ്പെടുന്നു എന്ന് പറയാൻ ശ്രമിക്കുകയാണിവിടെ.

ചുങ്കക്കാർക്കും പാപികൾക്കുമൊപ്പം ഭക്ഷണത്തിനിരിക്കുന്ന യേശുവിനെ കുറ്റപ്പെടുത്തുന്ന പരീശന്മാരെയും ശാസ്ത്രിമാരെയുമാണ് യേശു അഭിസംബോധന ചെയ്യുന്നത്. 'നിങ്ങളിൽ ഒരാൾക്ക് നൂറ് ആട് ഉണ്ടെന്നിരിക്കട്ടെ അവയിൽ ഒന്ന് നഷ്ടപ്പെട്ടു പോയാൽ...' എന്ന് പറഞ്ഞു തുടങ്ങുമ്പോൾ നൂറിലൊന്നിനുവേണ്ടി അതായത് ഒരംശത്തിനു വേണ്ടി 99 നെയും റിസ്ക് ചെയ്യാൻ തയ്യാറാവുന്ന യഹൂദ ഭൗതിക ബോധമാണ് പരാമർശിക്കപ്പെടുന്നത്. പത്തിൽ ഒന്ന്, അതായത്

ദശാംശത്തിനു വേണ്ടി വീട് അടിച്ചുവാരി വിളക്ക് തെളിച്ച് അന്വേഷിക്കുന്ന സ്ത്രീ ഇതേ ഭൗതിക മനോഭാവത്തിന്റെ പ്രതിനിധിയാണ്.

'നിങ്ങളിൽ ആരാണ്' എന്ന ചോദ്യം യേശു ഉന്നയിക്കുന്ന മറ്റൊരു സന്ദർഭവും ഇവിടെ പ്രസക്തമാണ്. ശബത്തിൽ രോഗസൗഖ്യം നൽകുന്ന യേശുവിന്റെ 'നിയമവിരുദ്ധത' ചോദ്യം ചെയ്യുന്ന പരീശ, ശാസ്ത്രി നീതിബോധത്തെയാണ് യേശു അവിടെയും വിമർശിക്കുന്നത്. നിങ്ങളിൽ ആരാണ് ശബത്തിൽ വളർത്തുമൃഗത്തെ തൊഴുത്തിൽ നിന്ന് അഴിച്ചു കെട്ടാത്തതെന്നും, കിണറ്റിൽ വീണാൽ വലിച്ചുകയറ്റാത്തതെന്നും ചോദിക്കുമ്പോൾ ആടുമാടു സമ്പന്നതയിൽ അധിഷ്ഠിതമായ യഹൂദമതത്തിനെതിരെയുള്ള വിരൽ ചൂണ്ടലാണത്. ഒരു ശതമാനം മൃഗത്തിനു വേണ്ടിയും, പത്തു ശതമാനം നാണയത്തിനു വേണ്ടിയും സാഹസികമായി പോലും അന്വേഷിക്കാൻ തയ്യാറുള്ളവർ പക്ഷേ, രണ്ടിലൊന്ന് എന്നുവച്ചാൽ 50 ശതമാനം മക്കൾ നഷ്ടപ്പെടുന്നതിൽ വ്യഗ്രതപ്പെടുന്നില്ലെന്നു മാത്രമല്ല, മടങ്ങി വരുമ്പോൾ സന്തോഷിക്കാൻ പോലും തയ്യാറാകുന്നില്ല.

ആത്മീയതയെ നിയമാനുഷ്ഠാനത്തിൽ കുരുക്കിയിടുകയും, സമ്പത്തിന് മുന്നിൽ അതിനെ അടിയറ വയ്ക്കുകയും ചെയ്യുന്ന യഹൂദ കപടമനസ്സിന്റെ നേർപ്രതീകമാണ് ഉപമയിലെ മൂത്തപുത്രൻ എന്നു മനസ്സിലാക്കുമ്പോഴാണ് ഉപമ അർത്ഥപൂർണ്ണമാകുന്നത്. ചങ്ങാതികളും ആയി ആനന്ദിക്കാൻ നീ എനിക്കൊരു ആട്ടിൻകുട്ടിയെ പോലും തന്നിട്ടില്ല എന്ന്, ആഗ്രഹങ്ങളെ അമർഷത്തോടെ ഉള്ളിലടക്കിവയ്ക്കുന്ന മൂത്തപുത്രൻ താൻ തന്നെ എന്ന് ഒരു പരീശനും അറിയാതെ പോകുന്നു, നമ്മളും. 'നിന്റെ കൽപനകൾ ഇത്രകാലമായി ലംഘിച്ചിട്ടില്ല' എന്ന് പ്രമാണാനുസരണത്തിന്റെ നീതിയെ ഉയർത്തിക്കാട്ടുന്ന മൂത്തപുത്രൻ താനാണെന്ന് ഒരു ശാസ്ത്രിയും മനസ്സിലാക്കുന്നില്ല, നമ്മളും.

ആചാരാനുഷ്ഠാനങ്ങളുടെയും സത്പ്രവർത്തികളുടെയും സ്വയനീതി പേറുന്ന മൂത്തപുത്രമന:സ്ഥിതിയുടെ നേരെയുള്ള വായനക്കാരന്റെ ചോദ്യം ചെയ്യലിനെ, മുടിയൻ പുത്രന്റെയും അവനെ പിതാവിന്റെ സകല സമ്പന്നതയിലേയ്ക്കും കൈക്കൊള്ളുന്ന പിതാവിന്റെ സ്നേഹമെന്നും മാത്രം ലളിതവൽക്കരിക്കുമ്പോൾ, അനുവാചകന് മൂത്തപുത്രനുമായുള്ള താദാത്മ്യപ്പെടൽ സാധ്യമാകാതെ പോകുന്നു. പിതാവിന്റെ സ്വത്തിൽ പാതി ചോദിച്ചു വാങ്ങി അത് മുഴുവൻ വ്യഭിചാരിണി അഥവാ സ്വൈരിണികൾക്കൊപ്പം ചിലവിട്ട്, പന്നികളുടെ ആഹാരം എങ്കിലും ആഗ്രഹിക്കുവോളം അധ:പ്പതിച്ചിട്ടില്ലെന്ന ധാർമ്മികബോധവും, ദൈവം സ്നേഹിക്കുന്ന പിതാവ് എന്നത് തനിക്കറിയാനാവുമെന്ന അഹംബോധം ചേർന്ന ശരാശരി ക്രിസ്ത്യാനിബോധത്തിന്, മൂത്തപുത്രനോടാണ് താൻ ഉപമിക്കപ്പെട്ടിരിക്കുന്നതെന്ന് മനസ്സിലാവുന്നില്ല. അതുകൊണ്ട് തന്നെ സുബോധത്തിലേക്കൊരു മടങ്ങിവരവുണ്ടാകുന്നുമില്ല. അതായതു പരീശനെക്കാളും ശാസ്ത്രീയെക്കാളും ഇന്നത്തെ നല്ല പങ്കു ക്രിസ്ത്യാനിയും ഒട്ടും ഭേദമല്ലെന്നു അർഥം.

**എനിക്കുള്ളതെല്ലാം നിനക്കുള്ളതെന്ന സത്യം തിരിച്ചറിയാത്ത, ആ സത്യത്താൽ സ്വതന്ത്രനാക്കപ്പെടാത്ത അടിമയാണ് മൂത്തവൻ ഇപ്പോഴും. കൽപ്പനാനുസരണത്തിന്റെയും ആചാരാനുഷ്ഠാങ്ങളുടെയും അടിമ. മാനസാന്തരം അഥവാ വീണ്ടും ജനനമെന്ന അടിസ്ഥാന ക്രിസ്തീയബോധം ആവശ്യമായിരിക്കുന്നത്.**

അപ്പാ എന്നു വിളിച്ച് ഇളയമകൻ തിരിച്ചുപിടിക്കുന്ന പുത്രത്വമാണ് മൂത്തവന് നഷ്ടമാകുന്നത്. എനിക്കുള്ളതെല്ലാം നിനക്കുള്ളതെന്ന സത്യം തിരിച്ചറിയാത്ത, ആ സത്യത്താൽ സ്വതന്ത്രനാക്കപ്പെടാത്ത അടിമയാണ് മൂത്തവൻ ഇപ്പോഴും. കൽപ്പനാനുസരണത്തിന്റെയും ആചാരാനുഷ്ഠാങ്ങളുടെയും അടിമ.

മാനസാന്തരം അഥവാ വീണ്ടുംജനനമെന്ന അടിസ്ഥാന ക്രിസ്തീയബോധം ആവശ്യമായിരിക്കുന്നത് നിക്കോദേമോസിനെ പോലെ, മൂത്തപുത്രനെ പോലെ, നമ്മെപ്പോലെ 'നീതിമാന്മാരായ പാപി'കൾക്കാണ് എന്നുകൂടി വായിക്കുമ്പോൾ മാത്രമേ ധൂർത്തപുത്രന്റെ ഉപമ നമ്മുടേത് കൂടി ആവുന്നുള്ളൂ. ഈ തിരിച്ചറിവിൽ നിന്നുകൊണ്ടുള്ള ഒരു മടങ്ങിവരവിൽ മാത്രമേ നഷ്ടപ്പെടാത്ത '99'ആടുകളേക്കാൾ കൂടുതൽ സന്തോഷം സ്വർഗ്ഗത്തിൽ ഉണ്ടാവുകയുള്ളു. •





എൽസി ജോയ്

# വിശ്വാസപ്രഖ്യാപനത്തിന്റെ മൂല്യം...!

***അമ്മയെ ഉപേക്ഷിക്കാനോ മടങ്ങിപ്പോകാനോ എന്നെ നിർബന്ധിക്കരുത്. അമ്മ പോകുന്നേടത്ത് ഞാനും പോകും; അമ്മ താമസിക്കുന്നേടത്ത് ഞാനും താമസിക്കും. അമ്മയുടെ ജനം എന്റെ ജനവും അമ്മയുടെ ദൈവം എന്റെ ദൈവവും ആയിരിക്കും. അമ്മ എവിടെ മരിക്കുന്നോ അവിടെ ഞാനും മരിച്ച് അടക്കപ്പെടും. മരണത്താൽ അല്ലാതെ മറ്റൊന്നിനാലും ഞാൻ അമ്മയെ ഉപേക്ഷിച്ചുപോയാൽ... (രൂത്ത് 1:16,17)***

നാളെകളിലേയ്ക്ക് നോക്കി വേവലാതിപ്പെടുകയും ഉത്ക്കണ്ഠപ്പെടുകയും നിരാശപ്പെടുകയും ചെയ്യുന്നവർ അനേകരാണ്. അങ്ങനെയുള്ളവരിൽ പ്രത്യാശയുടെ തിരിനാളം കൊളുത്തുവാൻ കഴിയുന്ന ചിന്തകളാണ് നവോമിയുടെയും രൂത്തിന്റെയും ദുരന്താനുഭവങ്ങൾ. അവരുടെ അതിജീവനത്തിന്റെ കഥ ആർക്കും പ്രചോദനം ഏകുന്നതാണ്. ഈ കദനകഥയുടെ പിമ്പിൽ നവോമിയും ചില വിഷയങ്ങളിൽ കുറ്റാരോപിതയാണ്. ജീവിതത്തെത്തന്നെ പാടെ തകർക്കാവുന്ന ഈ ദുരന്തത്തിൽ മരുമക്കൾക്കു അവരുടെ ഭർത്താക്കന്മാർ നഷ്ടപ്പെട്ടപ്പോൾ, നവോമിക്ക് നഷ്ടപ്പെട്ടത് സ്വന്തം ഭർത്താവിനെയും രണ്ടു ആണ്മക്കളെയുമാണ്. ഈ അഗ്നിശോധനയുടെ മധ്യത്തിൽ ജീവനുള്ള ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചു, പതറാതെ കുലുങ്ങാതെ നിന്ന നവോമിയുടെ വിശ്വാസവും ദൈവിക ഇടപെടലുകളും ആണ് രൂത്തിന്റെ ജീവിതത്തിൽ വലിയ വഴിത്തിരിവായി പരിണമിച്ചത്.

രാവും പകലും മാറിമാറി വരുന്നതു പോലെ അപ്രതീക്ഷിത സംഭവങ്ങൾ നേരിടുന്നത് ഈ ലോകത്തിന്റെ പ്രത്യേകതയാണ്. അതിനാൽ എല്ലാവരും തങ്ങളുടെ ജീവിതത്തിൽ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ അപ്രതീക്ഷിത സംഭവങ്ങളിലൂടെ കടന്നു പോകേണ്ടതുണ്ട്. രൂത്തിന്റെ പ്രതീക്ഷ തകർക്കുന്ന സംഭവങ്ങളാണ് തന്റെ വിവാഹാനന്തരം കുടുംബത്തിൽ സംഭവിച്ചത്. ആ വീട്ടിലെ പുരുഷപ്രജകൾ മുഴുവൻ മരിച്ചതിനാൽ തങ്ങൾ മരുമക്കൾ രണ്ടു പേരും, മാതാവും വിധവമാരായി. അങ്ങനെ വിധവമാർ മാത്രമുള്ള ഒരു കുടുംബം! വാസ്തവമായി ആ ഭവനം ഒരു വിലാപ ഭവനം ആയിത്തീർന്നു. പരസ്പരം മുഖാമുഖം നോക്കി കരയുവാനും സഹതപിക്കുവാനും മാത്രമേ അപ്പോൾ അവർക്ക് കഴിഞ്ഞുള്ളൂ. തീവ്രമായ നിരാശയിൽ (Depression)അകപ്പെട്ടു പോകുവാൻ ഇത് മതിയായതായിരുന്നു. പക്ഷേ ആ മൂന്നു വിധവമാരും അന്യോന്യം ആശ്വസിപ്പിച്ച് ആ പരിതസ്ഥിതിയിൽ നിലനിന്നു. അവർ പിടിച്ച പിടിവള്ളി ദൈവാശ്രയം ആയിരുന്നു. അപ്രതീക്ഷിത സംഭവങ്ങളുടെയോ പ്രശ്നങ്ങളുടെയോ ആഘാതത്തിൽ നാം തകരരുത്. ഏത് സാഹചര്യത്തിലും ദൈവത്തെ മറുകെപ്പിടിച്ച് അതിജീവിക്കണം.

**സ്വയം പഴിക്കരുത്:**

വിപരീത ജീവിതസാഹചര്യങ്ങളിൽ അകപ്പെടുമ്പോൾ സ്വയം പഴിക്കുന്നന്നവരുണ്ട്. അത്തരത്തിലുള്ളവർ ആകാതിരിക്കുക. പഴിക്കുന്നതിനു പകരം ആർജ്ജവത്തോടെ പ്രതിബന്ധങ്ങളെ നേരിടുക. ദൈവത്തിങ്കലേക്ക് നോക്കി ധൈര്യപ്പെടുക. രൂത്ത് അപ്രകാരം ചെയ്തു. പ്രശ്നങ്ങളുടെ കാരണം മറ്റ് ആരുടെയെങ്കിലും തലയിൽ കെട്ടിവയ്ക്കുക എന്നത് പൊതുവേ കണ്ടുവരുന്ന ഒരു തെറ്റായ പ്രവണതയാണ്. പ്രശ്നങ്ങളിൽ നിന്നും ഒളിച്ചോടുവാൻ ശ്രമിക്കാതെ നാം ആയിരിക്കുന്ന സാഹചര്യം മനസ്സിലാക്കുക. പ്രശ്നങ്ങളിൽ നിന്നും കരകയറുവാൻ ഒരു വഴി ദൈവം കാണിച്ചു തരും എന്ന് വിശ്വസിക്കുകയും, പ്രാർത്ഥനയിൽ ദൈവമുഖം അന്വേഷിക്കുകയും ചെയ്യുക. തന്റെ അമ്മായിയമ്മയെയോ ആ കുടുംബക്കാരെയോ അവരുടെ ജാതിയെയോ ഒന്നും രൂത്ത് പഴിച്ചില്ല. മറിച്ച് അമ്മായിയമ്മയെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തു. അമ്മായിയമ്മയുടെ ദൈവത്തെ കൂടുതൽ അടുത്തറിയുവാനും ദൈവത്തിൽ പൂർണ്ണഹൃദയത്തോടെ ആശ്രയിക്കുവാനും അവൾ തീരുമാനിച്ചു. തന്നെക്കുറിച്ച്ദൈവത്തിന് ഒരു പദ്ധതി ഉണ്ടെന്നും അത് നിറവേറുവാൻ ക്ഷമയോടെ കാത്തിരിക്കേണം എന്നും രൂത്ത് മനസ്സിലാക്കിക്കാണും. ദൈവത്തെ കാത്തിരിക്കുന്ന ഒരുത്തനും ലജ്ജിച്ചുപോവുകയില്ല (സങ്കീർത്തനം25:3) എന്നാണല്ലോ തിരുവചനം.

**പരീക്ഷയെ അതിജീവിക്കുക:**

രൂത്തിനും ഓർപ്പയ്ക്കും അവരവരുടെ വീട്ടിലേയ്ക്കും ദേവന്മാരുടെ അടുത്തേയ്ക്കും മടങ്ങിപ്പോകുവാൻ നവോമി അവസരം കൊടുത്തു. വാസ്തവത്തിൽ നവോമി അവരെ പ്രോത്സാഹിപ്പിച്ചതും മടങ്ങിപ്പോകുവാനായിരുന്നു. മടങ്ങിപ്പോകുവാൻ ശക്തമായ പരീക്ഷയാണ് ഇരുവർക്കും ഉണ്ടായത്. രൂത്തിന് തന്റെ വീട്ടിലേക്ക് അധികം ദൂരം പോകേണ്ടതില്ല. എന്നാൽ അമ്മായിയമ്മ ദൂരദേശത്തേക്കാണ് പോകുന്നത്. ആ യാത്ര കൂടുതൽ ദുർഘടം ഉള്ളതാണ്. മോവാബിലാണ് തുടരുന്നതെങ്കിൽ സ്വന്തം വീട്, സ്വജാതി, സ്വസംസ്കാരം എന്നിവയിൽ തുടരാം. പുതുതായി പൊരുത്തപ്പെടേണ്ടതായിട്ട് ഒന്നുമില്ല. നവോമിയുടെ കൂടെ പോയാൽ ലഭിക്കാവുന്ന സ്വീകാര്യതയോ, പുതുതായി പൊരുത്തപ്പെടേണ്ടവയെക്കുറിച്ചുള്ള ഉത്ക്കണ്ഠയോ ഒന്നും അവളെ അലട്ടിയില്ല. എന്നാൽ രൂത്ത് എളുപ്പവഴിയല്ല തെരഞ്ഞെടുത്തത്. പ്രത്യുത ശരിയായ വഴിയാണ്. അവളുടെ കൺമുമ്പിൽ ആണ് ഓർപ്പ തിരിച്ചു പോയത്. രൂത്തിനെ മടങ്ങിപ്പോകുവാൻ നവോമി വളരെ നിർബന്ധിച്ചിട്ടും അവൾ മടങ്ങിപ്പോയില്ല. മടങ്ങിപ്പോകുവാൻ ഇത്ര അധികം സമ്മർദ്ദം നേരിട്ടുവെങ്കിലും അവൾ മടങ്ങി പോകാൻ വിസമ്മതിച്ചു. ദൈവത്തിലുള്ള വിശ്വാസത്തിൽ ഉറച്ചുനിന്നു. ഏത് സാഹചര്യത്തിലും രൂത്തിനെപ്പോലെ വിശ്വാസത്തിൽ ഉറച്ചു നിൽക്കുക. പിന്മാറ്റത്തിനുള്ള പ്രേരണ ഉണ്ടാകുന്നുണ്ടോ? ആത്മികതയിൽ ഏതെങ്കിലും തരത്തിലുള്ള നിസംഗത ഭരിക്കുന്നുണ്ടോ? പിന്മാറ്റം എളുപ്പമാണ്, പക്ഷേ അത് അപകടകരമാണ്. മടങ്ങിവരവിനുള്ള സാധ്യത ഇല്ലാതാക്കുന്ന തീരുമാനങ്ങളും കൃത്യങ്ങളും പൂർണ്ണമായും ഒഴിവാക്കണം. ആകയാൽ പിന്മാറുവാൻ വിസമ്മതിക്കുക. കർത്താവിലാശ്രയിച്ചാൽ മുമ്പിലുള്ള ദുർഘടങ്ങളെ തരണം ചെയ്യുവാൻ കർത്താവ് ശക്തി പകർന്നു തരും.

**കർത്താവിൽ ആശ്രയിച്ചാൽ ലജ്ജിക്കയില്ല:**

രൂത്ത് പൂർണ്ണഹൃദയത്തോടെ കർത്താവിൽ ആശ്രയിച്ചത് നിമിത്തം ഭാവനയിൽപ്പോലും കാണുവാൻ കഴിയാത്ത മഹത്തായ അനുഗ്രഹമാണ് അവൾക്കു ലഭിച്ചത്. പിന്മാറിപ്പോയ ഓർപ്പയും വിശ്വാസത്തിൽ ഉറച്ചുനിന്ന രൂത്തും തമ്മിലുള്ള അന്തരം ധ്രുവങ്ങളുടെ അകലത്തിലാണ്. കർത്താവിന്റെ മുഖത്തേക്ക് നോക്കുന്നവർ ലജ്ജിച്ചു പോവുകയില്ല എന്നത് എന്നും നിലനിൽക്കുന്ന സത്യമാണ്. ഭാവി നശിച്ചു എന്ന് എല്ലാവരും വിധി എഴുതിയ രൂത്തും, ദൈവത്തിൽ ആശ്രയിച്ചതിനാൽ യേശുകർത്താവിന്റെ വംശാവലിയിൽ പേര് ചേർക്കപ്പെട്ട മാതാമഹിയായി കാണപ്പെടുന്നു. അതുകൊണ്ട് ഇന്നത്തെ പ്രതികൂലങ്ങളും തടസ്സങ്ങളും കണ്ടു ഭയപ്പെടരുത്. പരിഹാസങ്ങളെയും കുറ്റപ്പെടുത്തലുകളെയും നോക്കി പരിഭ്രമിക്കരുത്. പൂർണ്ണഹൃദയത്തോടെ ദൈവത്തിലാശ്രയിക്കുക മാത്രം ചെയ്യുക. ദൈവം എല്ലാം അവിടുത്തെ സമയത്ത് നന്നായി ചെയ്യുന്നു.

രൂത്തിന്റെ ജീവിതാനുഭവങ്ങളും അസാധ്യമെന്നു പരിഗണിക്കാവുന്ന മേഖലയിലേക്ക് കടന്നു കയറുവാൻ ദൈവാശ്രയത്തിലെടുത്ത തീരുമാനങ്ങളും, **നിന്റെ ദൈവം എന്റെ ദൈവം എന്ന അവളുടെ ഉറച്ച വിശ്വാസപ്രഖ്യാപനവും നമുക്ക് എത്രയോ ഗുണപാഠങ്ങളും ദൂതുകളുമാണ് നൽകുന്നത്.** അവ നമുക്കും സ്വായത്തമാക്കുവാൻ ദൈവം സഹായിക്കട്ടെ. ●

## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ



ജോയ് എം. തോമസ്

# ധനവാനും ദൈവരാജ്യവും

***യേശു തന്റെ ശിഷ്യന്മാരോട്: ധനവാൻ സ്വർഗരാജ്യത്തിൽ കടക്കുന്നതു പ്രയാസം തന്നെ എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനെക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം എന്നും ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. അതു കേട്ടു ശിഷ്യന്മാർ ഏറ്റവും വിസ്മയിച്ചു: എന്നാൽ രക്ഷിക്കപ്പെടുവാൻ ആർക്കു കഴിയും എന്നു പറഞ്ഞു. യേശു അവരെ നോക്കി: അതു മനുഷ്യർക്ക് അസാധ്യം എങ്കിലും ദൈവത്തിനു സകലവും സാധ്യം എന്നു പറഞ്ഞു. പത്രൊസ് അവനോടു: ഞങ്ങൾ സകലവും വിട്ടു നിന്നെ അനുഗമിച്ചുവല്ലോ; ഞങ്ങൾക്ക് എന്തു കിട്ടും എന്നു ചോദിച്ചു. യേശു അവരോടു പറഞ്ഞത്: എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ പുനർജ്ജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ടു സിംഹാസനത്തിൽ ഇരുന്നു യിസ്രായേൽഗോത്രം പന്ത്രണ്ടിനും ന്യായം വിധിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. എന്റെ നാമംനിമിത്തം വീടുകളെയോ സഹോദരന്മാരെയോ സഹോദരികളെയോ അപ്പനെയോ അമ്മയെയോ മക്കളെയോ നിലങ്ങളെയോ വിട്ടുകളഞ്ഞവന് എല്ലാം നൂറു മടങ്ങു ലഭിക്കും; അവൻ നിത്യജീവനെയും അവകാശമാക്കും.എങ്കിലും മുമ്പന്മാർ പലർ പിമ്പന്മാരും പിമ്പന്മാർ മുമ്പന്മാരും ആകും (മത്തായി 19 : 23 - 30)***

നിത്യജീവൻ പ്രാപിക്കുവാൻ എന്ത് നന്മ ചെയ്യണമെന്ന് ചോദിച്ചു തന്റെ അടുക്കൽ വന്ന യൗവനക്കാരനോട് 'നീ ചെന്ന് നിനക്കുള്ളത് വിറ്റ് ദരിദ്രർക്ക് കൊടുക്ക, എന്നാൽ സ്വർഗ്ഗത്തിൽ നിനക്ക് നിക്ഷേപം ഉണ്ടാകും, പിന്നെ വന്ന് എന്നെ അനുഗമിക്ക (മത്തായി 19:21) എന്ന് യേശു പറഞ്ഞു. എന്നാൽ യേശു പറഞ്ഞത് ആ യൗവനക്കാരന് സ്വീകാര്യമായില്ല. അവൻ വളരെ സമ്പത്തുള്ളവനായിരുന്നതിനാൽ യേശുവിന്റെ വചനം കേട്ടിട്ട് ദു:ഖിതനായി മടങ്ങിപ്പോയി. ഈ സന്ദർഭത്തിൽ 'യേശു തന്റെ ശിഷ്യന്മാരോട് ധനവാൻ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത് പ്രയാസം തന്നെ എന്ന് ഞാൻ സത്യമായിട്ടും നിങ്ങളോട് പറയുന്നു'. ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം എന്നും ഞാൻ നിങ്ങളോട് പറയുന്നു എന്നു പറഞ്ഞു

ധനത്തോടുള്ള ഒരു മനുഷ്യന്റെ മനോഭാവം നിർണായകമാണ്. യേശുവിന്റെ അടുക്കൽ വന്ന യൗവനക്കാരന് അവന്റെ ധനം വിട്ടുപിരിയാൻ പറ്റാത്ത നിലയിൽ എല്ലാം എല്ലാമായിരുന്നു. ധനത്തോടുള്ള അവന്റെ മനോഭാവം മാറിയാൽ മാത്രമേ അവനു കർത്താവിനെ അനുഗമിക്കുവാൻ മനസ്സുണ്ടാകുമായിരുന്നുള്ളൂ.

നിങ്ങൾക്ക് രണ്ട് യജമാനന്മാരെ, അതായത് പണത്തെയും (മാമോൻ) ദൈവത്തെയും സേവിക്കുവാൻ കഴിയുകയില്ല എന്ന് കർത്താവ് പറഞ്ഞത് വളരെ പരമാർത്ഥമാണ്. ഒരുവനെ വിട്ട് മറ്റവനോട് പറ്റിച്ചേരും എന്ന് കർത്താവ് പറഞ്ഞത് ഈ യൗവനക്കാരനിൽ യാഥാർത്ഥ്യമായി തീർന്നു. അവൻ യേശുവിനെ തിരസ്കരിക്കുകയും അവന്റെ ധനത്തെ മുറുകെപ്പിടിക്കുകയും ചെയ്തു. യേശുവിനെ സർവ്വശ്രേഷ്ഠനായി മഹത്ധനമായി കാണുവാൻ അവന് കഴിഞ്ഞില്ല. ഈ യൗവനക്കാരൻ 'ധനവാൻ' ആയിരിക്കേണ്ടതിന് 'ധനത്തെ' മുറുകെ പിടിക്കുന്നവരുടെ പ്രതിനിധിയാണ്. ഇപ്രകാരമുള്ള ധനവാനു സ്വർഗ്ഗരാജ്യത്തിൽ കടക്കുവാൻ കഴിയുകയില്ല എന്ന് കർത്താവ് തീർത്തു പറഞ്ഞു.

ഒട്ടകം സൂചിക്കുഴയിലൂടെ കടക്കില്ല എന്നത് എല്ലാവർക്കും അറിയാവുന്ന പരമാർത്ഥമാണ്. കർത്താവ് ഇത് ഒരു സാദൃശ്യമായിട്ടാണ്(Metaphor) പറയുന്നത്. ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നത് 'എത്ര അസാധ്യം എന്നത് മനസ്സിലാക്കുവാനാണ് കർത്താവ് ഈ സാദൃശ്യം ഉപയോഗിച്ചത്. ശിഷ്യന്മാർക്ക് അത് മനസ്സിലായി. അവർ അത് കേട്ട് വിസ്മയിച്ചു എന്നാണ് നാം വായിക്കുന്നത്. കാരണം അവർ അങ്ങനെ ചിന്തിച്ചിരുന്നില്ല.ഇതുവരെയുള്ള അവരുടെ ധാരണയ്ക്ക് എതിരായിരുന്നു കർത്താവ് പറഞ്ഞ ആ പരമാർത്ഥം... അപ്പോൾ അവരിൽ സംശയം ഉണർന്നു, കർത്താവിനോട് അവർ ചോദിക്കുന്നു: 'എന്നാൽ രക്ഷിക്കപ്പെടുവാൻ ആർക്ക് കഴിയും? കാരണം ധനം വിട്ടു പിരിയുവാൻ ആർക്കും കഴിയില്ല. അതുകൊണ്ട് രക്ഷിക്കപ്പെടുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്.

യേശു അവർക്ക് കൊടുത്ത മറുപടി നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. 'അത് (ധനത്തെ വിട്ടു പിരിയുന്നത്) മനുഷ്യർക്ക് അസാധ്യമെങ്കിലും ദൈവത്തിന് സകലവും സാധ്യമെന്ന് പറഞ്ഞു'. പണത്തിലും പദവിയിലും ആശ്രയം അർപ്പിക്കുന്ന ധനവാന് രക്ഷ (ദൈവകോപത്തിൽ നിന്നും) പ്രാപിക്കുവാൻ കഴിയുകയില്ല. രക്ഷിക്കുന്നത് ദൈവമാണ്. ദൈവത്തിൽ പൂർണ്ണ ആശ്രയം അർപ്പിക്കുന്നവർ മാത്രമേ രക്ഷിക്കപ്പെടുകയുള്ളൂ. ദൈവത്തിൽ പൂർണ്ണ ആശ്രയം അർപ്പിക്കുന്നവനെ ദൈവം സഹായിക്കുന്നു. അവന് വിട്ടുപിരിയുവാൻ ബുദ്ധിമുട്ടുള്ള ദ്രവ്യാഗ്രഹത്തിൽ നിന്നും അടിമപ്പെടുത്തിയിരിക്കുന്ന മറ്റെല്ലാ കാര്യങ്ങളിൽ നിന്നും വിടുതൽ പ്രാപിക്കുവാൻ ദൈവം കൃപ നൽകി സഹായിക്കും. 'വിശ്വസിക്കുന്നവന് സകലവും കഴിയും' എന്നാണല്ലോ കർത്താവ് അരുളിച്ചെയ്തിരിക്കുന്നത് ( മർക്കോസ് 9:23)

യേശുവിന്റെ അടുക്കൽ വന്ന യൗവനക്കാരൻ സ്വയത്തിലും തന്റെ പണത്തിലും പ്രതാപത്തിലും ആശ്രയിച്ച് നല്ല പ്രവർത്തി ചെയ്യുവാൻ ആഗ്രഹിച്ചവനായിരുന്നു. നല്ലവനായ ദൈവത്തിനു മാത്രമേ നന്മ പ്രവർത്തിക്കുവാൻ കഴിയുകയുള്ളൂ എന്നത് കർത്താവ് അവനെ ഓർമ്മപ്പെടുത്തി. പാപിയായ മനുഷ്യന്റെ നീതിപ്രവർത്തികൾ എല്ലാം 'കറപുരണ്ട തുണി പോലെ' ആണ് എന്നതാണ് യാഥാർത്ഥ്യം (യെശയ്യാവ് 64: 6). മാത്രമല്ല കൽപ്പനകൾ എല്ലാം പ്രമാണിച്ചു വരുന്ന 'നീതിമാൻ' ആയാണ് അവൻ അവനെത്തന്നെ കണ്ടിരുന്നത്. അവന് ഒരു മാനസാന്തരം അത്യാവശ്യമായിരുന്നു. പണവും പ്രതാപവും അവൻ ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. പാപിയാണെന്ന് സമ്മതിച്ചു രക്ഷകനായ ക്രിസ്തുവിനെ അംഗീകരിച്ച് നീതീകരണം പ്രാപിക്കുവാൻ ദൈവത്തിൽ പൂർണ്ണ വിശ്വാസവും ആശ്രയവും അവൻ അർപ്പിക്കണമായിരുന്നു. തുടർന്ന് കർത്താവിനെ അനുഗമിക്കുവാൻ അവൻ സമർപ്പിതനാകണമായിരുന്നു. നിത്യജീവന്റെ അവകാശി ആയിത്തീരുവാൻ അഥവാ രക്ഷിക്കപ്പെടുവാനുള്ള വഴി അത് മാത്രമാണ്.

മനുഷ്യർക്ക് അസാധ്യം (മനുഷ്യ ചിന്തയിൽ അസാധ്യം) എങ്കിലും ദൈവത്തിനു സകലവും സാധ്യമെന്നു കർത്താവ് പറഞ്ഞപ്പോൾ പത്രോസിന് അത് നന്നായി ബോധ്യപ്പെട്ടു. പത്രോസ് പറയുന്നു: 'ഞങ്ങൾ സകലവും വിട്ടു നിന്നെ അനുഗമിച്ചല്ലോ' പത്രോസും കൂട്ടാളികളും എല്ലാം യേശുവിനെ കർത്താവും ഗുരുവുമായി സ്വീകരിച്ച് അനുഗമിക്കുന്നതിന് സകലവും വിട്ടവരാണ്. അവർക്ക് എല്ലാറ്റിലും വലുത് യേശു ആയിരുന്നു. അപ്രകാരം കർത്താവിനെ അനുഗമിക്കുന്നവർക്കുള്ള പ്രതിഫലം എന്തായിരിക്കും എന്ന് അറിയുവാൻ പത്രോസിന് ജിജ്ഞാസ ഉണ്ടായി. പത്രോസ് അത് കർത്താവിനോട് തുറന്നു ചോദിച്ചു. കർത്താവ് അവന് വ്യക്തമായ മറുപടിയും നൽകി. 'എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ പുനർജ്ജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും 12 സിംഹാസനത്തിൽ ഇരുന്ന് ഇസ്രായേൽ ഗോത്രം പന്ത്രണ്ടിനും ന്യായം വിധിക്കും എന്ന് ഞാൻ സത്യമായിട്ടും നിങ്ങളോട് പറയുന്നു'.

**കർത്താവിനായി സഹിച്ച കഷ്ടത പ്രശംസയായും, നഷ്ടം ലാഭമായും, നിന്ദ മാന്യതയായും തീരും എന്നത് എത്ര സന്തോഷകരമാണ്. ഈ ലോകത്തിലെ ജീവിതം ഏറ്റവും ചുരുങ്ങിയ സമയത്തേക്ക് മാത്രം ആകയാൽ ഇവിടെ ലഭിക്കുന്ന എല്ലാ നേട്ടങ്ങളും പദവികളും ബഹുമാനങ്ങളും അല്പ സമയത്തേക്ക് മാത്രം ഉള്ളവ ആണ്.**

കർത്താവിനെ അനുഗമിക്കുന്നവർക്കുള്ള പ്രതിഫലം ലഭിക്കുന്നത് നിത്യതയിലാണ്. ദുഷ്ടനായ പിശാചിന്റെ അധീനതയിൽ കിടക്കുന്ന ഈ ലോകത്തിലെ നമ്മുടെ അല്പായുസിലല്ല യഥാർത്ഥ പ്രതിഫലം നാം പ്രാപിക്കുന്നത്. കർത്താവ് രാജാവായി വാഴുന്ന തന്റെ രാജ്യത്തിൽ നാം അവനോടു കൂടി വാഴുന്നതാണ് നമുക്കുള്ള പദവി. ഈ ലോകത്തിലെ പദവികളുടെയും പേരിന്റെയും പുറകെ പോകാതെ ക്രിസ്തുവിന്റെ നിന്ദ ചുമന്നാൽ ക്രിസ്തുവിന്റെ രാജ്യത്തിൽ നാം മാനിക്കപെടും. 12 ഇസ്രായേൽ ഗോത്രത്തെയും കർത്താവിനോടൊത്തിരുന്ന് ന്യായം വിധിക്കാനുള്ള ഭാഗ്യം തന്റെ പന്ത്രണ്ട് അപ്പോസ്തോലന്മാർക്കും കർത്താവ് വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ 12 പേരും ഇസ്രായേൽ പശ്ചാത്തലത്തിൽ നിന്നും മശിഹായെ തിരിച്ചറിഞ്ഞ് വിശ്വസിച്ചവരും സകലവും വിട്ട് യേശുകർത്താവിനെ അനുഗമിച്ചവരും ആണ്. കർത്താവിനെ അനുഗമിച്ചതിന്റെ പേരിൽ സ്വജാതിക്കാരിൽ നിന്നും അവർ പീഡനവും നിന്ദയും ഏറ്റുവാങ്ങിയവരാണ്. അന്ന് അവർ മശിഹായോടു കൂടെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ മശിഹായെ തിരസ്കരിച്ച യഹൂദാജനം ലജ്ജിതരായിത്തീരും.

കർത്താവ് തുടർന്നു: 'എന്റെ നാമം നിമിത്തം വീടുകളെയോ, സഹോദരന്മാരെയോ, സഹോദരികളെയോ, അപ്പനെയോ, അമ്മയെയോ, മക്കളെയോ, നിലങ്ങളെയോ വിട്ടു കളഞ്ഞവനെല്ലാം നൂറുമടങ്ങ് ലഭിക്കും. അവർ നിത്യജീവനെയും അവകാശമാക്കും'. കർത്താവിനായി സഹിച്ച കഷ്ടത പ്രശംസയായും, നഷ്ടം ലാഭമായും, നിന്ദ മാന്യതയായും തീരും എന്നത് എത്ര സന്തോഷകരമാണ്. ഈ ലോകത്തിലെ ജീവിതം ഏറ്റവും ചുരുങ്ങിയ സമയത്തേക്ക് മാത്രം ആകയാൽ ഇവിടെ ലഭിക്കുന്ന എല്ലാ നേട്ടങ്ങളും പദവികളും ബഹുമാനങ്ങളും അല്പസമയത്തേക്ക് മാത്രം ഉള്ളവ ആണ്. എന്നാൽ കർത്താവ് തന്റെ രാജ്യത്തിൽ, തന്നെ അനുഗമിച്ചവർക്ക് നൽകുന്നതെല്ലാം നിത്യമാണ്. കാരണം അവർ അവിടെ നിത്യജീവനെ സ്വന്തമാക്കുന്നു! നിത്യമായി ജീവിക്കുന്നവർക്ക് ലഭിക്കുന്നതെല്ലാം നിത്യമാണ്. മാത്രമല്ല ഈ അല്പായുസിൽ കർത്താവിനെ അനുഗമിക്കുന്നതിന് അവർ വിട്ടുകളഞ്ഞതെല്ലാം 100 മടങ്ങ് പ്രാപിക്കും എന്നാണ് കർത്താവ് വാഗ്ദാനം നൽകുന്നത്. നൂറുമടങ്ങ് ലഭിക്കുന്ന ഒരു ബിസനസും ലോകത്തിൽ കാണില്ല. കർത്താവ് 100 മടങ്ങ് എന്ന് പറയുന്നത് 'നമുക്ക് സങ്കൽപ്പിക്കുവാൻ സാധ്യമല്ലാത്ത നിലയിൽ' എന്നാണ് അർത്ഥമാക്കുന്നത്. അതുകൊണ്ട് പൗലോസ് പറയുന്നു: 'നമ്മിൽവെളിപ്പെടുവാനുള്ള തേജസ് വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്ന് ഞാൻ എണ്ണുന്നു' (റോമർ 8:18). എത്ര വാസ്തവം! കർത്താവിന്റെ രാജ്യത്തിൽ കർത്താവിനോട് കൂടിയുള്ള നമ്മുടെ ജീവിതം അതിശ്രേഷ്ഠമായതാണ്. ബന്ധങ്ങൾ ശ്രേഷ്ഠമായത്, ലഭിക്കുന്നതെല്ലാം അതിശ്രേഷ്ഠമായത്. അതിനെ വിവരിക്കുവാൻ വാക്കുകൾ ഇല്ല. നമ്മുടെ ഗ്രഹണശക്തിയിൽ അറിയുവാൻ കഴിയുന്നതിലും എത്രയോ മടങ്ങ് അതിശ്രേഷ്ഠം!

യഥാർത്ഥമായും കർത്താവിന്റെ ശ്രേഷ്ഠത മനസ്സിലാക്കുന്നവരും, നിത്യജീവന്റെ വില അറിയുന്നവരും എല്ലാം വിട്ടു കർത്താവിനെ അനുഗമിക്കും. അവർ ഭോഷന്മാരല്ല, ബുദ്ധിമാന്മാർ! അവർ നഷ്ടപ്പെടുത്തുകയല്ല, നേടുകയാണ് ചെയ്യുന്നത്!

'എങ്കിലും മുമ്പന്മാർ പലരും പിമ്പന്മാരും, പിമ്പന്മാർ മുമ്പന്മാരും ആകും. മറ്റൊരു പരമാർത്ഥം കൂടി കർത്താവ് വെളിപ്പെടുത്തുന്നു. കർത്താവ് പ്രതിഫലം നൽകുമ്പോൾ മുമ്പന്മാർ എന്ന് സ്വയം ചിന്തിച്ചു കൊണ്ടിരുന്നവർ ചിലപ്പോൾ പിമ്പന്മാരായി തള്ളപ്പെടും. പ്രതിഫലം വാങ്ങുമ്പോൾ, പിമ്പന്മാർ എന്നു ആരെക്കുറിച്ച് കരുതിയോ അവർ മുമ്പന്മാരും ആയിത്തീരും. അതുകൊണ്ട് മറ്റുള്ളവരെ വിധിക്കാതെ, വിലയിരുത്തി അളക്കാതെ, ഓരോരുത്തരും സ്വയം വിലയിരുത്തി ഏകാഗ്രഹൃദയത്തോടെ കർത്താവിനെ അനുഗമിക്കണം.

■

രണ്ടു കാര്യങ്ങൾ ഇവിടെ ഓർക്കണം: ഒന്ന് ഒട്ടിക്കുന്ന ലേബലുകൾ സത്യമായിരിക്കണം. ലേബലുകൾ തിരിച്ചൊട്ടിച്ചാലും ദാഹിച്ചു വരുന്ന മനുഷ്യൻ വിഷംകുടിച്ചു മരിക്കും. ഇന്ന് മതങ്ങളും പള്ളികളുമൊക്കെ ധാർമികതയുടെ ലേബലുകൾ തിരിച്ചൊട്ടിച്ച് മനുഷ്യനെ മരണത്തിലേക്കു നയിക്കുന്നു. ഇവിടെയാണ് 'സത്യസുവിശേഷ'ത്തിന്റെ പ്രസക്തി! ജീവൻ നല്കുന്നത് യേശു മാത്രം! മറ്റെല്ലാം വ്യാജ ലേബലുകൾ...

ഇനി ശരിയായ ലേബലുകൾ വായിക്കുന്നവൻ തന്നെ, ശരിയായ രീതിയിൽ വായിച്ചില്ലെങ്കിലും പ്രശ്നമുണ്ടാകും! ആഫ്രിക്കയിൽ, ടാൻസാനിയയിലും മൊസാംബിക്കിലും മാറിമാറി യാത്ര ചെയ്യുമ്പോൾ അവിടുത്തെ ഭാഷ പലപ്പോഴും എനിക്കു കുഴച്ചിലുണ്ടാക്കാറുണ്ട്. മൊസാംബിക്കിലെ സംസാരഭാഷ പോർച്ചുഗീസാണ്. ടാൻസാനിയയിലേത് സ്വാഹീലിയും! പോർച്ചുഗീസിൽ പഴച്ചാറിന് 'സൂകൊ' എന്നാണ് പറയുക. എന്നാൽ മൊസാംബിക്കുകാർ 'സൂമൊ' എന്നു പറയും. എന്നാൽ സ്വാഹിലിയിൽ 'സൂമൊ' എന്നാൽ വിഷം എന്നാണ്. മൊസാംബിക്കുകാരൻ ടാൻസാനിയയിൽ വന്നാൽ വിഷക്കുപ്പിയിൽ 'സൂമൊ' എന്നെഴുതിയിരിക്കന്നതു വായിച്ച് അതെടുത്തു കുടിച്ചാലോ? അയാൾ ആത്മാർഥതയോടെയാണ് കാര്യം ചെയ്യുന്നതെങ്കിലും മരണമായിരിക്കും ഫലം!

അപ്പോൾ ലേബൽ ശരിയായാൽ മാത്രം പോരാ; വായിക്കുന്നയാൾ എങ്ങനെ മനസ്സിലാക്കുന്നുവെന്നതും വിഷയമാണ്. യേശുവാണ് ജീവൻ! എന്നാൽ യേശുവിനെ നിങ്ങൾ എങ്ങനെ വായിക്കുന്നു? തിരുവെഴുത്തുകളെ നിങ്ങൾ എങ്ങനെ മനസിലാക്കുന്നു? അപ്പോൾ ജീവൻ ലഭിക്കണമെങ്കിൽ ലേബൽ ശരിയായിരിക്കണം; വായിക്കുന്നവൻ ലേബൽ എഴുതിയവന്റെ മനസ്സോടെ വായിക്കണം... എന്നാൽ മൂന്നാമതൊരു പ്രതിസന്ധി കൂടെയുണ്ട്: ലേബൽ വായിക്കുന്നവൻ അത് വിശ്വസിക്കണം, അനുസരിക്കണം.

ഇക്കാര്യത്തിലാണു പ്രധാനമായും യെഹൂദന്മാർക്ക് പിഴവു പറ്റിയത്. അരുളപ്പാടുകൾ ദൈവം അവരുടെ പക്കൽ ഭരമേല്പിച്ചു. എന്നാൽ ചിലർ വിശ്വസിച്ചില്ല (റോമർ 3: 3), ചിലർ അല്ല, മിക്കവരും വിശ്വസിച്ചില്ല എന്നതാണു യാഥാർത്ഥ്യം.

**ഇന്ന് മതങ്ങളും പള്ളികളുമൊക്കെ ധാർമികതയുടെ ലേബലുകൾ തിരിച്ചൊട്ടിച്ച് മനുഷ്യനെ മരണത്തിലേക്കു നയിക്കുന്നു. ഇവിടെയാണ് 'സത്യസുവിശേഷ'ത്തിന്റെ പ്രസക്തി! ജീവൻ നല്കുന്നത് യേശു മാത്രം! മറ്റെല്ലാം വ്യാജലേബലുകൾ...**

പൗലൊസ് ഇവിടെ ഒന്നു മയപ്പെടുത്തി പറഞ്ഞെന്നേയുള്ളൂ. എന്നാൽ, തുടർന്ന് "നീതിമാൻ ആരുമില്ല. ഒരുത്തൻ പോലുമില്ല" (റോമർ 3: 10) എന്നു പൗലൊസ് പറയുന്നു.

"ചിലർ വിശ്വസിച്ചില്ല" (റോമർ 3: 3) എന്നതുകൊണ്ടു ദൈവം എല്ലാവരെയും ഉപേക്ഷിക്കുമോ? ചിലരുടെ അവിശ്വസ്തത കണ്ടിട്ട് ദൈവം തന്റെ 'വിശ്വസ്തത' ഉപേക്ഷിക്കുമോ? ഒരുനാളും ഇല്ല (റോമർ 3: 3). ന്യായപ്രമാണം പൂർണമായും അനുസരിക്കുന്ന ഒരാളുണ്ടായിരുന്നെങ്കിൽ ദൈവം തീർച്ചയായും അയാളെ അംഗീകരിച്ചേനേ എന്നാണ് എന്റെ ചിന്ത. എന്നാൽ എന്തുചെയ്യാം! അങ്ങനെ ആരും ഭൂമിയിൽ ഇല്ലാതെപോയി. "എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു" (റോമർ 3: 12).

യിസ്രായേലിനോടുള്ള ദൈവത്തിന്റെ ഉടമ്പടി നിലനിർത്താൻ ദൈവം തയ്യാറായിരുന്നു... ദൈവം സത്യവാൻ (റോമർ 3: 4). എന്നാൽ എന്തു ചെയ്യാം, ദൈവത്തിന്റെ സത്യത്തെ –ഉടമ്പടിയെ– ഒരാൾപോലും പൂർണമായി അനുസരിച്ചില്ല! സകലമനുഷ്യരും ഭോഷ്കുപറഞ്ഞു, ഉടമ്പടി തെറ്റിച്ചു (റോമർ 3: 4). ദൈവം ന്യായം വിധിക്കുമ്പോൾ ദൈവിക ഉടമ്പടിയെ ഞാൻ പൂർണമായി അംഗീകരിച്ചിട്ടും ദൈവം എന്നെ തള്ളിക്കളഞ്ഞുവെന്ന് ആർക്കും പറയാൻ കഴിയില്ല! "ന്യായവിസ്താരത്തിൽ എപ്പോഴും ജയിക്കുന്നത്" (റോമർ 3:4) ദൈവം തന്നെയായിരിക്കും! "അങ്ങനെ ഏതു വായും അടഞ്ഞു പോകും" (റോമർ 3: 19).

എന്നാൽ ദൈവം നീതിമാൻ മാത്രമല്ല,

കരുണയുള്ളവനുമാണ്! ന്യായപ്രമാണം അനുസരിക്കാൻ ശക്തിയില്ലാതിരുന്ന മനുഷ്യന് ദൈവം മറ്റൊരു രക്ഷാമാർഗം ഒരുക്കിക്കൊടുത്തു- വിശ്വാസത്തിന്റെ മാർഗം! വിശ്വസിക്കുന്ന എല്ലാവർക്കും യേശുക്രിസ്തുവിങ്കലെ വിശ്വാസത്താലുള്ള ദൈവനീതി...(റോമർ 3: 21).ഈ നീതിയുടെ വെളിപ്പാട് ന്യായപ്രമാണത്തിൽ ത്തന്നെ ഉണ്ടായിരുന്നു എന്ന് പൗലൊസ് പറയുന്നു (റോമർ 3: 22). അതുകൊണ്ട് "അരുളപ്പാടുകൾ" ലഭിച്ച യെഹൂദർ തീർച്ചയായും മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ ഭാഗ്യവാന്മാരാണ്. എന്നാൽ ഇതിനെ ഒരു പദവിയായല്ല, ഉത്തരവാദിത്വമായി നാം കാണണം.

ന്യായപ്രമാണം പാപത്തിന്റെ പരിജ്ഞാനം നൽകിയത് കൊണ്ടാണ് നമ്മിലെ പാപത്തെ കാണാൻ നമുക്കു കഴിഞ്ഞത്. മൊസാംബിക്കിൽ "ഡെറി" എന്ന സ്ഥലത്ത് പാസ്റ്റർമാർക്കായി ഞാൻ ക്ലാസുകൾ എടുക്കുമ്പോൾ അവിടെ അഞ്ചിൽ മൂന്നു പാസ്റ്റർമാർക്കു മാത്രമേ വേദപുസ്തകം സ്വന്തമായിട്ടുണ്ടായിരുന്നുള്ളൂ. പാവങ്ങളാണവർ... അവരുടെ സ്വന്തംഭാഷയിൽ വേദപുസ്തകമില്ലതാനും. പലർക്കും പോർച്ചുഗീസ് വായിക്കാനറിയില്ല. അപ്പോൾ ഞാനോർത്തു; ദൈവമേ, സ്വന്തഭാഷയിൽ വേദപുസ്തകമുള്ളവർ എത്ര ഭാഗ്യവാന്മാർ! ദൈവത്തിന്റെ അരുളപ്പാടുകളെ അറിയാൻ അവർക്കു കഴിയുന്നല്ലോ.

"മുറുമ്പാല"എന്ന മറ്റൊരു സ്ഥലത്ത് യോഗത്തിനെത്തിയ പാസ്റ്റർ പറഞ്ഞത്: "മദ്യപാനി സ്വർഗരാജ്യം അവകാശമാക്കുകയില്ല" എന്ന് അയാൾ കേട്ടിട്ടേയില്ല എന്നാണ്. അയാളുടെ കൈയിൽ ഒരു പോർച്ചുഗീസ് ബൈബിളുണ്ട്. എന്നാൽ അയാൾ സംസാരിക്കുന്ന ഭാഷ "ചിസേന"യാണ്.

എനിക്കു ശരിക്കും സങ്കടം തോന്നി... എന്നാലപ്പോൾ തന്നെ ഞാൻ ചിന്തിച്ചു: സ്വന്തം ഭാഷയിൽ വിവിധ തർജമകളിൽ ബൈബിൾ കയ്യിലുണ്ടായിരുന്നിട്ടും തിരുവെഴുത്തിലെ സത്യങ്ങൾ അറിയുകയും അംഗീകരിക്കുകയും ചെയ്യാത്തവരെപ്പറ്റി എന്തു പറയണം?

തിരുവെഴുത്തുകൾ നമുക്കു സമീപസ്ഥമാണെന്നതു പദവിക്കപ്പുറത്ത് ഉത്തരവാദിത്തമാണ്. ക്രിസ്തീയ കുടുംബത്തിൽ ജനിച്ചുവളരാൻ ഭാഗ്യം ലഭിച്ചുവെന്ന് വീമ്പുപറയുന്നവർ അങ്ങനെയൊരു ജന്മപശ്ചാത്തലം നമുക്കു നല്കിയ ഏറ്റവും വലിയ പദവി "തിരുവെഴുത്തുകളാ"ണെന്നു നാം തിരിച്ചറിഞ്ഞിട്ടുണ്ടോ? അത് ദൈവത്തിന്റെ അരുളപ്പാടുകൾ... ദൈവത്തിന്റെ സംസാരം; സംസർഗം... ദൈവം സംസാരിക്കുന്നത് നിങ്ങൾ കേൾക്കുന്നില്ലെങ്കിൽ "ക്രിസ്തീയകുടുംബത്തിൽ ജനിച്ചു വളർന്നതു" കൊണ്ട് നിങ്ങൾക്ക് പ്രത്യേകതയൊന്നുമില്ല.ക്രിസ്തീയകുടുംബത്തിൽ ജനിച്ചു എന്ന പശ്ചാത്തലം, പുകഴ്ച പറയുവാനുള്ളതല്ലെന്നും ഉത്തരവാദിത്വം നല്കുന്നതാണെന്നും നാം മനസിലാക്കണം. തിരുവചനം നമുക്ക് സമീപസ്ഥമായിരിക്കുന്നതിനാൽ ദൈവത്തിനു നന്ദി അർപ്പിക്കാം.! അതിനെ അക്ഷരമായല്ല, ദൈവശബ്ദമായി അനുഭവിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ.

■


STATEMENT OF OWNERSHIP AND OTHER PARTICULARS
ABOUT THE NEWSPAPER NERVEEDHI

**FORM 1V - SEE RULE 8**

| | | |
|---|---|---|
| 1. Place of publication | : | Kottayam |
| 2. Periodicity of the publication | : | Monthly |
| 3. Printer's Name | : | James M.T. |
| Whether citizen of India | : | Yes |
| Address | : | Mackal House<br>Amayannoor P.O<br>Kottayam 686019 |
| 4. Publisher's Name | : | James M.T. |
| Whether citizen of India | : | Yes |
| Address | : | As above |
| 5. Editor's Name | : | P.V. Varghese |
| Whether citizen of India | : | Yes |
| Address | : | Pylithanathu House<br>Amayannoor P O<br>Kottayam 686019 |

6. Name and Address of individuals who own the newspaper and partners or share holders holding more than one percent of total capital. The Newspaper is owned by Righteous Path Publication Trust.

Trustees:

1. Joykutty Mackal Thomas, Mackal House, Amayannoor P.O, Kottayam,Kerala 686019
2. James M.T., Mackal House, Amayannoor P.O, Kottayam Kerala 686019

I, James M.T., hereby declare that the particulars given above are true to the best of my knowledge and belief.

Kottayam
10-3-2024

Sd/-
Publisher

# അതീവശ്രദ്ധ അനിവാര്യം...

ഒരു പകൽ മുഴുവൻ കേരളത്തെ ആശങ്കയുടെ മുൾമുനയിൽ നിർത്തിയ, രണ്ടുവയസു കാരിയുടെ തിരോധാനത്തിന് ആശ്വാസപരിസമാപ്തി. 19 മണിക്കൂറിനുശേഷം കുഞ്ഞിനെ കണ്ടെത്തിയെങ്കിലും തന്ത്രപ്രധാനമായ സ്ഥലത്തു നിന്ന് തട്ടിക്കൊണ്ടുപോയതാരെന്ന തിൽ ദുരൂഹത തുടരുന്നു. ചാക്ക ശംഖുമുഖം റോഡിൽ ബ്രഹ്മോസിനും ഓൾസെയിന്റ്സ് കോളജിനുമിടയിലുള്ള ഒഴിഞ്ഞപറമ്പിൽ കുടിൽകെട്ടി താമസിക്കുന്ന നാടോടികളും ബിഹാർ സ്വദേശികളുമായ ദമ്പതികളുടെ മകളെയാണ് പുലർച്ചെ കാണാതായത്. പകൽ മുഴുവൻ നീണ്ട തെരച്ചിലിനൊടുവിൽ 19 മണിക്കൂറിനുശേഷം രാത്രി ഏഴരയോടെ ആറടി താഴ്ചയുള്ള ഓടയിൽനിന്നാണു പോലീസ് കുട്ടിയെ കണ്ടെത്തിയത്. പോലീസ് പരിശോധ ന ശക്തമായതോടെ തട്ടിക്കൊണ്ടുപോയവർ കുട്ടിയെ ഉപേക്ഷിച്ച് കടന്നുകളഞ്ഞതായാണു നിഗമനം. ഇന്ന് ഇത് ഒരു തുടർകഥയല്ലെ.....?

കുറ്റിക്കാടുകൾക്കിടയിലെ ഓടയിൽ കുടുങ്ങിക്കിടക്കുകയായിരുന്നു കുട്ടി. ഉടൻ പോലീസ് വാഹനത്തിൽ ജനറൽ ആശുപത്രിയിലേക്കു കൊണ്ടുപോയി. തുടർന്ന് വിദഗ്ധ പരിശോധനയ്ക്കായി എസ്.എ.ടി. ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇത്രയും ആഴമുള്ള ഓടയിൽ വീണിട്ടും കുഞ്ഞിനു കാര്യമായ പരിക്കുകളോ ഒരു പോറൽ പോലുമോ ഇല്ലെന്നു ഡോക്ടർമാർ അറിയിക്കുകയും ചെയ്തു. ഇത് ദുരൂഹതയുടെ ആഴം കൂട്ടുന്നു. ബിഹാർ സമ സ്തിപുർ സ്വദേശികളായ 11 അംഗ കുടുംബം കേരളം, കർണാടകം, ആന്ധ്രാപ്രദേശ്, തെലങ്കാന എന്നിവിടങ്ങളിൽ സഞ്ചരിച്ച് തേൻ വിറ്റ് ഉപജീവനം നടത്തുന്നവരാണ്. ഇത് പ്രിന്റുമീഡിയയിലും സോഷ്യൽമീഡിയയിലും ചില ദിവസങ്ങൾ നിറഞ്ഞു നിന്ന വാർത്ത യാണ്.

ഇത് ഒരു ഒറ്റപ്പെട്ട സംഭവമല്ല എന്നത് നമ്മെ നടുക്കുന്ന വസ്തുതയാണ്. ചില മാസങ്ങൾ ക്കു മുമ്പ് മാത്രമാണ് ട്യൂഷന് പോയ രണ്ടു കുട്ടികളെ പട്ടാപ്പകൽ തട്ടിക്കൊണ്ടു പോകു വാൻ ശ്രമിച്ചത്. എങ്കിലും മൂത്തയാളുടെ ചെറുത്തുനിൽപ്പ് നിമിത്തം ഒരാളെ മാത്രമേ അവർക്കു തട്ടിക്കൊണ്ടു പോകുവാൻ കഴിഞ്ഞുള്ളു. നാട്ടുകാരുടെയും പോലീസിന്റെയും തകൃതിയായ അന്വേഷണം നിമിത്തം കുട്ടിയെ ജനനിബിഡമായ ഒരു റോഡിലൂടെ ഓട്ടോറിക്ഷയിൽ കൊണ്ടുവന്നു ഒരു മൈതാനത്തിൽ ഉപേക്ഷിച്ചു കടന്നുകളഞ്ഞു. അനേക കുട്ടികളെ തട്ടിക്കൊണ്ടു പോയതിൽ ചിലരെ മാത്രമാണ് തിരികെ ലഭിച്ചത്. മറ്റു ചിലർ എവിടെയെന്നു ഇതുവരെയും യാതൊരു തുമ്പും ലഭിച്ചിട്ടില്ല എന്നത് എത്ര ഭയാനകമാണ്.

ഇതിന്റെ ഉദ്ദേശ്യങ്ങൾ പലതാകാം. അവയവക്കച്ചവടമോ, ഭിക്ഷാടനമോ, മനുഷ്യക്ക ടത്തോ ഇങ്ങനെ നീണ്ടുനീണ്ടു പോകുന്നു കാരണങ്ങൾ. അനേക കുടുംബങ്ങളെ കണ്ണീ രിലാഴ്ത്തിക്കൊണ്ടു നിർബാധം തുടരുന്ന ഈ ക്രൂരകൃത്യത്തിനു തടയിടുവാൻ അധികാ രികൾക്കോ സംവിധാനങ്ങൾക്കോ കഴിയാതെ പോകുന്നു എന്നതു വളരെ ലജ്ജാകരമാണ്. വളരെ ഗൗരവമായിക്കാണേണ്ടുന്ന ഈ പ്രതിഭാസം നിസാരവൽക്കരിക്കുകയാണോ എന്ന് പോലും സംശയിച്ചുപോകുന്നു. പലപ്പോഴും നാട്ടുകാരുടെയും പോലീസിന്റെയും ഉണർന്നും ഏകോപനത്തോടെയുമുള്ള പ്രവർത്തനമാണ് ചില കുട്ടികളെയെങ്കിലും തിരികെ ലഭിക്കു വാൻ കാരണമായത്. തന്ത്രപ്രധാന സ്ഥലങ്ങളിൽ നിന്നുള്ള സി സി ടി വി യിൽപ്പോലും ദൃശ്യങ്ങൾ ലഭ്യമായില്ല എന്നത് അധികാരികളുടെയും സംവിധാനങ്ങളുടെയും അനാസ്ഥ യല്ലേ? എല്ലാ കുഞ്ഞുങ്ങളുടെയും ജീവൻ അമൂല്ല്യമാണ്. ഒരു കുഞ്ഞു പോലും ഇത്തര ത്തിൽ നഷ്ട്ടപ്പെട്ടു കൂടാ. പഴുതടച്ച സംവിധാനങ്ങളും ക്രമീകരണങ്ങളും എത്രയും വേഗം പ്രാബല്യത്തിലാക്കുകയും തദ്വാരാ കുടുബങ്ങളെ കണ്ണീരിൽ നിന്നും മോചിതരും സുരക്ഷി തരും ആയി ജീവിക്കുവാൻ അധികാരികൾ ശ്രദ്ധിക്കുകയും വേണം. •

# നുറുക്കത്തിന്റെ സൗന്ദര്യം

ഹൃദയനുറുക്കത്തിന്റെ വഴിത്താരയിലൂടെ ഏകാന്തപഥികരായി ജീവിച്ച് സൗരഭ്യം പരത്തിയ പല വ്യക്തികളെയും തിരുവെഴുത്തിൽ കാണാം. അവരിൽ യാക്കോബ്, യോസേഫ്, ദാവീദ് എന്നിവർ വിജയഗാഥ എഴുതിച്ചേർത്ത പഴയനിയമ ഭക്തന്മാരിൽ പ്രധാനികളത്രെ. ഉപായവും ലോകസ്നേഹവും അമിത ധനേച്ഛയും കൂടപ്പിറപ്പുകളായിരുന്ന യാക്കോബിനെ യിസ്രയേലാക്കി മാറ്റുവാൻ സർവ്വശക്തൻ ഏറെ വർഷങ്ങൾ കാത്തുനിന്നു. കഠിന വ്യഥയുടെ നാളുകളിൽ യാക്കോബ് ഒരിക്കൽ ഇങ്ങനെ പറഞ്ഞു: 'നിങ്ങൾ എന്നെ മക്കൾ ഇല്ലാത്തവനാക്കുന്നു. യോസേഫ് ഇല്ല. ശിമയോൻ ഇല്ല, ബെന്യാമിനെയും നിങ്ങൾ കൊണ്ടുപോകും. സകലവും എനിക്ക് പ്രതികൂലം തന്നെ!' ഫലകരമായ ജീവിതത്തിലൂടെ യിസ്രയേൽചരിത്രത്തിൽ ശോഭിച്ച മറ്റൊരു ഗോത്രപിതാവ് ആയിരുന്നു യോസേഫ്. ചെയ്യാത്ത കുറ്റത്തിന് അപകീർത്തിയും തടവറയും സഹിച്ച യോസേഫിന്റെ ജീവിതവും കഠിന പരിശോധനയുടെയും നുറുക്കത്തിന്റെയും ഒറ്റയടിപ്പാതയായിരുന്നു. ദൈവീക പദ്ധതികളെ ഗ്രഹിച്ച്, തന്നെ പരിഹസിച്ച സഹോദരന്മാരോടുള്ള അതിരറ്റ സ്നേഹം വെളിപ്പെടുത്തുമ്പോൾ അവന്റെ കരച്ചിൽ ഉറച്ച നിലവിളിയുടെയും കണ്ണുനീരിന്റേതും ആയിരുന്നു. നുറുക്കത്തിന്റെ പാഠശാലയിലൂടെ ആയിരുന്നു യോസേഫ് തന്റെ സഹോദരന്മാർക്ക് പ്രഭുവായി തീർന്നത്.

അനുതാപത്തിന്റെയും ആത്മതപനത്തിന്റെയും നുറുക്കത്തിന്റെയും നാളുകളിൽ ദാവീദ് പാടി:

'ദൈവത്തിന്റെ ഹനനയാഗങ്ങൾ തകർന്നിരിക്കുന്ന മനസ്സ്,<br>
തകർന്നും നുറുങ്ങിയുമിരിക്കുന്ന ഹൃദയത്തെ<br>
ദൈവമേ, നീ നിരസിക്കുകയില്ല.'

ക്രിസ്തുവിന് വേണ്ടി ജീവിതം ഹോമിച്ച്, കമ്മ്യൂണിസ്റ്റ് ചൈനയിൽ രക്തസാക്ഷിയായി വീരചരമമടഞ്ഞ, വാച്ച്മാൻ നീ ഇപ്രകാരം അഭിപ്രായപ്പെട്ടു: 'നുറുക്കപ്പെടുന്ന ഒരു മനുഷ്യനെപ്പോലെ സൗന്ദര്യമുള്ള മനുഷ്യൻ വേറെ ഇല്ല'. മനോഹരമായ വെങ്കൽഭരണി പൊട്ടിച്ച് വിലയേറിയ സ്വച്ഛജടാമാംസിതൈലം ക്രിസ്തുവിന്റെ ശരീരത്തിൽ പൂശിയപ്പോൾ ബെഥാന്യയിലെ ശീമോന്റെ വീട്ടിൽ വ്യാപരിച്ച സൗരഭ്യം സുവിശേഷം പ്രസംഗിക്കുന്ന നാളോളം പ്രസരിച്ചുകൊണ്ടിരിക്കുന്നു!

ഉവ്വ്, തകർക്കപ്പെടുവാനും വളയ്ക്കപ്പെടുവാനും നുറുക്കപ്പെടുവാനും വിധേയപ്പെടുന്ന ഒരുവനെ മാത്രമേ മാനപാത്രമായി യജമാനനായ കുശവനു ഉപയോഗിക്കാനാവു. കഠിനഹൃദയവും കടുത്ത നെറ്റിയുമുള്ള യിസ്രയേലിനെ നന്നാക്കിയെടുക്കുവാൻ കഴിയാതെ കുശവൻ ഉടച്ചുകളഞ്ഞതും നാം വിസ്മരിക്കരുത്. നുറുക്കത്തിന്റെ സൗന്ദര്യത്തോടെ ഈ തലമുറയിൽ ജീവിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ.

**-എംസി**


**നേർവീഥി**

നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

**Bank Account Details:**

Righteous Path Publication Trust<br>
A/c No. 0315053000011215<br>
IFS Code: SIBL 0000315

SOUTH INDIAN Bank<br>
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.03.2024

NERVEEDHI - MARCH 2024
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No.
KL/KTM/150/2023-2025

ആർ.പി പബ്ലിക്കേഷൻസിൽനിന്നും
ചില ഉത്തമ ഗ്രന്ഥങ്ങൾ




വേദപുസ്തക ചരിത്രത്തിന്റെ പ്രാരംഭത്തിൽ
പരാമർശിക്കപ്പെട്ടിരിക്കുന്ന നാലു മഹതികളുടെ
ജീവിതം ആധുനിക വനിതകൾക്കുള്ള പാഠങ്ങളാക്കി
അവതരിപ്പിച്ചിരിക്കുകയാണ്

**ചതുർ മഹതികൾ**

എന്ന ഈ ഗ്രന്ഥത്തിൽ.
ദൈവദാസന്മാരുടെ ഭാര്യമാർക്കുള്ള സന്ദേശങ്ങൾ,
ഒരു ഉത്തമ കുടുംബിനിയുടെ ഉത്തരവാദിത്തങ്ങൾ,
ഗർഭാവസ്ഥയിലായിരിക്കുന്ന കുഞ്ഞിനെ മുതൽ
പ്രായപൂർത്തിയായ മക്കളെ വരെ സൂക്ഷ്മതയോടെ
പരിപാലിക്കാനുള്ള നിർദ്ദേശങ്ങൾ, അദൃശ്യ
മണവാളനായൊരുങ്ങുന്ന ഉത്തമ മണവാട്ടിയുടെ
ശ്രദ്ധാപൂർവ്വമായ ഒരുക്കത്തിനു സഹായിക്കുന്ന
നിർദ്ദേശങ്ങൾ എല്ലാം ഇതിൽ വായിച്ചെടുക്കാം.
ആത്മിക ശുശ്രൂഷാജീവിതത്തിൽ അനുഭവ സമ്പത്തുള്ള
അനുഗ്രഹീത ദൈവദാസി എൽസി ജോയ് രചിച്ച
ഈ ഗ്രന്ഥം വെറും പഠനക്കുറിപ്പുകളോ
പ്രബോധനങ്ങളോ എന്ന നിലയിൽ പരിമിതപ്പെടുന്നില്ല.
ക്രിസ്തീയ ജീവിതത്തിൽ ഫലംകായ്ക്കുന്നവരായി
വളരുവാൻ ആഗ്രഹിക്കുന്ന ഏവർക്കും
ഈ ഗ്രന്ഥം അനുഗ്രഹമാകും.

Vpa Id:qr.nerveedhi@sib
BHIM UPI
Scan and Pay using any UPI App

മരിക്കുമ്പോൾ എന്തു സംഭവിക്കുന്നു? മരിച്ചവർ എങ്ങോട്ടു പോകുന്നു?
ആശങ്ക വർധിപ്പിക്കുന്ന അനുമാനങ്ങളും ധാരണകളുമാണ് ലോകത്തിലെ
ചിന്തകന്മാർ നൽകുന്ന മറുപടി എന്നാൽ തിരുവചനം ഈ ചോദ്യങ്ങൾക്കു
വ്യക്തമായ മറുപടി നല്കുന്നു. വചനത്തിലുടനീളം ഈ അറിവുകൾ
വിലപ്പെട്ട മുത്തുകളായി ചിതറിക്കിടക്കുന്നു. അവയെ തിരഞ്ഞു കണ്ടെടുത്ത്
ചിട്ടപ്പെടുത്തിയ പാഠങ്ങളാക്കി നല്കിയിരിക്കുന്ന ആത്മിക പഠന ഗ്രന്ഥമാണ്

**പ്രത്യാശ മരണത്തിനപ്പുറം.**

ഈ പുസ്തകം ശ്രദ്ധയോടെ വായിച്ചാൽ അറിവു മാത്രമല്ല നിത്യതയ്ക്കായി
ഒരുങ്ങാനുള്ള പ്രേരണയും ലഭിക്കും എന്നതു സുനിശ്ചിതമാണ്.
പ്രിയപ്പെട്ടവരുടെ മരണം വരുത്തിയ മുറിവുകൾ ഉണങ്ങാനുള്ള
ഔഷധമായും ഇതിലെ പ്രത്യാശാവചനങ്ങൾ ഫലകരമായിത്തീരും.
അനുഗ്രഹീത ദൈവദാസൻ ജോയ് എം തോമസ് എഴുതിയ ഈ ഗ്രന്ഥം
ഈ വിഷയത്തിലുള്ള സംശയങ്ങൾക്ക് തൃപ്തികരമായ മറുപടിയാണ്.







ഇപ്പോൾ ലഭ്യമാണ്

ഉഷസ്സുതോറുമുള്ള വചന ധ്യാനം
അകത്തെ മനുഷ്യനു കരുത്തേകും
വർഷത്തിലെ ഓരോ ദിനവും
ധ്യാനിക്കുവാൻ പണ്ഡിതരായ
ദൈവ ദാസന്മാർ ശുപാർശ
ചെയ്യുന്ന ഉത്തമ ഗ്രന്ഥം.

എല്ലാ വിലകളും
പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക്:
Mob: 9495435336,8547916678

*Address for Communication :*

*NERVEEDHI,*
*Righteous Path Publication Trust*
*Mackal Building,*
*Oravakal, Amayannoor (P.O),*
*Kottayam, Kerala - 686019*
*Mob: 9495435336, 8547916678*
*www.nerveedhi.com*

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.